പ്രാദേശിക ഭരണനിർവഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

ഭാഗം 18

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശൂർ, കേരളം
പിൻ കോഡ് – 680 581

മാർച്ച് 2016

പ്രാദേശിക ഭരണനിർവഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

മാർച്ച് 2015

ചീഫ് എഡിറ്റർ
ഡോ. പി.പി. ബാലൻ
ഡയറക്ടർ, കില

എഡിറ്റർ
ഡോ.ജെ.ബി.രാജൻ
കോഴ്സ് ഡയറക്ടർ, കില

അസോസിയേറ്റ് എഡിറ്റർ
വി.ജി. ശശീധരൻ
ഹെൽപ്പ് ഡെസ്ക്, കില

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശൂർ 680 581, കേരളം
ഫോൺ : 04872207000 (ഓഫീസ്) 04872201312 (ഡയറക്ടർ),
2201312 (ഡപ്യൂട്ടി ഡയറക്ടർ), 2201062 (ഫാക്സ്)
ഇ-മെയിൽ : kilathrissur@gmail.com, mail@kilaonline.org
Website : www.kilaonline.org

ലേ ഔട്ട് & കവർ
രാജേഷ് താണിക്കുടം

അച്ചടി
കോ-ഓപ്പറേറ്റീവ് പ്രസ്സ്,
മുളങ്കുന്നത്തുകാവ്, 2200391, 9895566621

ആമുഖം

വികേന്ദ്രീകൃതആസൂത്രണ പ്രക്രിയ കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനത്തിനും അതുപോലെ ജനങ്ങളുടെ ആവശ്യങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിനും കാലാകാലങ്ങളിൽ സർക്കാർ നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചുവരുന്നു. ഇത്തരം ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഉപയോഗത്തിനായി 1 മുതൽ 13 വരെയുള്ള വോള്യൂങ്ങൾ കില പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ പ്രസിദ്ധീകരണം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഏറെ പ്രയോജനപ്രദമാണെന്ന് മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ട 2012 നുശേഷമുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ചുകൊണ്ട് 18 മുതൽ 20 വരെയുള്ള വോള്യൂങ്ങളായി പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിരിക്കുകയാണ്. ഈ പുസ്തകം തദ്ദേശസ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന എല്ലാവർക്കും ഏറെ പ്രയോജനമാകുമെന്ന് പ്രത്യാശിക്കുന്നു.

ഇതിന് മുൻകൈ എടുത്ത കിലയിലെ കോഴ്സ്ഡയറക്ടർ ഡോ.ജെ. ബി. രാജൻ,ഹെൽപ്പ് ഡെസ്ക് കൺവീനർ ശ്രീ. വി.ജി. ശശിധരൻ, കോർഡിനേറ്റർ ശ്രീ. സി. രാധാകൃഷ്ണൻ എന്നിവർക്കും ഇതുമായി സഹകരിച്ച എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾക്കും എന്റെ പ്രത്യേക അഭിനന്ദനം അറിയിക്കുന്നു.

ഡോ. പി.പി. ബാലൻ
ഡയറക്ടർ

12.05.2016

1.P\{]Xn\n[nIÄ

1.1.1	k.D.(km[m) 591/2014/Xkz`h	28.02.2014	{XnXe]©mb pIfnA ap³ P\{]Xn\n [nIÄ¡ XncnïdnbÂ ImÀU A\phZn¡p ¶Xn\pÅ A\paXn
1.1.2	k.D.(km[m) 2039/2014/Xkz`h	06.08.2014	PnAm]©mb {]knUapamcpsS ss{UhÀ þ HmhÀssSw tlmfntU Aeh³ kpIÄ þ A\phZnï D¯ch
1.1.3	kA¡peA \¼A 12163/Hu.`.`m.3/14/D.`.].h.	28.10.2014	kA¡mA hmI\§fnse t_mAUpIA aebmf¯nÂ IqSn {]ZÀin¸n¡p¶X kw_Ônï.
1.1.4	kA¡peA C.Fw.1/150/2014/Xkz`h	18.12.2014	X.kz.`. Ømj\§A þ \nehnse t{]mt«m tImÄ hyh ØIÄ]men¡p¶X kw_Ônï
1.1.5	C.Fw.2.111/2015/Xkz`h	09.06.2015	Xt±ikzbwïcW Ømj\§fnse P\{]Xn\n[nIÄ¡ NnInÕm klmbw \nÀt±iw \ÂIp¶X kw_Ônï.
1.1.6	21/2015/kwXnI	06.11.2015	{]knUൺ, വൈസ് പ്രസിUൺ, sNbÀam³, tabÀ, sXcs ª Sp¸ï amÀ¤ \nÀt±i§Ä
1.1.7	22/2015/kwXnI	19.11.2015	s]mXp sXcs ª Sp¸ï þ ImânwKï I½näm AwK§fpsSbpw sNbÀam·mcpsSbpw sXcs ª Sp¸ï amÀ¤\nÀt±i§Ä
1.1.8	k.D.(]n) 290/2015/Xkz`h	15. 9.2015	t»m¡ï]©mb pIA]p\:{IaoIcnï D¯chï
1.1.9	188/2015/kw.Xn.I	13.11.2015	{Kma, t»m¡ï, PnAm]©mb pIfnse Ìmânwkï I½näm Ifnse k{XokwhcWw þ hn Úm]\w
1.1.10	k.D.(Fw.Fk) 81/2015/kmloh	30.12.2015	Xt±i Ømj\§fnA aOcnïhnPbn¨ A¦¬hmSn hÀ¡À/sIÂ¸ÀamÀ¡ï Ah[nA\phZnïD¯chï

2. Poh\¡mcyw

2.1.1	G.O.(P) No. 11/90/P&ARD	05.05.1990	Transfer and posting of Government Employees General Norms/Guidelines – Physically Handicapped - Modification orders
2.1.2	G.O(Rt) 3604/2012/LSGD	28.12.2012	Payment of Wage to Pharmacist to the Dis./PTS, etc. functioning under NRHM Scheme
2.1.3	k.D.(km[) 457/2014/Xkz`h	18.02.2014	IcmA ASn Ø m\ nA \nban¡s¸« Poh\¡mcpsS Ah[n, bm{Xm_ ¯ kw_ Ôn¨
2.1.4	G.O(Rt) 3104/2014/LSGD	21.03.2014	Crediting D.A/Pay Revision arrears of the employees of Panchayat from their own fund to PF Account – orders
2.1.5	kA¡peA \¼A 74207/sF. _n1/2013/Xkz`h	11.11.2014	sSI\n¡A AknIäpamcpsS NpaXe IÄ \nÀt±i§Ä \ÂIp¶X kw_ Ôn¨
2.1.6	k.D.(km[) 3104/2014/Xkz`h	27.11.2014	1.4.2013 \ptijw]©mb hIp¸nA {]thin¨ Poh\¡mÀ¡ KPEPF Â AwKXzw þ IpSnÈnI HSp¡p¶XnÂ \n¶ Hgnhm¡nb D¯ch
2.1.7	k.D.(ssI) 224/2014/Xkz`h	12.12.2014	Poh\Imcyw þ tIcf]©mb kt_mÀUnt\ä kÀÆok dqÄ 1994 þ ks]jyÂ Izmfn^nt¡j³ sSÌ þ hIp¸pXe]co£ þ t`ZKXn D¯ch
2.1.8	k.D.(ssI) 24/15/[\	14.01.2015	tem¡A HmUnä hIp¸ F¶]p\A\ma IcWw sNbX D¯ch
2.1.9	kA¡peA \¼A 5667/F. _n.1/13/Xkz`h	11.02.2015	Poh\¡mA/\nAÆIW DtZymK Ø A apXembhÀ dn«bÀ sN¿pt¼mtgm Ø ew amdnt¸mIpt¼mtgm HmUnä XSÊ §Ä]cnIcn¡msX t]mIp¶X þ NLC/LC\ÂIp¶X kw_ Ôn¨

2.1.10	k.D.(BA.än) 917/2015/Xkz¨h	28.03.2015	]mentbäoh sIbA \gkpamA¡ tImWtddnbw hÀ²n¸n¨pw{]khmh[n A\phZn¨pw D¯ch
2.1.11	No. LSGD/IB2/75/2015	15.07.2015	Request for permission to attend the Training – Delay in submitting proposals
2.1.12	Circular No.1/2016/Fin	15.07.2015	KSR – Special Casual Leave to Disabled and Physically Challenged Employees – modified cirular
2.1.13	kA¡peA \¼A 1/2016/[\.	08.01.2016	KSR – Special Casual Leave to Disabled and Physically Challenged Employees – modified cirular
2.1.14	G.O.(P) No. 28/2016/Fin	26.02.2016	Enhancement of remuneration of daily wages personal and persons on contract appointment – orders
2.1.15	k.D.(km[m) 1192/2016/Xkz¨h	04.03.2016	F©n\obdnwK hn¨mKw Poh\¡mcyw þ bp.Un. ssS¸nÌ XkXnIbnÂ \n¶pw bp.Un. ¢mÀ¡ XkXnIbnte¡ XkXnIamäw kw_Ôn¨ D¯ch
2.1.16	kA¡peA \¼A 19/2016/[\.	05.03.2016	\nehnepA Xme¡menI kzo¸AamcpsS {IahÂ¡cWw þ kab]cn[n \nÝ bn¨Xp kw_Ôn¨

s]mXp`cWw

2.2.1	k.D.(Fw.F k) 41/2008/X kz `h	14.02.2008	hnhcmhImI \nbaw _n.]n.FA. kA«n ^n¡ä apkn¸Â/tImÀ¸tdj³ sk{I«dnamsc NpaXes¸Sp¯nb D¯ch
2.2.2	kA¡peA \¼A 67132/F. _n1/14/X kzh	21.02.2014	X]mepIA ssIamdp¶Xnse A]mIX IÄ/ImeXmakw kw_Ôn¨ \nÀt±i §Ä
2.2.3	k.D.(A) 24/2014/D.`.].h.	31.07.2014	kXyhmM {Ia§fpw tcJIfpw kzbw km£ys¸Sp¯p¶Xn\pÅ A\paXn
2.2.4	k.D.(ssI) 145/2014/X kz`h	13.08.2014	hnhcmhImI \nbawp2005 þ _n.]n.FA. hn`mK¯nÂs¸«hÀ ImPcmക്കെണ്ട km£y]{Xw \ÂIm³ sk{I«dnamsc NpaXes¸Sp¯nb D¯ch
2.2.5	k.D.(ssI) 171/14/X kz`h	08.10.2014	sSI\n¡A Aknlãpamcpss tkh\ Imemh[nZoÀLn¸n¨ D¯ch
2.2.6	k.D.(ssI) 224/2014/X kz`h	12.12.2014	tIcf]©mb kt_mAUnt\ãdqÄk 1994 –þ N«w 9 þ ks]jÂ Izmfn ^nt¡j³ sSÌ F¶X Hgnhm¡n \nÀ_ÔnX hIp¸pXe]co£ F¶ t`ZKXn sNbXp
2.2.7	k.D.(km[)3348/2014/X kz`h	18.12.2014	\IeDuþ^nknjy·mcpsS HmWtddnbw A\phZn¡Âþ A\paXn D¯ch
2.2.8	\¼A 5139/seK. kn.1/2013 \nbaw	23.12.2014	tIcf]©mb cmP t`ZKXn BIS 2014 (34þmw BIS)
2.2.9	k.D.(km[m) 965/2015/X kz`h	28.03.2015	A¨SntPmenകൾ ടെണ്ടർ/കൊട്ടേ]³ CÃmsX{Kmae£an ap{Zmeb §fnÂ \S¯p¶Xn\ A\paXn \ÂInb D¯ch
2.2.10	kA¡peA \¼A 28795/F. BÀ.13(2)/14/D.`.].h.	11.06.2015	D chpIfnepw IpIfnepw aäp HutZymKnI tcJIളിലും ഉണ്ടാhp¶ sXäpIÄ Hgnhm¡Â, sXäpണ്ടാbmÂ Xncp¯Âþ hogN hcp¯p¶hÀs¡ Xnsc \S]Snþ \nÀt±iw
2.2.11	k.D.(ssI) 333/2015/X kz`h	31.10.2015	]pXpXmbn cq]oIc¨ apkn¸menãnIA

			þ]©mb Poh\¡msc \ne \nÀ¯nb D¯ch
2.2.12	k.D.(km[m) 3630/2015/Xkz`h	03.12.2015	kIA½þhn\yknim³A\paXn
2.2.13	k.D.(km[m) 51/2015/Bbpj	04.12.2015	tImantbm Unk]³kdnIfnsebpw Bip]{XnIfnsebpw H.]n. kabw{Iao Icn¨D¯ch
2.2.14	k.D.(km[m) 55/2015/Bbpj	05.12.2015	BbpAthZ Unk]³kdnIfnsebpw Bip]{XnIfnsebpw H.]n. kabw{Iao Icn¨D¯ch
2.2.15	k.D.(km[m) 90/2016/Xkz`h	11.01.2016	anI¨ Xt±ikzbw`cW Øm]\§sf sXcs ª Spip¶Xn\pÅ am\ZWU §Ä
2.2.16	kA¡peA F._n.2/ 703/2015/Xkz`h	16.01.2016	[\Imcy]ntim[\m hn`mKw \S nb]cntim[\m dnt¸mÀ«nsâ ASn Øm\ ¯nÂ \nÀt±i§Ä
2.2.17	k.D.(km[m) 218/2016/Xkz`h	21.01.2016	]©mb Zn\mtLmjw \S n¸ sNe hn\ A\paXn
2.2.18	k.D.(ssI) 22/2016/Irjn	23.01.2016	Irjnhlp¸ns\ ImAjnI hnIk\ lÀjIt£ahlp¸ F¶]p\À \maI cWw sNbXD¯ch
2.2.19	k.D.(km[m) 570/2016/Xkz`h	11.02.2016	2014p15 hAjs anI¨ Xt±i Øm]\ §sf sXcs ª Sp¯ D¯ch
2.2.20	k.D.(km[m) 657/2015/Xkz`h	17.02.2016	\nA em¡nb hnIk\ AtXmdnänIA aptJ\ Xt±ikzbw`cW Øm]\§Ä FSp¯ncp¶ hmb]m IpSnÈnI XoÀ¯ B[mcw Xncnsl \ÂIp¶Xn\pÅ A\paXn
2.2.21	k.D.(Fw.Fk) 49/2014/Xkz`h	04.03.2016	\Kck¨ Poh\¡mcpsS s]³j³ aäp B\pIqey§fpw P\dÂ]Àt¨k {KmânÂ \n¶pw \ÂIm³ A\paXn
2.2.22	k.D.(km[m) 1108/2016/Xkz`h	03.03.2016	sSI\n¡A Aknl³cpamcpsS Imem h[n 31.3.2016 apXÂ Hcp hÀjt¯¡ ZoÀLn¸¨D¯ch
2.2.23	k.D.(km[m) 1278/2016/Xkz`h	18.03.2016	Xt±iØm]\§fpsSbpw A\p_O

			Ø m] \ § fpsSbpw I ¼yq«A, Ce I t{Sm Wn I D] I cW § fpsS] Àt ¨ k pw, sabnâ \ ³ k pw s F.s I . F w. s \ NpaXe s ¸ Sp ¯ n D ¯ ch

3. \n I pXn

3.1 h k Xp \n I pXn

3.1.1	Circular No. 40395/RC2/2014/LSGD	19.10.2014	Allegation of irregularities in collecting ta in respect of Mobile Tower in Municipality - recommendation
3.1.2	k .D.(A) 36/2015/X k z ` h	24.02.2015	A Sn Ø m \ h k Xp \n I pXn \nc ¡ \n Y bn hn Ú m] \w þ t `ZKXn D ¯ ch
3.1.3	k .D.(k m [ ) 713/15/X k z ` h	12.03.2015	h k Xp \n I pXn þ Ha hW XoA ¸ m ¡ A þ 31.3.15 hsc] ng] en i Hgnhm ¡ n A \paXn
3.1.4	k .D.(F w. F k .) 144/15/X k z ` h	27.4.2015	h k Xp \n I pXn] cn j I cWw þ t `ZKXn D ch
3.1.5	k .D.(F w. F k) 231/15/X k z ` h	09.07.2015	t I cf s I «nS \n I pXn/ B Uw _ c \n I pXn CuSm ¡ nb tcJ I mPcm ¡ nb t i j ta h k Xp \n I pXn CuSm ¡ mhq F ¶ \nÀZt# i w
3.1.6	k .D.(F w. F k) 358/15/X k z ` h	16.12.2015	h k Xp \n I pXn] cn j I cWw þ 27.4.15 se k .D. (F w. F k) 144/15 D ¯ chn\ k] j So I cWw

3.2 sXmgn Â \n I pXn

3.2.1	k .D.(k m [ ) 874/2016/X k z ` h	26.02.2015	a I nfm {] [m ³ GPâpamsc h k Xp \n I pXnbnA \n ¶ Hgnhm ¡ nb D ¯ ch

4.sse k ³ k

4.1.1	G.O.(MS)) 2/14/Envt	21.02.2014	Mining and quarrying of minor minerals for construction – Integration of Environmental Safeguards - order
4.1.2	Circular No. 3568/A3/12/ENVT	12.03.2014	Mining of ordinary earth/brick earth integration of environmental Safeguards orders
4.1.3	G.O.(P) 93/2014/ID	30.06.2014	Kerala Minor Mineral Concession (Amendment) Rules 2014
4.1.4	kA¡peA \¼A]n.kn. _n./HO/2014	06.08.2014	]mdaSIA¡ Zqc]cn[n am\ZWUw]p\ Ø m]n¡p¶X kw_ Ôn¨
4.1.5	kA¡peA \¼A kn4.33671/14].U.	19.12.2014	an\dA hm«A þ tIcf \nbak¨m]cn Ø nXn kanXnbpsS ip]mÀi IÄ
4.1.6	G.O.(P) 16/2015/ID	07.02.2015	Kerala Minor Mineral Concession Rules, 2015
4.1.7	G.O.(P) 17/2015/ID	07.02.2015	Kerala Minerals (Prevention of illegal mining, Storagte and transportation) Rules, 2010
4.1.8	G.O.(P) 69/2015/ID	19.05.2015	KMMC (Amendment) Rules, 2015
4.1.9	kA¡peA 157/ BA. Un.3/15/X kz`h	11.09.2015	]m³akme XpS§nb eIcnhkXp¡ fpsS \ntcm[\w þ kIqÄ tIm Ìep IÄ¡pw _m[Iam¡nþ
4.1.10	G.O.(P) 144/2015/ID	05.10.2015	KMMC (2nd Amendment) Rules, 2015
4.1.11	kA¡peA \¼A 516/ BA. kn.3/2015	06.02.2016	]¶nIsf hfA phmt\m kq£n¡p hmt\m sse k³k \ÂIp¶X kw_ Ôn¨ \nÀt±i§Ä

amen\ykwk-lcWw

4.2.1	kA¡peA 77570/Un. kn.1/2013/X kz`h	14.10.2014	Ddhns amen\ykwk-lcW]²XnIA¡- \Âlp¶ `cW kmt¦Xnl A\paXn¡- hncp²ambn kzolcn¡p¶ \S]Snlä kw_Ôn¨-
4.2.2	kA¡peA \¼A 71875/Un. kn.1/2014/X kz`h	02.12.2014	amen\ykwk-lcW n\ C³ kn\tdäA Øm]n¡p¶Xp kw_Ôn¨- \nÀt±i§Ä
4.2.3	kA¡peA 178649/Un. kn.1/2015/X kz`h	23.04.2015	amen\yhnap ä tlcfw þ ag¡me]qÆ ipNolcWw kw_Ôn¨-
4.2.4	D ch- \¼A 191/kn2.2008/F k-Fw.	11.06.2015	Xt±i Øm]\§fnA Jcamen\y]cn]m e\w þ tkh\ZmXm¡fpsS AwKolmcw]pXp¡n\Âlnb D¯ch-

5. s I «nS \nÀ½mW N« § Ä

5.1.1	k A ¡ peA 29342/ B A. F 1/2014/X k z` h	09.05.2014	A \ [n I rX \nA½mWw þ hn i Z hnhc § A AS § nb cPn Ì À kq £ n ¡ Â þ \nÀt± i w
5.1.2	k A ¡ peA \ ¼A 46871/ B A. F 1/2014/X k z` h	22.08.2014	s] Aanä \ A I p ¶ Xn \ p ap¼ \ncmt £] {Xw hm § p ¶ X kw _ Ô n¨
5.1.3	k A ¡ peA \ ¼A 60203/ B À. F 1/2014/X k z` h	18.10.2014	A \ [n I rX \nA½mW § As ¡ Xnsc \S] Sn k zo I cn ¡ p ¶ X kw _ Ô n¨
5.1.4	k A ¡ peA \ ¼A 63175/ B A. F 1/2014/X k z` h	24.11.2014	s] Aanä I memh [n ZoA L n¸n¨ \ A I p ¶ Xn \ k aÀ¸nക്കേണ്ട അപേക്ഷ - മാർഗ്ഗ \nÀt± i § Ä
5.1.5	k .D.(k m [m) 3187/2014/X k z `h	03.12.2014	s I «nS \nA½mW A \paXn A t] £ þ Hm ¬ sse ³ apt J \ k zo I cn ¡ Â þ \nÀt± i w
5.1.6	Notification No. GSR.751I Ministry of Civil Aviation	30.09.2015	Ministry of Civil Aviation (Height Restriction for Safeguarding of Aircraft Operation) Rule 15
5.1.7	No. 13014/RA2/2015/LSGD	01.12.2015	Replacement of Government of India, Ministry of Civil Aviation Notification
5.1.8	k A ¡ peA \ ¼A 129000/ B À. F .1/2015/X k z `h	02.12.2015	s I «nS \nA½mW hpambn _ O s¸« A t] £ I fnÂ Xt± i k zbw`cW Ø m] \ § fnÂ k zo I cnക്കേണ്ട \S] Sn{ I a § Ä
5.1.9	k .D.(k m [m) 351/2015/X k z `h	09.12.2015	A \ [n I rX \nA½mWw þ 100 N. aoäA hsc bpÅ hoSp I Ä ¡ Xme ¡ men I d kn U ³ j yÂ k À«n ^ n ¡ ä \ Â I Â þ I mem h [n ZoÀ L n¸n¨ D ¯ ch
5.1.10	No. C6.41344/15] © mb ¯ U b d I SÀ	18.12.2015	Replacement of Government of India, Ministry of Civil Aviation Notification

P \ {] X n \ n [n I Ä

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.591/2014/തസ്വഭവ തിരുവനന്തപുരം, തീയതി 28/02/2014.

പരാമർശം:- 1. ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ 27.08.2013 -ൽ സമർപ്പിച്ച നിവേദനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 13.02.2014-ലെ ജെ3-15083/2013 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ പഞ്ചായത്തുകളിലെ മുൻ അധ്യക്ഷന്മാർക്കും അംഗങ്ങൾക്കും സെക്രട്ടറിയേറ്റിലും, മറ്റ് ഓഫീസുകളിലും സുഗമമായി പ്രവേശിക്കുന്നതിനായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് അതത് പഞ്ചായത്തുകൾ മുഖേന താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തിരിച്ചറിയൽ കാർഡ് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകേണ്ടതും സാക്ഷ്യപ്പെടുത്തുന്ന തീയതി, പഞ്ചായത്തിന്റെ പേര്, മുൻ അധ്യക്ഷന്റെ/ അംഗത്തിന്റെ പേര്, അംഗമായിരുന്ന കാലയളവ് എന്നിവ കാർഡിൽ മുൻ ഭാഗത്ത് രേഖപ്പെടുത്തേണ്ടതുമാണ്. മുൻ അധ്യക്ഷന്റെ/ അംഗത്തിന്റെ മേൽവിലാസം, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കാർഡിന്റെ പിൻ ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്.
2. തിരിച്ചറിയൽ കാർഡിന്റെ കാലാവധി നൽകിയ തീയതി മുതൽ 5 വർഷം ആയിരിക്കുന്നതാണ്. 5 വർഷം പൂർത്തിയായാൽ കാർഡ് പുതുക്കി നൽകാൻ അപേക്ഷിക്കേണ്ടതാണ്.
3. തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള ചെലവ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നിർവഹിക്കേണ്ടതാണ്.
4. തിരിച്ചറിയൽ കാർഡിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി ഒരു ഇഷ്യൂ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാർഡ് അനുവദിക്കുന്ന മുൻ അധ്യക്ഷന്റെ/

അംഗത്തിന്റെ പേര്, കാർഡ് നമ്പർ മുതലായ വിവരങ്ങൾ പ്രസ്തുത രജസ്റ്ററിൽ ചേർത്ത് സെക്രട്ടറിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

5. അനുവദിച്ച തിരിച്ചറിയൽ കാർഡ് കൈമോശം വരികയോ ഉപയോഗശൂന്യമായി തീരുകയോ ചെയ്യുന്ന സന്ദർഭത്തിൽ ആ വിവരം രേഖാമൂലം പഞ്ചായത്തിനെ അറിയിക്കേണ്ടതും പുതിയ കാർഡിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് കാർഡിന് 100 രൂപ ഫീസ് ഈടാക്കേണ്ടതാണ്.
6. കാർഡ് അനുവദിച്ച അധ്യക്ഷൻ/അംഗം മരണപ്പെടുകയോ, സർക്കാർ ഉദ്യോഗം ലഭിക്കുകയോ, കാർഡ് ദുരുപയോഗം ചെയ്യുന്നതായി വ്യക്തമാകുകയോ ചെയ്യുന്ന സംഗതിയിൽ പ്രസ്തുത അധ്യക്ഷന്റെ/അംഗത്തിന്റെ കാർഡ് തിരികെ ലഭ്യമാക്കേണ്ടതും ടി കാർഡ് റദ്ദാക്കി ആ വിവരം ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ഷാഹുൽ ഹമീദ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വൈബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പഞ്ചായത്തും സാമൂഹ്യകനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ഓവർ ടൈം, ഹോളിഡേ അലവൻസുകൾ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ)നം.2039/2014/ത.സ്വ.ഭ.വ **തീയതി, തിരുവനന്തപുരം,06/08/2014.**

പരാമർശം:- 1) 23/08/2007 ലെ 70/2007/ധന നമ്പർ സർക്കുലർ.
2) സഉ(സാധാ) നമ്പർ 170/2013/തസ്വഭവ തീയതി 22/01/2013
3) കണ്ണൂർ, എറണാകുളം, തൃശ്ശൂർ, കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ കത്തുകൾ .
4) പഞ്ചായത്ത് ഡയറക്ടറുടെ 28/01/2014 ലെ ഇ10-39291/14 നമ്പർ കത്ത്.

ഉത്തരവ്

സൂചന(2) ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർമാർക്ക് ഓഫീസ് സമയത്തിന് ശേഷമോ അവധി ദിവസങ്ങളിലോ നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക്, നിയമപ്രകാരമുള്ള ഓവർ ടൈം അലവൻസ്, ഹോളിഡേ അലവൻസ് നൽകുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പഞ്ചായത്ത് വകുപ്പിൽ ജില്ലാ പഞ്ചായത്തുകളിൽ പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനം കൈകാര്യം ചെയ്യുന്ന ഡ്രൈവർമാർക്ക് നിശ്ചിത സമയം ബാധകമല്ലാത്ത സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ടെന്നും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഒട്ടനവധി പരിപാടികളിൽ പങ്കെടുക്കുന്നതിനാൽ ഡ്രൈവർമാർക്ക് അധിക സമയം പ്രവൃത്തി എടുക്കേണ്ട സാഹചര്യം പലദിവസങ്ങളിലും ഉണ്ടാകാറുണ്ടെന്നും ആയതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്കും പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(മറുപുറം)

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സൂചന 1 ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിൽ ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടെ ഔദ്യോഗിക വാഹനം ഓടിക്കുന്ന ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്കും ഓവർ ടൈം, ഹോളിഡേ അലവൻസുകൾ അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സെൽവരാജൻ.എൽ
ഗവ.അണ്ടർ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും .
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും.
6. ധനകാര്യ വകുപ്പ് (23/05/2014 ലെ യുഒ നമ്പർ 40182/ഡെവ1/14/ധന പ്രകാരം)
7. ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

1-1-3

www.sahayam.in

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സർക്കുലർ

നമ്പർ 12163/ഔ.ഭാ.3/14/ഉഭപവ. തിരുവനന്തപുരം, 2014 ഒക്ടോബർ 28.

വിഷയം:— ഔദ്യോഗികഭാഷാ വകുപ്പ്—സർക്കാർ വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) 18-9-2012-ലെ സ.ഉ. (കൈ)നം. 46/12/ഉഭപവ നമ്പർ ഉത്തരവ്.
(2) 17-3-2014-ലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്.

ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ നയം പ്രാവർത്തികമാക്കുന്നതിനു വേണ്ടി പല നിർദ്ദേശങ്ങളും ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (1) ലെ സർക്കാർ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളിലെ ബോർഡുകൾ, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ സർക്കാർവക വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കണമെന്ന സൂചന (1) പ്രകാരമുള്ള ഉത്തരവ് കർശനമായി പാലിക്കണമെന്ന് എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിനോട് സൂചന (2) പ്രകാരം ശിപാർശ ചെയ്തിരിക്കുകയാണ്.

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1)-ലെ ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 2015 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നു. ഈ കാലാവധിക്കുള്ളിൽ സർക്കാർ വാഹനങ്ങളിലെ ബോർഡുകൾ മലയാളത്തിൽക്കൂടി പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് എല്ലാ വകുപ്പു തലവന്മാരോടും ഓഫീസ് മേധാവികളോടും നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുമാർ,
സെക്രട്ടറി.

GCPT. 3/4451/2014/S-3.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :—

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

www.sahayam.in

പൊതുമരാമത്തും ഗതാഗതവും (എം) വകുപ്പ്

നമ്പർ 34894/എം.2/94/പൊ. മ. ഗവ., തിരുവനന്തപുരം,
1994 ഒക്ടോബർ 7

സർക്കുലർ

വിഷയം.– മോട്ടോർ വാഹനങ്ങൾ–സർക്കാർ വകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ എന്നിവയുടെ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന.– 25.2.1994 ലെ സർക്കുലർ നമ്പർ: 5280/എം.2/94/പി.ഡബ്ല്യൂ.ആൻറ്.റി.

മേൽ സൂചനയിലെ സർക്കുലറിൽ സർക്കാർ വകുപ്പുകൾ/പൊതുമേഖലാസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ബോർഡുകൾ പ്രദർശിപ്പിക്കുന്ന വിധം വിശദീകരിക്കുന്നതോടൊപ്പം അവ ഇംഗ്ലീഷിൽ എഴുതണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

മലയാളം ഔദ്യോഗികഭാഷയാക്കുന്നതിൻെറ ഭാഗമായി ബോർഡുകൾ മലയാളത്തിൽ എഴുതണമെന്ന നിർദ്ദേശം പ്രാബല്യത്തിലുള്ളതിനാൽ മേൽ സൂചിപ്പിച്ച സർക്കുലറിൽ ചില ഭേദഗതികൾ ആവശ്യമാണെന്നു കാണുകളും അതനുസരിച്ച് താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുകയും ചെയ്തിരിക്കുന്നു.

1. സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ബോർഡുകൾ തുടങ്ങിയവയുടെ വാഹനങ്ങളിൽ വകുപ്പിൻെറ/സ്ഥാപനത്തിൻെറപേര് ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കേണ്ടതാണ്.
2. ടി സർക്കുലറിൽ "കേരള സ്റ്റേറ്റ്" എന്ന ബോർഡ് വയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ള വാഹനങ്ങളിൽ "കേരള സർക്കാർ" എന്ന ബോർഡ് വയ്ക്കേണ്ടതാണ്.

എൻ. ചന്ദ്രശേഖരൻ നായർ
ഗവൺമെൻറ് കമ്മീഷണർ ആൻറ് സെക്രട്ടറി

TRANSPORT (B) DEPARTMENT

No.35519/B2/95/TRAN., Thiruvananthapuram,
dated, 25th October,1997

CIRCULAR

Sub:-Motor Vehicles-Exhibition of name boards in Motor vehicles owned by Government Departments/Public Sector Undertakings-Further Instructions-Issued.

Ref: 1. Government Circular No. 5280/M2/94/P.W. and T., dated 25th February 1994.

2. Government letter No. 19580/M2/95/P.W. and T., dated 23rd June 1995.

In the circular cited instructions have been issued regarding the display of name board of each Department /Public Sector Undertakings with certain specification so as to identify them easily and to avoid misuse. But recently it has come to the notice of Government that many Public sector Undertakings, Autonomous bodies and local bodies are interested in exhibiting the name board 'KERALA STATE' instead of their name despite the clear instructions.

It is also observed that in certain vehicles the designation of officers are also displayed which is ridiculous and contrary to the existing instructions.

Certain vehicles owned by the departments do not also exhibit the name of the departments. The vehicles owned by the departments can exhibit the name of the department only. The name board 'Kerala State' is meant for Ministers and those similarly assigned. Hence those departments to whom the 'Kerala State' Board is not assigned should desist from using this name board immediately.

Government therefore once again reiterate that the instructions contained in the circular (copy appended) be strictly complied with all concerned.

The Motor Vehicles Department and the Police Department should ensure that these instructions are followed strictly.

M.V. Madhavan,
Principal Secretary to Government

1

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

നം. ഇ.എം.1/ 150/2014-തസ്വഭവ തിരുവനന്തപുരം, തീയതി : 18 .12 .2014

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ --– നിലവിലെ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പ്രത്യേകമായി ഒരു പ്രോട്ടോക്കോൾ സംവിധാനം നിലവിലില്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, കോർപ്പറേഷൻ മേയറും ഒഴികെയുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോളിൽ അംഗങ്ങളല്ല. എന്നാൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കേണ്ടുന്നത് എല്ലാ തസ്വഭസ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെയും, അംഗങ്ങളുടെയും കർത്തവ്യമാണ്. എന്നിരിക്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പല പരിപാടികളിലും പ്രോട്ടോക്കോൾ ലംഘനങ്ങൾ നടക്കുന്നതായി എം.എൽ.എമാർ നിയമസഭയ്ക്ക് മുൻപാകെ നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിയമസഭാസാമാജികർക്ക് ഇത്തരത്തിൽ പരാതികൾ ഉന്നയിക്കപ്പെടേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിൽ തസ്വഭ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ കാരണക്കാരാകുന്നത് ഭൂഷണമല്ല. നിലവിൽ തസ്വഭ ജനപ്രതിനിധികൾക്ക് പ്രോട്ടോക്കോൾ സംവിധാനം ഇല്ലാത്ത സംഗതിയിൽ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുവാൻ അതത് തസ്വഭ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാവശ്യമാണ്.ആയതിനാൽ നിയമസഭാസാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിലും , അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിലും അതീവശ്രദ്ധപുലർത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

പി. റംലത്ത്
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻഓഫീസർ

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

നം. ഇഎം2/111/2015/തസ്വഭവ തിരുവനന്തപുരം, തീയതി: 09.06.2015

സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ചികിത്സാസഹായം നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ചികിത്സാസഹായം അനുവദിക്കുന്നതിനായി, എല്ലാ ജനപ്രതിനിധികളെയും 2014 ഒക്ടോബർ മുതൽ ചിയാക്കിന്റെ സ്കീമിൽ അംഗങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വകുപ്പ തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഒക്ടോബർ 2014-നു ശേഷവും ചികിത്സാസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെ ചിയാക്കിന്റെ സ്കീമിൽ ഉൾപ്പെടുത്തി ചികിത്സാസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

എ.പി.എം.മുഹമ്മദ് ഹനീഷ്,
സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം/കൊച്ചി/കോഴിക്കോട്
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

സർക്കുലർ

നമ്പർ : 21/2015/സം.തി.ക. തീയതി : 06.11.2015

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ്, 2015 - പൊതുതിരഞ്ഞെടുപ്പിനു ശേഷം പുതിയതായി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ, വൈസ് ചെയർമാൻ, മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.10.2015 ലെ 166/2015/സം.തി.ക. & 167/2015/സം.തി.ക. നമ്പർ വിജ്ഞാപനങ്ങൾ.
2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.11.2015-ലെ 20/2015/സം.തി.ക. നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബറിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് നവംബർ മാസം 12-ാം തീയതി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ച് സൂചന പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 12-ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കുകയോ പുനർരൂപീകരിക്കുകയോ ചെയ്തു കഴിഞ്ഞാൽ അതിന്റെ പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും / ചെയർമാനേയും വൈസ് ചെയർമാനെയും / മേയറേയും ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനായി ആ പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ / മുനിസിപ്പൽ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ ഒരു യോഗം, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേയ്ക്ക് സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്ന ഉദ്യോഗസ്ഥൻ വിളിച്ച് ചേർക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് വരണാധികാരിയായി അതാത് പഞ്ചായത്തുകളിലെ വരണാധികാരികളെയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

2. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയാണ് മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായി നിശ്ചയിച്ചിട്ടുളളത്. എന്നാൽ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ചെയർമാൻ, വൈസ് ചെയർമാൻ തിരഞ്ഞെടുപ്പിന്റെ വരണാധികാരികളായി 26.10.2015-ലെ 167/2015/സം.തി.ക.നമ്പർ വിജ്ഞാപന പ്രകാരമുള്ള ഉദ്യോഗസ്ഥരെയാണ് ഇതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്.

3. മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ ചെയർമാൻ / മേയർ തിരഞ്ഞെടുപ്പ് 18.11.2015 രാവിലെ 11 മണിക്കും വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് 18.11.2015 ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്. ഗ്രാമപഞ്ചാത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയെ സംബന്ധിച്ച് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 19.11.2015 രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്.

4. മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള വരണാധികാരികൾ ഇതിലേയ്ക്ക് യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് നിശ്ചിത മാതൃകയിലുള്ള (അനുബന്ധം 1) നോട്ടീസ്, കഴിയുന്നതും അംഗങ്ങൾ / കൗൺസിലർമാർ പ്രതിജ്ഞ എടുക്കുന്ന ആദ്യ യോഗത്തിൽ വച്ചുതന്നെ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണ്. അത്തരം നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

5. മേൽപ്പറഞ്ഞ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ നോട്ടീസ് കുറഞ്ഞത് മൂന്ന് പൂർണദിവസങ്ങൾക്ക് മുമ്പ് നൽകേണ്ടതാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ ഞായറാഴ്ചയും അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം ചേരുന്ന തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

6. മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗത്തിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം അംഗങ്ങൾ ഹാജരില്ലായെങ്കിൽ, യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും കൂടുന്നതിനായി മാറ്റി വയ്ക്കേണ്ടതും ആ യോഗത്തിൽ ക്വാറം നോക്കാതെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

7. അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പ് ഓപ്പൺബാലറ്റ് മുഖാന്തിരം ആയിരിക്കേണ്ടതും വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറക് വശത്ത് അദ്ദേഹത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും സ്ഥാനത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥി ഒരാൾ മാത്രമേയുള്ളൂവെങ്കിൽ വോട്ടെടുപ്പ് നടത്താതെ തന്നെ ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്.

8. ഗ്രാമപഞ്ചാത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിൽ സംവരണം ചെയ്തിട്ടുള്ള സംഗതിയിൽ അതാത് വിഭാഗത്തിലുള്ള അംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെടുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെയും 1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റേയും ഡെപ്യൂട്ടി ചെയർപേഴ്സന്റേയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് വേണം നടത്തേണ്ടത്. പഞ്ചായത്തുകളിലേയും നഗരസഭകളിലേയും അദ്ധ്യക്ഷൻമാരുടേയും ഉപാദ്ധ്യക്ഷൻമാരുടേയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കമ്മീഷൻ 07.07.2015 തീയതിയിൽ പ്രത്യേകം പ്രത്യേകം കൈപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

10. മേൽപ്പറഞ്ഞപ്രകാരം തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് കഴിഞ്ഞാൽ ഉടൻതന്നെ മേയർ / ചെയർമാൻ / പ്രസിഡന്റ് എന്നിവർ ബന്ധപ്പെട്ട വരണാധികാരികൾ മുമ്പാകെയും ഡെപ്യൂട്ടി മേയർ, മേയർ മുമ്പാകെയും വൈസ് ചെയർമാൻ, ചെയർമാൻ മുമ്പാകെയും വൈസ്

പ്രസിഡന്റ്, പ്രസിഡന്റ് മുമ്പാകെയും സത്യപ്രതിജ്ഞയോ / ദൃഢപ്രതിജ്ഞയോ ചെയ്തിരിക്കേണ്ടതും ഇതിലേയ്ക്ക് ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെ 2-ാം നമ്പർ ഫാറത്തിലുള്ള ഒരു രജിസ്റ്ററിൽ ഒപ്പ് വച്ച് രേഖപ്പെടുത്തേണ്ടതുമാണ്.

11. പ്രസിഡന്റ്, ചെയർമാൻ, മേയർ, വൈസ് പ്രസിഡന്റ്, വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് പൂർത്തിയായാൽ ഉടൻതന്നെ ഇതിലേയ്ക്ക് നിയോഗിക്കപ്പെട്ട വരണാധികാരികൾ അതിന്റെ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട സ്ഥാപനത്തിലെ സെക്രട്ടറിയ്ക്കും നൽകേണ്ടതാണ്.

പി. ഗീത
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർക്കും
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖേന)

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

സർക്കുലർ

നമ്പർ : 22/2015/സം. തി. ക. തീയതി : 19. 11. 2015

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന :- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.10.2015-ലെ 168/2015/ സം.തി.ക. നമ്പർ മുതൽ 175/2015/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.11.2015-ലെ 188/2015/സം.തി.ക, 189/2015/സം. തി.ക നമ്പർ വിജ്ഞാപനങ്ങൾ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 162-ാം വകുപ്പിലും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 20, 21 വകുപ്പുകളിലും പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തുകളിലെ/മുനിസിപ്പാലിറ്റികളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം , വികസനം, ക്ഷേമകാര്യം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെ 4-സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് ധനകാര്യം, വികസനം, പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യം എന്നിങ്ങനെ 5-സ്റ്റാന്റിംഗ് കമ്മിറ്റികളുമാണ് രൂപീകരിക്കേണ്ടത്.
2. മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യ കാര്യം, മരാമത്ത് കാര്യം വിദ്യാഭ്യാസ കലാ കായിക കാര്യം എന്നിങ്ങനെ 6-സ്റ്റാന്റിംഗ് കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, മരാമത്ത് കാര്യം, നഗരാസൂത്രണകാര്യം, നികുതി അപ്പീൽകാര്യം, വിദ്യാഭ്യാസ കായിക കാര്യം എന്നിങ്ങനെ 8-സ്റ്റാന്റിംഗ് കമ്മിറ്റികളും രൂപീകരിക്കേണ്ടതാണ്.
3. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗങ്ങളുടെ എണ്ണം 2000-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക-I പ്രകാരവും ജില്ലാപഞ്ചായത്തുകളെ സംബന്ധിച്ച് പട്ടിക-II പ്രകാരവുമായിരിക്കണം.
4. മുനിസിപ്പൽ കൗൺസിലുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ പട്ടിക-II പ്രകാരവും മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി) അംഗങ്ങളുടെ എണ്ണം പട്ടിക-III പ്രകാരവുമായിരിക്കണം.
5. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ വരണാധികാരികളെ ഇതിലേയ്ക്ക് ചുമതലപ്പെടുത്തി കമ്മീഷൻ 26.10.2015-ലെ 170/2015/സം.തി.ക & 171/2015/സം.തി.ക നമ്പരുകളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടേയും തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (ജനറൽ)/അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ വരണാധികാരിയായി ചുമതലപ്പെടുത്തികൊണ്ട് കമ്മീഷൻ 26.10.2015-ലെ 168/2015/സം.തി.ക & 169/2015/സം.തി.ക നമ്പരായി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
6. മുനിസിപ്പൽ കോർപ്പറേഷനിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള വരണാധികാരികളായി ഡെപ്യൂട്ടി കളക്ടർ (ജനറൽ)/ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തി കമ്മീഷൻ 26.10.2015-ലെ 172/2015/സം.തി.ക & 173/2015/സം.തി.ക നമ്പർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഇതിലേയ്ക്ക് വരണാധികാരികളെ നിശ്ചയിച്ചുകൊണ്ട് കമ്മീഷൻ 26.10.2015-ലെ 174/2015/സം.തി.ക & 175/2015/സം.തി.ക നമ്പരുകൾ പ്രകാരം വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.
7. സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ളതും പൊതുതിരഞ്ഞെടുപ്പിന് ശേഷം അധ്യക്ഷൻ/ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് കഴിഞ്ഞതുമായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് 2015 ഡിസംബർ 2-ാം തീയതിയോ അതിനുമുമ്പോ നടത്തേണ്ടതും തുടർന്ന് എത്രയും പെട്ടെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ തിരഞ്ഞെടുപ്പ് അതാത് വരണാധികാരികൾ പൂർത്തിയാക്കേണ്ടതുമാണ്.

8. ബന്ധപ്പെട്ട വരണാധികാരികൾ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടുന്നതിന് സ്ഥലം, തീയതി, സമയം എന്നിവ കാണിച്ച്കൊണ്ടുള്ള നോട്ടീസ് എല്ലാ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കും യോഗതീയതിക്ക് 5-ദിവസം മുമ്പും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിന്റെ നോട്ടീസ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും യോഗതീയതിക്ക് രണ്ട് ദിവസം മുമ്പും നൽകേണ്ടതാണ്.

9. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ മത്സരിക്കാൻ താല്പര്യമുള്ള അംഗങ്ങൾ നാമനിർദ്ദേശം വരണാധികാരിയെ ഏൽപിക്കേണ്ട അവസാന തീയതിയും സമയവും കൂടി പ്രസ്തുത നോട്ടീസിൽ കാണിച്ചിരിക്കേണ്ടതാണ്. അതായത്, കഴിയുന്നതും യോഗം ചേരാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടു മുമ്പുവരെയുള്ള ഒരു സമയം നോമിനേഷൻ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് നോട്ടീസ് നൽകാവുന്നതാണ്.

10. ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണവും സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമാണെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികളെ യഥാവിധി തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കണം. എന്നാൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഒഴിവുള്ള സ്ഥാനങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് സ്ഥാനാർത്ഥികളുടെ എണ്ണമെങ്കിൽ അങ്ങനെയുള്ള സ്ഥാനാർത്ഥികൾ തിരഞ്ഞെടുത്തതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതും ബാക്കി ഒഴിവുള്ള സ്ഥാനത്തേയ്ക്ക് 5-ദിവസത്തിനകം യോഗം വിളിച്ച് തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

11. സ്ഥാനാർത്ഥികളുടെ എണ്ണം ഒഴിവുള്ള സ്ഥാനത്തെക്കാൾ കൂടുതലാണെങ്കിൽ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റക്കൈമാറ്റ വോട്ടുമൂലം വോട്ടെടുപ്പ് നടത്തി അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാനത്തേയ്ക്ക് സ്ത്രീകളല്ലാത്ത അംഗങ്ങൾ സ്ഥാനാർത്ഥികളാകാൻ പാടില്ലാത്തതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിൽ സ്ത്രീകൾക്കായിട്ടുള്ളവ സംവരണം ചെയ്തുകൊണ്ട് സൂചന (2) പ്രകാരം കമ്മീഷൻ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

13. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാൻമാരുടേയും തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 07.07.2015-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൈപ്പുസ്തകത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

പി. ഗീത
സെക്രട്ടറി

എല്ലാ വരണാധികാരികൾക്കും.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.

പകർപ്പ് :-

എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
സീനിയർ ഫിനാൻസ് മാനേജർ,ലാ ഓഫീസർ
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ സി.എ / സെക്രട്ടറിയുടെ സി.എ.
കമ്പ്യൂട്ടർ പ്രോഗ്രാമർ,ഓഫീസ് കോപി / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,
ഒപ്പ്
സെക്ഷൻ ഓഫീസർ

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

നമ്പർ: 6330/ബി/2015/സം.തി.ക തീയതി : 17.10.2015

തിരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

പ്രാരംഭം

സംശുദ്ധമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിന്, തിരഞ്ഞെടുപ്പിൽ പണത്തിന്റെ അമിതമായ സ്വാധീനം ഒഴിവാക്കേണ്ടതുണ്ട്. ഈ ഉദ്ദേശ്യം മുൻനിർത്തിയാണ് തിരഞ്ഞെടുപ്പ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് നിയമങ്ങളിൽ വ്യവസ്ഥകൾ തന്നെ ചേർത്തിരിക്കുന്നത്. ഈ നിയമവ്യവസ്ഥകളുടെ സുഗമമായ നടത്തിപ്പിന്, സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബർ 2,5 തീയതികളിൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പിൽ, സ്ഥാനാർത്ഥികളോ അവരുടെ ഏജന്റുമാരോ, ഗുണകാംക്ഷികളോ, രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സംബന്ധിച്ച്, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 61- ാം ചട്ടവും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 61-ാം ചട്ടവും അനുസരിച്ച്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തിരഞ്ഞെടുപ്പ് ചെലവുകളുടെ പരിധി.

ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ഓരോ വാർഡിലും യഥാക്രമം 10,000, 30,000, 60,000 രൂപയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷന്റെ വാർഡിലെ ഓരോ വാർഡിലും യഥാക്രമം 30,000, 60,000 രൂപയും എന്നിങ്ങനെയുമാണ് ഒരു സ്ഥാനാർത്ഥിയുടെപരമാവധി തിരഞ്ഞെടുപ്പ് ചെലവ് പരിധി.

സ്ഥാനാർത്ഥി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിയ്ക്കും, തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെടുന്ന തീയതിയ്ക്കും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയ്ക്ക്, സ്ഥാനാർത്ഥിയോ, സ്ഥാനാർത്ഥിയുടെ ഏജന്റോ, സ്ഥാനാർത്ഥിക്കുവേണ്ടി മറ്റാരെങ്കിലുമോ തിരഞ്ഞെടുപ്പിനുവേണ്ടി ചെലവാക്കാവുന്ന പരമാവധി തുകയാണ് മേൽ കാണിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കിൽ ചുവടെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അടങ്ങിയിരിക്കണം.

1. ചെലവ് ചെയ്ത തീയതി അല്ലെങ്കിൽ ചെലവ് ചെയ്യാൻ അധികാരപ്പെടുത്തിയ തീയതി.
2. ചെലവിന്റെ സ്വഭാവം അതായത്, യാത്ര, തപാൽ, അച്ചടി, ചുവരെഴുത്ത്, ചുവർ പരസ്യം, നോട്ടീസ്, ബാനർ, കമാനങ്ങൾ, ഉച്ചഭാഷിണി, യോഗം, വാഹനവാടക തുടങ്ങിയവ ഏതെന്ന് വ്യക്തമാക്കണം.
3. ചെലവുതുക ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കണം. അതിൽ രൊക്കം കൊടുത്ത തുകയും, ബാക്കി കൊടുക്കാനുള്ള തുകയും വേർതിരിച്ച് കാണിക്കണം.
4. പണം കൊടുത്ത തീയതി
5. പണം കൈപ്പറ്റിയ ആളിന്റെ പേരും പൂർണ്ണമേൽവിലാസവും.
6. പണംകൊടുത്ത സംഗതിയിൽ, വൗച്ചറുകളുടെ ക്രമ നമ്പർ.
7. കൊടുക്കാനുള്ള തുകയുടെ സംഗതിയിൽ, ബില്ലുകളുടെ ക്രമ നമ്പർ.
8. പണം കൊടുക്കാനുള്ള വ്യക്തിയുടെ പേരും, പൂർണ്ണമേൽവിലാസവും.
9. തപാൽ, തീവണ്ടി യാത്ര തുടങ്ങിയ വൗച്ചർ ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ചെലവുകൾ ഒഴികെയുള്ള മറ്റ് എല്ലാ ചെലവുകൾക്കും വൗച്ചർ നിർബന്ധമായും വാങ്ങിയിരിക്കണം.
10. തുക ഒടുക്കിയ തീയതിയനുസരിച്ച് വൗച്ചർ അടുക്കുകയും, ക്രമ നമ്പർ ഇടുകയും ചെയ്യണം.
നോട്ടീസ്, ചുവർ പരസ്യം, കമാനങ്ങൾ, ബാനറുകൾ തുടങ്ങിയവയുടെ മൊത്തം എണ്ണവും കാണിച്ചിരിക്കണം.

കണക്ക് സൂക്ഷിക്കാനുള്ള ഫാറം:

നിശ്ചിത ഫാറത്തിൽ വേണം കണക്കുകൾ എഴുതി സൂക്ഷിക്കാൻ. ഫാറം വരണാധികാരിയുടെ പക്കൽനിന്നും ലഭിക്കുന്നതാണ്.

കണക്ക് ആർക്ക് സമർപ്പിക്കണമെന്ന്:

ഗ്രാമപഞ്ചായത്തിലെ സ്ഥാനാർത്ഥികൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും, ബ്ലോക്കിലെ സ്ഥാനാർത്ഥികൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കും, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ സ്ഥാനാർത്ഥികൾ ജില്ലാ കളക്ടർക്കും കണക്കുകൾ നിശ്ചിത ഫാറത്തിൽ നൽകണം.

കണക്ക് നൽകേണ്ട തീയതി:

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം കണക്കു സമർപ്പിച്ചിരിക്കണം. കണക്കിനോടൊപ്പം രസീത്, വൗച്ചർ, ബില്ല് തുടങ്ങിയവയുടെ പകർപ്പ് നൽകണം. ഒറിജിനൽ, സ്ഥാനാർത്ഥിതന്നെ സൂക്ഷിക്കണം. ആവശ്യപ്പെടുന്നതായാൽ ഹാജരാക്കണം.

കണക്കുകളുടെ പരിശോധന:

ഇപ്രകാരം സമർപ്പിക്കുന്ന കണക്കുകൾ പരിശോധിക്കുന്നതിന് അഞ്ചു രൂപാ ഫീസ് നൽകുന്ന ആർക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. അതുപോലെ 25 രൂപാ ഫീസ് നൽകുന്നവർക്ക് കണക്കിന്റെ ഭാഗികമായോ, പൂർണ്ണമായോ പകർപ്പും നൽകുന്നതാണ്.

കമ്മീഷന്റെ പരിശോധന:

സമർപ്പിക്കുന്ന കണക്കുകൾ പരിശോധിക്കുന്നതിന് കമ്മീഷൻ പ്രത്യേക സംവിധാനം ഉണ്ടാക്കുന്നതാണ്.

ശരിയായ കണക്ക് സമർപ്പിക്കാത്തവർക്കുള്ള അയോഗ്യത:

താഴെപറയുന്ന കാര്യങ്ങൾക്ക് സ്ഥാനാർത്ഥിയെ അയോഗ്യനായി പ്രഖ്യാപിക്കുതാണ്.

1. നിശ്ചിത സമയപരിധിക്കുള്ളിൽ കണക്ക് സമർപ്പിക്കാതിരിക്കുക
2. നിർണ്ണയിക്കപ്പെട്ട രീതിയിൽ കണക്ക് സമർപ്പിക്കാതിരിക്കുക.
3. നിശ്ചിത ഫാറത്തിൽ സമർപ്പിക്കാതിരിക്കുക.
4. അപൂർണ്ണമായ കണക്കുകൾ സമർപ്പിക്കുക.
5. തെറ്റായ കണക്ക് സമർപ്പിക്കുക.
6. വൗച്ചറുകൾ, ബില്ലുകൾ തുടങ്ങിയ രേഖകളുടെ പകർപ്പുകൾ നൽകാതിരിക്കുക.
7. ബന്ധപ്പെട്ട ഉദ്യോഗസ്ഥനു സമർപ്പിക്കാതെ മറ്റാർക്കെങ്കിലും കണക്കു സമർപ്പിക്കുക
8. കണക്ക് നിയമാനുസൃതമല്ലാതിരിക്കുക.
9. പരിധിയിൽ കവിഞ്ഞ് ചെലവഴിക്കുക.

സ്ഥാനാർത്ഥിതന്നെ കണക്ക് സമർപ്പിക്കേണ്ടതാണ്. കണക്ക് കൊടുത്തു എന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും തീയതിയും മുദ്രയും ഉള്ള രസീതുകൾ വാങ്ങി സൂക്ഷിക്കുകയും വേണം.

പരിശോധനയിൽ മതിയായ കാരണമില്ലാതെ കുറ്റക്കാരെന്നു കാണുന്ന സ്ഥാനാർത്ഥികളെ മറ്റു നടപടികളെല്ലാം പൂർത്തിയാക്കി അഞ്ചു വർഷത്തേക്കു ഗസറ്റു വിജ്ഞാപനം മൂലം അയോഗ്യരായി കമ്മീഷന് പ്രഖ്യാപിക്കാവുന്നതാണ്.

തിരഞ്ഞെടുപ്പ് സമയത്തുള്ള പരിശോധന:

തിരഞ്ഞെടുപ്പ് ഘടം പ്രഖ്യാപിക്കുന്നതിനു മുൻപ്, ഏതു തീയതിയിലും, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കമ്മീഷൻ നിയമിക്കുന്ന തിരഞ്ഞെടുപ്പ് നിരീക്ഷകൻ എന്നിവർക്ക് കണക്കുകൾ പരിശോധിക്കാവുന്നതും, പരിശോധിച്ച കാര്യം കണക്കു സൂക്ഷിക്കുന്ന ഘാഠത്തിൽ തന്നെ രേഖപ്പെടുത്താവുന്നതും, അതിനുവേണ്ടി സ്ഥാനാർത്ഥിയോ ഏജന്റോ കണക്കുകൾ ഹാജരാക്കേണ്ടതുമാണ്. കണക്കു സംബന്ധിച്ച് നിരീക്ഷകൻ നൽകുന്ന റിഷോർട്ടും, കണക്കു പരിശോധനയിൽ പരിഗണിക്കുന്നതാണ്.

ചെലവ്:

സ്ഥാനാർത്ഥികളുടെ ദൈനംദിന കണക്കുകൾ പരിശോധിക്കുന്നതിനു, അവരുടെ തിരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച് അതാതിടങ്ങളിൽവച്ച് വിലയിരുത്തുന്നതിനും, ചെലവ് നിരീക്ഷകരെ നിയമിച്ചിട്ടുണ്ട്. സ്ഥാനാർത്ഥികൾ ഉപയോഗിക്കുന്ന വാഹനങ്ങൾ, അച്ചടിച്ച നോട്ടീസുകൾ, ചുവർ പരസ്യങ്ങൾ, ബാനറുകൾ, കമാനങ്ങൾ, നടത്തിയ യോഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ചെലവ് നിരീക്ഷകൻ പ്രത്യേക പരിശോധനയും അന്വേഷണവും നടത്തേണ്ടതാണ്. ചെലവ് നിരീക്ഷകൻ ആവശ്യപ്പെടു മ്പോൾ അതുവരെയുള്ള കണക്കുകൾ സ്ഥാനാർത്ഥിയോ, ഏജന്റോ ഹാജരാക്കണം.

ഗുണകാംക്ഷികളോ രാഷ്ട്രീയ പാർട്ടിയോ ചെലവാക്കുന്ന ചെലവുകൾ:

ഒരു സ്ഥാനാർത്ഥിക്കുവേണ്ടി സ്ഥാനാർത്ഥിയുടെ ഗുണകാംക്ഷികളോ, രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തുക സംബന്ധിച്ച്, ഏത് കാര്യത്തിന് ആര് ചെലവാക്കിയെന്നും, മറ്റുമുള്ള വിശദ വിവരങ്ങൾ രേഖാമൂലം ഉടനെതന്നെ വാരണാധികാരിയെ അറിയിച്ചിരിക്കണം. ചെലവുചെയ്ത ആളോ, പാർട്ടിയോ ചെലവു ചെയ്ത തുക സംബന്ധിച്ച് എന്തിനുവേണ്ടി എന്നു ചെലവാക്കിയെന്നത് സംബന്ധിച്ചും, വിശദമായ വിവരങ്ങൾ സ്ഥാനാർത്ഥി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. തർക്കമുണ്ടായാൽ, അവ ആവശ്യപ്പെടുന്ന അധികാരി മുൻപാകെ ഹാജരാക്കുകയും വേണം. അല്ലാത്ത പക്ഷം ആ ചെലവുകൾ സ്ഥാനാർത്ഥിയുടെ ചെലവായി കണക്കാക്കുന്നതാണ്.

പരാതികൾ:

നിയമവിരുദ്ധമായ ചെലവുകൾ നടത്തുന്ന കാര്യം സംബന്ധിച്ച് ലഭിക്കുന്ന എല്ലാ പരാതികളും, കമ്മീഷനും, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും, ചെലവ് നിരീക്ഷകന് കൈമാറുന്നതും, അന്വേഷിക്കുന്നതുമാണ്. പണത്തിന്റെ അമിതമായ സ്വാധീനം തിരഞ്ഞെടുപ്പിൽ ഒഴിവാക്കുന്നതിനുവേണ്ടി കമ്മീഷൻ നിയമാനുസൃതമായ എല്ലാ നടപടികളും എടുക്കുന്നതാണ്.

ഒപ്പ്

കെ. ശശിധരൻ നായർ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

പകർപ്പ് :

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർ
തിരഞ്ഞെടുപ്പ് നിരീക്ഷകർ (ജനറൽ)
തിരഞ്ഞെടുപ്പ് നിരീക്ഷകർ (ചെലവ്)
എല്ലാ വരണാധികാരികൾക്കും
കമ്മീഷനിലെ എല്ലാ ഉദ്യോഗസ്ഥർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ.
കമ്പ്യൂട്ടർ പ്രോഗ്രാമർ

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

വിജ്ഞാപനം

സ.ഉ (പി). നം. 290/2015/തസ്വഭവ തിരുവനന്തപുരം, 15 സെപ്റ്റംബർ, 2015
1191 ചിങ്ങം, 30.

എസ്.ആർ.ഒ. നമ്പർ ...../2015.- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 2015 ആഗസ്റ്റ് 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 255/2015/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2015 ആഗസ്റ്റ് 3-ാം തീയതിയിലെ 1812-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 494/2015 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി കൂടിയാലോചിച്ചതിനുശേഷവും, 2015 ആഗസ്റ്റ് 26-ാം തീയതിയിലെ 35526/ഇ.എം3/2014/തസ്വഭവ നമ്പരായി 2015 ആഗസ്റ്റ് 26-ാം തീയതിയിലെ 1990-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷവും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ, (2)-ാം കോളത്തിൽ പറയുന്ന, ബ്ലോക്ക് പഞ്ചായത്തുകളെ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകളുടെ ഭൂപ്രദേശത്തിൽ (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം രൂപീകരിച്ചുകൊണ്ടും അതിന് (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിച്ചുകൊണ്ടും കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത്:-

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2015-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനു മുൻപായി കേരള സംസ്ഥാനത്ത് 2015 നവംബർ 1 ന് പ്രാബല്യത്തിൽ വരത്തക്കവിധം 28 മുനിസിപ്പാലിറ്റികളും, ഒരു കോർപ്പറേഷനും പുതുതായി രൂപീകരിക്കുകയും, ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളോടോ കോർപ്പറേഷനുകളോടോ കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. അപ്രകാരം ചില ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി ഉയർത്തുകയോ മുനിസിപ്പാലിറ്റികളോടോ കോർപ്പറേഷനുകളോടോ കൂട്ടിച്ചേർക്കുകയോ ചെയ്തതും കാരണം 2015 നവംബർ 1 മുതൽ അവ ഉൾക്കൊള്ളുന്ന നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ ഭൂപ്രകൃതിയിൽ വ്യത്യാസം വരുന്നതിനാൽ 2015 ആഗസ്റ്റ് 3-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 255/2015/ത.സ്വ.ഭ.വ. നമ്പരായി 152 ബ്ലോക്ക് പഞ്ചായത്തുകളെ പുന:ക്രമീകരിച്ചുകൊണ്ട് 2015 ആഗസ്റ്റ് 3-ാം തീയതിയിലെ 1812-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ എസ്.ആർ.ഒ. 494/2015 നമ്പരായി ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 2015 ഏപ്രിൽ 25-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 241/2015 വിജ്ഞാപനപ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2015 ആഗസ്റ്റ് 10-ാം തീയതിയിലെ വിധിന്യായപ്രകാരം അസാധുവാക്കിയ സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിജ്ഞാപനം അതിലംഘിച്ചുകൊണ്ട് ഒരു പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു. അതിനനുസൃതമായി സംസ്ഥാനത്ത് 152 ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:ക്രമീകരണത്തിനുള്ള കരട് നിർദ്ദേശം 2015 ആഗസ്റ്റ് 26-ാം തീയതിയിലെ 1990-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 35526/ഇ.എം3/2014/തസ്വഭവ എന്ന വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിരുന്നു. അതിൻമേൽ ലഭിച്ച ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ചതിനുശേഷം 2015 നവംബർ 1 മുതൽ

പ്രാബല്യത്തിൽ വരത്തക്കവണ്ണം സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളെ പുന:ക്രമീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

പട്ടിക

ജില്ലയുടെ പേര്	പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ പേര്	പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ പുനഃക്രമീകരിച്ച ഗ്രാമപഞ്ചായത്തുകൾ	പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം
(1)	(2)	(3)	(4)
തിരുവനന്തപുരം	പാറശ്ശാല	പാറശ്ശാല കാരോട് കുളത്തൂർ ചെങ്കൽ തിരുപുറം പൂവ്വാർ	പാറശ്ശാല
	പെരുംകടവിള	വെള്ളറട കുന്നത്തുകാൽ കൊല്ലയിൽ പെരുങ്കടവിള ആര്യങ്കോട് ഒറ്റശേഖരമംഗലം കള്ളിക്കാട് അമ്പൂരി	പെരുംകടവിള
	അതിയന്നൂർ	അതിയന്നൂർ കാഞ്ഞിരംകുളം കരുംകുളം കോട്ടുകാൽ വെങ്ങാനൂർ	ആറാലുംമൂട്
	നേമം	മാറനല്ലൂർ ബാലരാമപുരം പള്ളിച്ചൽ മലയിൻകീഴ് വിളപ്പിൽ വിളവൂർക്കൽ കല്ലിയൂർ	മലയിൻകീഴ്
	പോത്തൻകോട്	പോത്തൻകോട് മംഗലപുരം അണ്ടൂർക്കോണം കഠിനംകുളം അഴൂർ	കഴക്കൂട്ടം
	വെള്ളനാട്	കാട്ടാക്കട വെള്ളനാട് പൂവച്ചൽ ആര്യനാട് വിതുര കുറ്റിച്ചൽ ഉഴമലയ്ക്കൽ തൊളിക്കോട്	വെള്ളനാട്

	നെടുമങ്ങാട്	കരകുളം അരുവിക്കര വെമ്പായം ആനാട് പനവൂർ	വേങ്കവിള
	വാമനപുരം	വാമനപുരം മാണിക്കൽ നെല്ലനാട് പുല്ലംപാറ നന്ദിയോട് പെരിങ്ങമ്മല കല്ലറ പാങ്ങോട്	വെഞ്ഞാറമൂട്
	കിളിമാനൂർ	പുളിമാത്ത് കരവാരം നഗരൂർ പഴയകുന്നുമ്മൽ കിളിമാനൂർ നാവായിക്കുളം മടവൂർ പള്ളിക്കൽ	ചെങ്കിക്കുന്ന്
	ചിറയിൻകീഴ്	ചിറയിൻകീഴ് കടയ്ക്കാവൂർ വക്കം അഞ്ചുതെങ്ങ് കിഴുവിലം മുദാക്കൽ	മുടപുരം
	വർക്കല	വെട്ടൂർ ചെറുന്നിയൂർ ഇടവ ഇലകമൺ ചെമ്മരുതി മണനൂർ ഒറ്റൂർ	ദളവാപുരം
കൊല്ലം	ഓച്ചിറ	ഓച്ചിറ കുലശേഖരപുരം തഴവ ക്ലാഷ്ന ആലപ്പാട് തൊടിയൂർ	ചങ്ങൻക്കുളങ്ങര
	ശാസ്താംകോട്ട	മൈനാഗപ്പള്ളി ശാസ്താംകോട്ട വെസ്റ്റ് കല്ലട ശൂരനാട് സൗത്ത് പോരുവഴി കുന്നത്തൂർ ശൂരനാട് നോർത്ത്	സിനിമാപ്പറമ്പ്

	വെട്ടിക്കവല	ഉമ്മന്നൂർ വെട്ടിക്കവല മേലില മൈലം കുളക്കട പവിത്രേശ്വരം	വെട്ടിക്കവല
	പത്തനാപുരം	വിളക്കുടി തലവൂർ പിറവന്തൂർ പട്ടാഴി വടക്കേക്കര പട്ടാഴി പത്തനാപുരം	പിടവൂർ
	അഞ്ചൽ	കുളത്തൂപ്പുഴ ഏരൂർ അലയമൺ അഞ്ചൽ ഇടമുളയ്ക്കൽ കരവാളൂർ തെന്മല ആര്യങ്കാവ്	അഞ്ചൽ
	* കൊട്ടാരക്കര	വെളിയം പൂയപ്പള്ളി കരീപ്ര എഴുകോൺ നെടുവത്തൂർ	കൊട്ടാരക്കര
	* ചിറ്റുമല	തൃക്കരുവ പനയം മൺട്രോ തുരുത്ത് ഈസ്റ്റ് കല്ലട പെരിനാട് കുണ്ടറ പേരയം	ഈസ്റ്റ് കല്ലട
	ചവറ	തെക്കുംഭാഗം ചവറ തേവലക്കര പന്മന നീണ്ടകര	ശങ്കരമംഗലം
	മുഖത്തല	മയ്യനാട് ഇളമ്പള്ളൂർ തൃക്കോവിൽ വട്ടം കൊറ്റൻകര നെടുമ്പന	മുഖത്തല
	ഇത്തിക്കര	പൂതക്കുളം കല്ലുവാതുക്കൽ ചാത്തന്നൂർ ചിറക്കര ആദിച്ചനല്ലൂർ	ചാത്തന്നൂർ

	ചടയമംഗലം	ചിതറ കടയ്ക്കൽ ചടയമംഗലം ഇട്ടിവ വെളിനല്ലൂർ ഇളമാട് നിലമേൽ കുമ്മിൾ	ചടയമംഗലം
പത്തനംതിട്ട	മല്ലപ്പള്ളി	ആനിക്കാട് കവിയൂർ കൊറ്റനാട് കല്ലൂപ്പാറ കുന്നന്താനം മല്ലപ്പള്ളി കോട്ടാങ്ങൽ	കൈപ്പട്ടൂർ
	പുളിക്കീഴ്	കടപ്ര കുറ്റൂർ നിരണം നെടുമ്പ്രം പെരിങ്ങര	വളഞ്ഞവഴി
	കോയിപ്രം	അയിരൂർ ഇരവിപേരൂർ കോയിപ്രം തോട്ടപ്പുഴശ്ശേരി എഴുമറ്റൂർ പുറമറ്റം	പുല്ലാട്
	ഇലന്തൂർ	ഓമല്ലൂർ ചെന്നീർക്കര ഇലന്തൂർ ചെറുകോൽ കോഴഞ്ചേരി മല്ലപ്പുഴശ്ശേരി നാരങ്ങാനം	ഇലന്തൂർ
	റാന്നി	റാന്നി - പഴവങ്ങാടി റാന്നി റാന്നി -അങ്ങാടി റാന്നി - പെരുനാട് വടശ്ശേരിക്കര ചിറ്റാർ സീതത്തോട് നാറാണംമൂഴി വെച്ചൂച്ചിറ	റാന്നി
	കോന്നി	കോന്നി അരുവാപ്പുലം പ്രമാടം മൈലപ്ര വള്ളിക്കോട് തണ്ണിത്തോട്	പ്രമാടം

		മലയാലപ്പുഴ	
	* പന്തളം	പന്തളം തെക്കേക്കര തുമ്പമൺ കുളനട ആറന്മുള മെഴുവേലി	കുളനട
	പറക്കോട്	ഏനാദിമംഗലം ഏറത്ത് ഏഴംകുളം കടമ്പനാട് കലഞ്ഞൂർ കൊടുമൺ പള്ളിക്കൽ	അടൂർ *(മുനിസിപ്പൽ പ്രദേശം)*
The Private Secretaries to the Chief Minister and other Ministers.
The Private Secretary to the Leader of Opposition, Government Chief Whip, Speaker & Deputy Speaker.
The Director of Public Relations, Thiruvananthapuram.
The State Election Commissioner, Kerala, Thiruvananthapuram.
The State Chief Information Commissioner (with C.L.)
The Nodal Officer, www.finance.kerala.gov.in.
The Stock File/Office Copy.

Forwarded By Order

Section Officer

കേരള സർക്കാർ
ധനകാര്യ (റൂൾസ്-ബി) വകുപ്പ്
സർക്കുലർ

നം.1/2016/ധനം **തീയതി, തിരുവനന്തപുരം,08 ജനുവരി, 2016.**

വിഷയം : കെ.എസ്.ആർ- അംഗപരിമിതരായ ജീവനക്കാരുടെ പ്രത്യേക ആകസ്മികാവധി സംബന്ധിച്ച സർക്കുലർ ഭേദഗതി വരുത്തുന്നത്- സംബന്ധിച്ച്.

സൂചന : 1. 20.01.2015-ലെ സർക്കുലർ നം. 13/15/ധന.
2. അംഗപരിമിതരായ സംസ്ഥാന സർക്കാർ ജീവനക്കാരുടെ 06.10.2015-ലെ നിവേദനം.

കെ.എസ്.ആർ, ഭാഗം I, അനുബന്ധം VII , സെക്ഷൻ II, ചട്ടം 16-ും 16 A-യും പ്രകാരം അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് ടി ചട്ടത്തിൽ പറയുന്ന ആവശ്യങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഒരു കലണ്ടർ വർഷത്തിൽ 15 ദിവസത്തെ പ്രത്യേക ആകസ്മികാവധിയ്ക്ക് അർഹതയുണ്ട്.

2. കെ.എസ്.ആർ, ഭാഗം I, അനുബന്ധം VII , സെക്ഷൻ II, ചട്ടം 16-ും 16 A-യും അനുസരിച്ച് പ്രത്യേക ആകസ്മികാവധി അനുവദിയ്ക്കുമ്പോൾ ഇടയ്ക്കുവരുന്ന ഒഴിവു ദിനങ്ങൾ ഉൾപ്പെടുന്നതാണെന്ന് സൂചന 1-ലെ സർക്കുലറിൽ വ്യക്തമാക്കിയിരുന്നു.

3. എന്നാൽ സൂചന 2-ലെ നിവേദനത്തിൽ അംഗപരിമിതരായ സർക്കാർ ജീവനക്കാർ, ഇടയ്ക്കുവരുന്ന ഒഴിവുദിനങ്ങൾ ഉൾപ്പെടെ പ്രത്യേക ആകസ്മികാവധി അനുവദിച്ചാലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിയ്ക്കുകയും കെ.എസ്.ആർ, ഭാഗം I, അനുബന്ധം VII , സെക്ഷൻ II, ചട്ടം 16-ും 16 A-യും പ്രകാരം, അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന 15 ദിവസത്തെ പ്രത്യേക ആകസ്മികാവധി ഇടയ്ക്കുവരുന്ന ഒഴിവു ദിനങ്ങൾ ഒഴിവാക്കി അനുവദിയ്ക്കേണ്ടതാണെന്ന് സൂചന 1-ലെ സർക്കുലറിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

5. ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

ജി.അശോക് കുമാർ
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ.); കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും.
സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
സെക്രട്ടറി, കേരളാ നിയമസഭാ സെക്രട്ടറിയേറ്റ് (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/കൊച്ചി/കാലിക്കറ്റ്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാല (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
ഗവർണ്ണറുടെ സെക്രട്ടറി.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി.
പ്രതിപക്ഷ നേതാവിന്റെയും, ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി.
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
മുഖ്യ വിവരാവകാശ കമ്മീഷണർ(ആമുഖ കത്ത് സഹിതം)
സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, *www.finance.kerala.gov.in*
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Finance Department - Enhancement of remuneration of daily wage personnel and persons on contract appointment - orders issued.

FINANCE (EXPENDITURE C) DEPARTMENT

G.O. (P) No. 28/2016/Fin **Dated, Thiruvananthapuram, 26/02/2016**

Read :- 1. G.O.(P) No.466/2014/Fin Dated 28/10/2014
2. G.O.(P) No.175/2015/Fin Dated 14/05/2015
3. G.O.(P) No.7/2016/Fin Dated 20/01/2016

ORDER

As per the Government Orders read I[st] and 2nd above wages of persons engaged on daily wage basis were fixed. As per the Government Order read 3rd above orders were issued revising the Pay and Allowances of State Government Employees and teachers. Consequent to this, Government have decided to enhance the remuneration of daily waged/contract employees and to issue certain guidelines for the engagement of daily waged/casual workers/contract personnel in Government Departments, Educational Institutions and Grant in Aid Institutions and following orders are issued.

1. Government and its Grant-in-aid institutions shall as far as possible not engage daily wage or casual workers but have to either report the vacancies to the Public Service Commission or select persons as per the extant special rules or guidelines relating to appointments to any post

as specified in various instructions issued earlier. Government Orders restricting appointment by Daily Wages/Contract Pay/Provisional Appointment through Employment Exchange shall continue in force notwithstanding anything contained in this order.

2. However, in exigencies where Government or Grant-in-aid institutions are compelled to engage persons on daily wages or casual labourers or on contract, their wages/contract pay shall be governed as per the following conditions and the category wise remuneration will be as per the Annexure appended with this order.

3. The appointment of any person on daily wages or on contract does not entitle such person for being regularized in Government service.

4. The persons appointed against the posts specified in the Annexure shall be given daily wages as shown in Column II of the Annexure or if they are on contract, their contract pay will be fixed at an amount not more than what is indicated in Column III of the Annexure, subject to the following conditions:

i. Such persons on daily wage basis should be engaged only for a period of 179 days at a time. However, in the case of the category of teachers in educational institutions, the persons engaged may be allowed to continue till the end of that academic year.

ii. In future, wherever inevitable, engagement of any daily wage person/casual labourer/contract staff, shall be done only with the explicit sanction of Government. The proposals for sanction for the appointment in such cases shall contain a certificate to the effect that, the appointment is not against a vacancy of post to which a select list notified as per the Recruitment Rule is in force.

iii. This order will be applicable to only persons engaged exactly in roles specified in Column I of the Annexure appended. Before any person is paid the daily wages/contract pay as the case may be, the Head of the Institution or such other person duly authorized for the

purpose, who engages such person, shall make sure that the person satisfies all the essential qualifications as well as experience (if any) specified in the Special Rules or the rules of the Grant-in-aid institution as the case may be. Any deviation from this will **not** be permitted other than with the concurrence of Finance Department.

iv. If any daily wages or contract engagement has been made to any position other than that exactly specified in Column I in the Annexure, then sanction of Government after consultation with Finance Department shall be obtained before fixing the category of that person for the purpose of disbursing daily wages/contract pay.

v. If any amount is disbursed to daily wage workers/casual labourers/contract employees in deviation from these provisions, then such excess remuneration shall be the personal liability of the officer who makes such appointment and the person disbursing such excess remuneration.

vi. Attendance certificate and identification certificate of the persons engaged shall be insisted along with the bills drawing wages for daily waged personnel.

5. The daily wage rate and the monthly contract pay will be revised each year with effect from April 1st, appropriately taking into account the increase in inflation. Finance Department will issue an order in the month of March every year specifying the revised rates. However it will be the discretion of the Government and shall not be a provision in the contract executed in case of contract appointments.

6. Government may place any person who has worked continuously for 10 years or more as on the date of this order, on a contract for 3 years at a time, if have the opinion that such conversion is essential and in public interest, after verifying that the performance, character and conduct of the person is excellent. However, no person working on daily wages or as casual worker will have any right or claim to be considered for appointment on contract basis, and such

appointment shall be solely at the discretion of Government.

7. In the case of daily wage workers, monthly remuneration shall be the multiple of number of days of attendance or total number of working days in a month whichever is less and wage for a day fixed at column II subject to the maximum of the amount fixed at column II of the Annexure. In the case of contract employees, for each number of days of absence other than eligible leave applicable as per the contractual agreement, 1/30 of the contractual amount shall be deducted.

8. These orders will take effect from 01/04/2016

By Order of the Governor

Dr. K. M. Abraham
Additional Chief Secretary (Finance)

To

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Principal Accountant General (G&SSA) Kerala, Thiruvananthapuram.
The Accountant General (E&RSA) Kerala, Thiruvananthapuram.
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government
All Heads of Departments and Officers.
All Departments (All sections) of the Secretariat.
The Secretary, Kerala Public Service Commission (with C.L)
The Registrar, University of Kerala/Cochin/Calicut/M.G/Kannur/Sanskrit (with C.L)
The Registrar, Kerala Agricultural University, Thrissur (with C.L)
Secretary, Kerala State Electricity Board (with C.L)
The General Manager, Kerala State Road Transport Corporation (with C.L)
The Registrar, High Court, Ernakulam (with C.L)
The Private Secretaries to Chief Minister and Other Ministers

The Private Secretaries to Speaker, Deputy Speaker, The Leader of Opposition and Government Chief Whip

Director of Public Relations, Thiruvananthapuram.

The Secretary to Governor.

The Director of Treasuries, Thiruvananthapuram.

All District Treasuries/Sub Treasuries.

The Nodal Officer, www.finance.kerala.gov.in

Forwarded/By Order

Accounts Officer

ANNEXURE

I	II	III
Category I Office Attendant, Amenities Assistant (MLA Hostel),Waiter/Bearer /Room Attendant/Lascar/ Gardener/Kitchen Helper, Hospitality Assistant, Ploughmen/Bottle Picker/Regular Mazdoor, Permanent Servant, Poultry Attendant (Animal Husbandry), Dhobi, Depot Watcher/Reserve Watcher/Plantation Watcher (Forest), Elephant Mahout/Cavadies (Forest), Field Worker, Cobbler, Dark Room Assistant, Worker/Mason, Dredger Cleaner, Dredger Worker, Dredger Watcher, Village Field Assistant, Camp Follower (Police), Matron, Ayah, Chainman (Survey), Lab Attender, Mortury Attender, Lift Operator, CT Helper, Hospital Attendant, House Keeper, Nursing Assistant, Power Laundry Helper, Worker (Health), Laundry Man/Women in Health Services Department	Daily Wage - Rs. 600/- Maximum daily wages payable in a month: Rs. 16200/-	Maximum Monthly Contract Pay: Rs.16500/-
Category II Office Attendant cum Driver, Driver – Motor, Driver – Tractor, Driver – Boat Syrang/Engine Driver /Loco Driver, Chauffeur, Butler, Steward, Part Time Special Teacher (UP School and High School), Laboratory Assistant/Junior Laboratory Assistant in Hospitals, Instructor (pottery, plastic, leather, tailoring, book binding) in Social Justice Department, Junior Instructor (Compositing and Printing, Weaving, Raton, Bookbinding) in Technical Education Department, Electrician, Pump Operator,Welder, Plumber, Turner,Fitter in all Departments.	Daily Wage - Rs. 650/- Maximum daily wages payable in a month: Rs. 17550/-	Maximum Monthly Contract Pay: Rs.18000/-

Category III Clerk/Clerk cum Accountant/Junior Accountant/Lower Division Typist/Clerk cum Typist/Clerk Typist/Typist Clerk/Data Entry Operator, Roller Driver, Security Guard, Draftsman/Overseer, Ayurveda Therapist, Part Time language Teacher (High School), Treatment Organizer (Health Service Department), Rehabilitation Technician (Health Service Department), Village Assistant (Revenue), Printer/Compositor/Binder (Printing), Junior Instructor (Industrial School) and Tradesman in Technical Education Department, Steward (Tourism), Laboratory Assistant (Higher Secondary School, Vocational Higher Secondary School), Receptionist in Health Services Department, Dialysis Technician, C T Technician, Neuro Technician, OT Technician, Anaesthesia Technician, ECG Technician, EEG Technician, TMT Technician	Daily Wage - Rs. 675/- Maximum daily wages payable in a month: Rs. 18900/-	Maximum Monthly Contract Pay: Rs.19000/-
Category IV Confidential Assistant /Steno Typist, Computer Assistant in Secretariat, PSC, State Audit Department, Enquiry Commission and Special Judge, Advocate General Office, Vigilance Tribunal, High Court, Universities DTP Operator/Computer Programmer Agriculture Assistant Laboratory Technician (Animal Husbandry) Live Stock Inspector (Animal Husbandry) Pharmacist(Homoeo,Ayurveda), Nurse(Homoeo, Ayurveda) Tracer (Soil Survey)	Daily Wage - Rs. 700/- Maximum daily wages payable in a month: Rs. 19600/-	Maximum Monthly Contract Pay: Rs. 20000/-

Category V Librarian Statistical Assistant /Statistical Investigator Teacher (Craft), Instructor Work Experience Programme (Upper Primary and Lower Primary School) Assistant Teacher without Special Training, Schools for the Handicapped, Dental Hygienist, Optometrist, Pharmacist, Lab Technician, Radiographer, Blood Bank Technician, Theatre Technician, Junior Public Health Nurse, Junior Health Inspector, Bulldozer Operator (Irrigation), Dredger Operator/Dredger Driver, Assistant (Police SBCID), Literacy Teacher, Nursery Teacher, Craft Instructor, Music Teacher Agriculture Instructor, Carpentry Instructor, Weaving Instructor, Drill Instructor, Dance Master, Physical Training Instructor (Social Justice) Surveyor, X ray Technician	Daily Wage - Rs. 750/- Maximum daily wages payable in a month: Rs. 21900/-	Maximum Monthly Contract Pay: Rs. 22000/-
Category VI Teacher/Instructor /Fishing Technology Assistant/Sewing Mistress/Pandit/Junior Pandit/Drill Master/Drawing Master/Bhagavatar (Upper Primary and Lower Primary Schools) in General Education department. Trade Instructor (Technical Education Department) Instrument Mechanic (Technical Education Department)	Daily Wage - Rs. 850/- Maximum daily wages payable in a month: Rs. 24650/-	Maximum Monthly Contract Pay: Rs. 25200/-
Category VII Reader (Legislature Secretariat), Reception Assistant in Kerala House	Daily Wage - Rs. 900/- Maximum daily wages payable in	Maximum Monthly Contract Pay: Rs. 26500/-

Information Assistant (Kerala House) ITI Junior Instructor/ACD Instructor (Industrial Training Department)	a month: Rs. 26100/-	
Category VIII Assistant/Auditor (Secretariat/PSC/State Audit Department/Advocate General Office, High Court, Vigilance Tribunal , Enquiry Commission and Special Judge Universities), Reporter (Legislature Secretariat) Instructors and Specialist Teachers (Secondary Schools) Staff Nurse, Dietician (Health Service Department), Photographer (I&PRD)	Daily Wage - Rs. 975/- Maximum daily wages payable in a month: Rs. 27300/-	Maximum Monthly Contract Pay: Rs. 27800/-
Category IX Legal Assistant (Law Secretariat) High School Assistant (Secondary School) Assistant Teacher with Special Training Schools for the Handicapped, Instructor (Engineering, Govt. Commercial Institute, Shorthand, Commerce, Secretarial Practice (Technical Education)	Daily Wage - Rs. 975/- Maximum daily wages payable in a month: Rs. 29000/-	Maximum Monthly Contract Pay: Rs.29200/-
Category X High School Assistant in Schools for Handicapped, Higher Secondary School Teacher (Junior),Vocational Higher Secondary School Teacher (Junior), Non Vocational Higher Secondary School Teacher (Junior), Non Vocational Teacher (GFC)(Max. Number of days allowed for GFC Teacher will be 9 in a month subject to the maximum of Rs. 9000) Micro Biologist, Physiotherapist in Health Services and Medical Education Department	Daily Wage - Rs. 1075/- Maximum daily wages payable in a month: Rs. 32250/-	Maximum Monthly Contract Pay: Rs.32300/-

Category XI Agriculture Officer (Agri), Veterinary Surgeon (AH) Analyst (Drugs Control) Higher Secondary School Teacher Senior (Higher Secondary Education Department) Medical Officer (Homoeo), Homoeopathy Department, Medical Officer (Ayurveda, Specialist) Indian System of Medicine Department, Assistant Insurance Medical Officer (Ayurveda/Homoeo), Assistant Engineer (PWD, Irrigation, Harbour Engineering, Agriculture), Non Engineering Lecturer (Technical Education), Vocational Higher Secondary School Teacher Senior, Non Vocational Higher Secondary School Teacher Senior	Daily Wage - Rs. 1300/- Maximum daily wages payable in a month: Rs. 39000/-	Maximum Monthly Contract Pay: Rs. 39500/-
Category XII Medical Officer in Health Service Department and Insurance Medical Service Departments including General and Specialist	Daily Wage - Rs. 1750/- Maximum daily wages payable in a month: Rs. 50750/-	Maximum Monthly Contract Pay: Rs. 51600/-

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള താല്ക്കാലിക തസ്തികമാറ്റനിയമനം നൽകുന്നതിന് ~~തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി~~ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ2ഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധാ) നം.1192/2016/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 04-03-2016.

പരാമർശം 1. 23-08-2012-ലെ സ.ഉ (കൈ) നം. 41/2012/ഉഭവ.
2. 23-11-2013-ലെ സ.ഉ. (സാധ) നം. 2869/2013/തസ്വഭവ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08-10-2014, 09-03-2015 തീയതികളിലെ. എ 2-12471/2014/സി.ഇ./തസ്വഭവ. നം. കത്തുകൾ.

ഉത്തരവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ യു.ഡി.ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനുള്ള അനുമതിക്കായി പരാമർശം 3 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിച്ചിരുന്നു. അപ്രകാരം 10 അപേക്ഷകൾ ലഭിച്ചതിൽ 4 പേർ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് ആഗിരണം ചെയ്യപ്പെട്ട പ്പോൾതന്നെ യു.ഡി.ടൈപ്പിസ്റ്റായിട്ടുള്ളവരും 4 പേർ പ്രൊവിഷണൽ പ്രൊമോഷൻ മുഖേന യു.ഡി.ടൈപ്പിസ്റ്റായവരും 2 പേർ വകുപ്പിൽ തുടർന്നുവരുന്നവരുമാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ഭരണപരമായ അത്യാവശ്യം പരിഗണിച്ചും, പൊതുതാല്പര്യാർത്ഥവും KS&SSRs Part II, ചട്ടം 31 (a) (i) പ്രകാരം ജൂനിയർ സൂപ്രണ്ട് വരെയുള്ള തസ്തികകളിൽ യോഗ്യരായവർക്ക് താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകുവാൻ പരാമർശം 3 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഭരണപരമായ അത്യാവശ്യം കണക്കിലെടുത്തും പൊതുതാല്പര്യാർത്ഥവുമാണ് വിവിധ വകുപ്പുകളിൽനിന്ന് ജീവനക്കാർ സർക്കാർ സ്പോൺസർ ചെയ്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ option നൽകി തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ പ്രവേശിച്ചത് എന്നതിനാൽ മേൽപ്പറഞ്ഞപ്രകാരം വിവിധ തസ്തികകളിലേക്ക് താല്ക്കാലിക പ്രൊമോഷൻ നൽകിയതു പോലെ, മിനിസ്റ്റീരിയൽ കേഡർ തുപീകരണം അനന്തമായി

നീണ്ടുപോകുന്ന സാഹചര്യ ത്തിൽ, യു.ഡി. ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അപ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി യോഗ്യരായ ഉദ്യോഗസ്ഥർക്ക് ചട്ടപ്രകാരമായ അനുപാതത്തിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക നിയമനം നൽകുവാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(1) 26-09-1968-ലെ GO (MS) No.301/68/PD., 23/8/2012-ലെ GO (MS) No.41/2012/P&ARD എന്നീ ഉത്തരവുകൾ പ്രകാരം ടൈപ്പിസ്റ്റ് കാറ്റഗറിയിൽ 5 വർഷം സേവനവും നിശ്ചിത യോഗ്യതയും ഉള്ളവരും എന്നാൽ യു.ഡി. ടൈപ്പിസ്റ്റ് കാറ്റഗറിയിൽ സേവനമനുഷ്ഠിക്കുന്നതുമായ യു.ഡി.ടൈപ്പിസ്റ്റുമാർക്ക് ഒരു വകുപ്പിലുണ്ടാകുന്ന യു.ഡി. ക്ലാർക്ക് തസ്തികയിലെ ഓരോ 6-ാംമത്തെ റഗുലർ ഒഴിവിലേക്കും തസ്തികമാറ്റ നിയമനം നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം KS & SSRs Part II, ചട്ടം 9 (i) (a) പ്രകാരം യു.ഡി. ടൈപ്പിസ്റ്റുമാർക്ക് യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക തസ്തികമാറ്റം അനുവദിക്കാവുന്നതാണ്.

(2) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ യു.ഡി.ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കുന്നവർക്ക് അവരുടെ മാതൃവകുപ്പിലെ സീനിയോറിറ്റിയുടേയും, വകുപ്പുതല പരീക്ഷ വിജയിച്ചതിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ നാളിതുവരെ ഉണ്ടായിട്ടുള്ളതും ഇനി ഉണ്ടാവുന്നതുമായ ഒരോ 6-ാംമത്തെ ഒഴിവിലേയ്ക്കും മേൽപ്പറഞ്ഞ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് പ്രൊവിഷണലായി മാത്രം യു.ഡി. ക്ലാർക്കായി തസ്തിക മാറ്റം അനുവദിക്കാവുന്നതാണ്.

(3) ഇപ്രകാരമുള്ള തസ്തികമാറ്റം തികച്ചും പ്രൊവിഷണൽ ആയിരിക്കും, കാലക്രമത്തിൽ മിനിസ്റ്റീരിയൽ കേഡർ രൂപീകരിച്ച്, ചട്ടപ്രകാരം സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കി. യോഗ്യതയുടേയും സീനിയോറിറ്റിയുടേയും നിയമന ഊഴത്തിന്റേയും അടിസ്ഥാനത്തിൽ റഗുലർ പ്രൊമോഷൻ നല്കുന്ന മുറയ്ക്ക് ഇവരുടെ പ്രൊവിഷണലായുള്ള തസ്തികമാറ്റ നിയമനത്തിലുണ്ടാകുന്ന സീനിയോറിറ്റിയിലും മാറ്റം വരാവുന്നതാണ്.

(4) ഇപ്രകാരം തസ്തികമാറ്റം അനുവദിക്കുന്ന ഉദ്യോഗസ്ഥരിൽ, താല്ക്കാലിക സ്ഥാനക്കയറ്റം വഴി യു.ഡി.ടൈപ്പിസ്റ്റായ ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ റെഗുലറൈസ് ചെയ്യപ്പെടുന്ന തീയതിക്കും യു.ഡി.ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾക്കും ആനുപാതികമായി മാത്രമേ യു.ഡി.ക്ലർക്ക് തസ്തികയിലേയ്ക്ക് താല്ക്കാലികമായി നൽകുന്ന തസ്തികമാറ്റം വഴിയുള്ള നിയമനം റെഗുലറൈസ് ചെയ്യപ്പെടുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം.കെ രമേശൻ
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
3. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
5. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
ധനകാര്യ (വ്യയം സി)വകുപ്പ്

സർക്കുലർ

നം. 19/2016/ധന. **തിരുവനന്തപുരം, തീയതി, 05.03.2016**

വിഷയം :- നിലവിലുള്ള താല്ലാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണം - സമയപരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) ജി.ഒ.(പി)501/2005/ഫിൻ തീയതി 25/11/2005.
2) ജി.ഒ.(പി)61/10/ഫിൻ തീയതി 09/02/2010,
3) സർക്കുലർ നം.23/2010/ഫിൻ തീയതി 02/03/2010.

സൂചന (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ 11/2005 -നു മുൻപു നിയമിക്കപ്പെട്ടതും ഇപ്പോഴും തുടർന്ന് വരുന്നതുമായ താല്ലാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30.06.2010 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2) സൂചന (1) സർക്കാർ ഉത്തരവു പ്രകാരം ടി ഉത്തരവിനുശേഷം ആരംഭിക്കുന്ന ഓഫീസുകളിൽ 100 ച.മീ.-ൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ ഉണ്ടെങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ലഭിച്ച ക്രൂപാർശകളിൽ ചട്ടപ്രകാരമുള്ള സ്വീപ്പിംഗ് ഏര്യ ഇല്ല എന്ന കാരണത്താൽ സർക്കാർ മുൻപ് നിരസിച്ചിട്ടുള്ളതും അല്ലാത്തതുമായ പല പ്രൊപ്പോസലുകളും ബന്ധപ്പെട്ട ഓഫീസുകളോട് ചേർന്ന് താല്ലാലിക സംവിധാനം പുതിയതായി സൃഷ്ടിച്ച്, സ്വീപ്പിംഗ് ഏര്യ 100 ച.മീ. -ൽ കൂടുതലാക്കി, പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുവാനും 25/11/2005 – ലെ ജി.ഒ.(പി)501/2005/ഫിൻ ഉത്തരവുപ്രകാരമുള്ള ആനുകൂല്യം 18.06.2001 മുതൽ നല്ലണം എന്ന് ആവശ്യപ്പെട്ടുകൊണ്ടും, സർക്കാരിലേക്ക് വീണ്ടും ലഭിച്ചു കൊണ്ടിരിക്കുന്നു. സൂചന (3) സർക്കുലർ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള സമയ പരിധി 30.06.2010 വരെ ആയിരുന്നെങ്കിലും, സമയപരിധി കഴിഞ്ഞു 5 വർഷത്തിൽ കൂടുതൽ കാലയളവിൽ ടി പ്രൊപ്പോസലുകൾ പരിഗണിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇനിയും ഇക്കാര്യത്തിൽ സമയ പരിധി ദീർഘിപ്പിച്ചു നല്കുന്ന കാര്യം പരിഗണിക്കാനാവില്ല.

3) ഈ സാഹചര്യത്തിൽ സൂചന (1), (2) പ്രകാരമുള്ള താല്ലാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ഈ സർക്കുലർ തീയതിക്കുശേഷം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. എല്ലാ വകുപ്പ തലവൻമാരും ഈ ഉത്തരവ് കർശനമായും പാലിക്കേണ്ടതാണ്.

ഡോ.കെ.എം. എബ്രഹാം
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി &എസ്എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഗവർണ്ണറുടെ സെക്രട്ടറി.
സെക്രട്ടേറിയറ്റിലെ എല്ലാ വകപ്പുകൾക്കും, സെക്ഷനുകൾക്കും.
എല്ലാ വകപ്പ് മേധാവികൾക്കും ഓഫീസ് മേലധികാരികൾക്കും.
സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/ കൊച്ചി/കോഴിക്കോട്/എം.ജി./കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
രജിസ്ട്രാർ, കാർഷിക സർവകലാശാല, തൃശ്ശൂർ.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വ.ജനറൽ, അഡ്വ.ജനറലിന്റെ ഓഫീസ്, എറണാകുളം.
അഡ്വ.ജനറൽ, അഡ്വ.ജനറലിന്റെ ഓഫീസ്, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(എം.എസ്) നം.21/2016/സാ.നീ.വ. തീയതി, തിരുവനന്തപുരം 25.02.2016

പരാമർശം:- 1) 24.08.2015-ലെ സ.ഉ(എം.എസ്) നം.50/2015/സാ.നീ.വ. ഉത്തരവ്
2) 10.08.2015-ലെ സ.ഉ(സാധാ) നം.2469/2015/ത.സ്വ.ഭ.വ. ഉത്തരവ്
3) 30.09.2015, 23.12.2015 എന്നീ തീയതികളിലെ വികേന്ദ്രീകരണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം
4) 16.02.2016-ലെ സ.ഉ (സാധാ) നം. 636/2016/ത.സ്വ.ഭ.വ ഉത്തരവ്

ഉത്തരവ്

സംസ്ഥാനത്തെ അങ്കണവാടികളിൽ ജോലി ചെയ്തു വരുന്ന വർക്കർ, ഹെൽപർ എന്നിവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്ന ഹോണറേറിയം താഴെ പറയും പ്രകാരമാണ്.

വിഭാഗം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ
അങ്കണവാടി വർക്കർ	3000/-	2600/-	5600/-
അങ്കണവാടി ഹെൽപർ	1500/-	2600/-	4100/-

2)പരാമർശം (2) പ്രകാരം വർക്കർ / ഹെൽപർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന പ്രതിമാസ ഹോണറേറിയം 100/- രൂപയിൽ നിന്നും 1000/ രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

3)വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(3) പ്രകാരമുള്ള യോഗങ്ങളിൽ അങ്കണവാടി വർക്കർമാർക്ക് നല്കുന്ന ഹോണറേറിയം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപർമാർക്ക് നല്കുന്ന ഹോണറേറിയം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിരുന്നു. വർദ്ധിപ്പിച്ച നല്കേണ്ട മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നല്കാൻ 10.02.2016-ലെ വികേന്ദ്രീകരണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിനാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നല്കണമെന്ന വ്യവസ്ഥയോടു കൂടി അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ഹോണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് അനുവാദം നൽകി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വർധനവിന് 01.04.2016 മുതൽ പ്രാബല്യവും നൽകിയിട്ടുണ്ട്.

4)പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരാമർശം(4)ലെ ഉത്തരവിന്റെ വെളിച്ചത്തിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം 01.04.2016 പ്രാബല്യത്തിൽ യഥാക്രമം 10,000/- രൂപയും 7,000/-രൂപയുമാക്കി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ഷാജഹാൻ
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്.
ഗാർഡ് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്-അനുവാദം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ)നം. 636/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,16/02/2016.

പരാമർശം : വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2015 ലെ 2.3 നമ്പർ തീരുമാനം.

ഉത്തരവ്

വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 30/09/2015 ലെ യോഗത്തിൽ അംഗൻവാടി വർക്കർമാർക്ക് നൽകുന്ന വേതനം 6600/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ 1000/- രൂപ സർക്കാർ ഫണ്ടിൽ നിന്നും നൽകണമെന്നും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. 23/12/2015 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ അംഗൻവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഹെൽപ്പർമാരുടെ വേതനം 4100/- രൂപയിൽ നിന്നും 7000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും നിശ്ചയിച്ചു. അംഗൻവാടി വർക്കർമാരുടെ വർദ്ധിപ്പിച്ച വേതനത്തിൽ 1000/- രൂപ സർക്കാർ നൽകണമെന്ന 30/9/2015 ലെ തീരുമാനത്തിൽ അനുകൂല ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ വർദ്ധിപ്പിച്ച നൽകേണ്ട മുഴുവൻ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകാൻ പരാമർശം പ്രകാരം തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10000/- രൂപയും 7000/- രൂപയും വർദ്ധിപ്പിക്കുമ്പോൾ ഇതിലേയ്ക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നൽകണമെന്ന വ്യവസ്ഥയോടുകൂടി അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വർദ്ധനയ്ക്ക് 01/04/2016 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവ് സാമൂഹ്യ നീതി വകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം

GOVERNMENT OF KERALA

Personnel and Administrative Reforms (AR 13) Department

CIRCULAR

No. 6434/AR 13(2)/09/P&ARD. *Dated, Thiruvananthapuram, 1st June, 2009.*

Sub:—Secretariat Functioning—Enforcement of Office Discipline—Attendance—Late Attendance and Early Leaving of Office—Revised instructions issued.

Ref:—1. Circular No. 13548/Rules 2/94/P&ARD dated 30-8-1994.
2. Circular No. 1110/AR 10/2004/P&ARD dated 3-2-2004.
3. Circular No. 37618/SA 2/07/GAD dated 3-8-2007.
4. Circular No. 6166/AR 13(2)/08/P&ARD dated 14-5-2008.

Instructions have already been issued insisting on punctuality in attending office by the employees of Secretariat as per the circulars referred above. It is observed that despite repeated instructions issued on the subject, employees in the Secretariat are still not punctual, they absent from their seats frequently and leave office earlier than the scheduled office time. Lack of punctuality of Government employees adversely affects office discipline, its functioning and affects the overall output. Hence, the procedures regarding attendance during office hours, maintenance of attendance register and associated instructions have to be strictly enforced. Procedures on these are laid down in paragraphs 322 to 327 of the Secretariat Manual.

2. Hence, the following instructions issued as per the circulars cited above are hereby reiterated for effective implementation of the rules regarding attendance etc. in all the departments in the Secretariat:

(1) All the attendance registers of the sections in each Department should be submitted to the Secretary of the Department at 10.30 a.m.

(2) Latecomers should report before the Secretary and mark their attendance and record the time in the register.

GCPT. 3/1783/2009/DTP.

(3) In the absence of the Secretary when on tour or otherwise, a subordinate officer designated by the Secretary should receive the attendance books.

(4) In the afternoon session also, all attendance registers should be submitted to the Secretary by 2.30 p.m. The attendance registers will be returned to the section only after 4.30. p.m.

(5) If any member of the staff does not reach office in time and mark attendance, the word 'late' will be entered against his name and for every three day's late attendance without permission, a day's casual leave will be forfeited.

(6) However, late attendance less than 3 days at the end of a calendar year need not be reckoned.

(7) But no member of the staff will be allowed to be late beyond one hour in which case this will be treated as casual leave.

(8) No member of the staff will be permitted to avail of 'late permission' more than thrice a month, and that too for not more than one hour on each occasion, if there are more instances.

(9) Each Department shall entrust the work of consolidating the attendance register to a Section. The Section Officer (or in his absence, the senior most Assistant in the Section) so entrusted with this work shall ensure that the Registers are collected at 10.30 a.m. in the forenoon and 2.30 p.m. in the afternoon and reach the Secretary's Office before 10.35 a.m. and 2.35 p.m. respectively.

(10) Casual Leave Register should be maintained up-to-date. Proper deductions for late attendance should be carried out. Secretaries should inspect the Casual Leave Registers to ensure that entries are up-to-date.

(11) As laid down in Rule 323 of the Secretariat Manual, a member of the office establishment shall not leave office during working hours without the previous permission of the Section Officer. Section Officer should maintain a Movement Register in which the member of the Staff should note the time of leaving, the purpose and the time of return. Secretaries or an officer authorized by him shall inspect the Movement Register once in a month.

(12) The concerned Secretary of the Department shall convene a review meeting of the officers of and above the rank of Deputy Secretary

to monitor the strict observance of the rules on attendance and punctuality and shall submit report thereon to Chief Secretary in every month.

(13) A team of Principal Secretaries/Secretaries authorized by the Chief Secretary shall monitor the strict observance of the rules on attendance and punctuality and conduct periodic surprise checks/ visits in various departments to ensure strict compliance. Chief Secretary shall submit a consolidated report to the Hon'ble Chief Minister in this regard once in three months.

NEELA GANGADHARAN,
Chief Secretary.

To

All Additional Chief Secretaries.

All Principal Secretaries/Secretaries/Special Secretaries.

The Secretary to Chief Minister.

The Private Secretaries of all Ministers.

Joint Secretary to Chief Secretary.

All Departments (All Officers/Sections in the Secretariat including Law and Finance).

The Secretary, Legislature Secretariat (with covering letter).

Information and Public Relations Department.

Stock File/Office Copy.

s]mXp`cWw

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – വിവരാവകാശ നിയമം – 2005 – ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകൽ – മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(എം.എസ്) നം.41/2008/തസ്വഭവ തീയതി, തിരുവനന്തപുരം, 14.02.2008

വായിച്ചു : 1. 09.05.2006-ലെ 11259/സിഡിഎൻ.5/06/പൊഭവ. നമ്പർ സർക്കാർ വിജ്ഞാപനം.

2. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 15/01/2008-ലെ ജി2-18723/07 നമ്പർ കത്ത്.

ഉത്തരവ്

മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ വിജ്ഞാപന പ്രകാരം വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ഫീസ് ഒടുക്കേണ്ടതില്ലെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 4(4) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ അത് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരം നൽകുന്ന വിവരങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, ഫീസൊടുക്കാതെ ലഭിയ്ക്കുന്നതിന്, സാക്ഷ്യപത്രം നൽകുവാൻ അതാത് സ്ഥലത്തെ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി..കെ.ജോസ്
സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ഹൈക്കോടതി, കൊച്ചി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷണൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, മഹാത്മഗാന്ധി യൂണിറ്റിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, സംസ്കൃത യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കാർഷിക യൂണിവേഴ്സിറ്റി, മണ്ണുത്തി, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

എല്ലാ വകുപ്പ് തലവൻമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും നൽകേണ്ടതാണ്)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും

ജില്ലാ പ്ലാനിംഗ് ഓഫീസർമാർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക് (ദിനപത്രങ്ങൾക്ക് നൽകുന്നതിന്)

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ നൽകുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 67132/എബി1/14/തസ്വഭവ. തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്,
തിരുവനന്തപുരം: തീയതി: 21/02/2015

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തപാലുകൾ കൈമാറുന്നതിലെ അപാകതകൾ/കാലതാമസം - സംബന്ധിച്ച്

.....

ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് നടത്തിയ ചർച്ചയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ വരുന്ന തപാലുകൾ ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ചെന്നെത്താത്തതു മൂലം പ്രസ്തുത തപാലിന്മേൽ നടപടി സ്വീകരിക്കാൻ കാലതാമസം വരുന്നതായി നിരീക്ഷണം നടത്തിയിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകളും ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) ഒരു സെക്ഷനിൽ ലഭിക്കുന്ന തപാലിൽ (ഓഫീസ് സെക്ഷനിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ ഏതെങ്കിലും വകുപ്പുകളിൽ നിന്നും കൈമാറി വരുന്നതോ ആയ തപാലിൽ) പ്രതിപാദിക്കുന്ന വിഷയം ആ വകുപ്പുമായി ബന്ധപ്പെട്ടതല്ലെങ്കിൽ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്ക് തപാൽ അടിയന്തിരമായി കൈമാറേണ്ടതാണ്.
2) ഒന്നിലധികം സെക്ഷനുമായി ബന്ധപ്പെട്ട തപാൽ തപാലിൽ പ്രതിപാദിക്കുന്ന കൂടുതൽ വസ്തുത കൈകാര്യം ചെയ്യുന്ന സെക്ഷനിലേക്ക് കൈമാറേണ്ടതാണ്.
3) തപാലുകൾ കൈമാറുമ്പോൾ പ്രസ്തുത തപാൽ കൈമാറുന്നതിന്റെ വ്യക്തമായ കാരണവും ബന്ധപ്പെട്ട കുറിപ്പിൽ വ്യക്തമാക്കേണ്ടതാണ്.
4) സെക്രട്ടേറിയറ്റ് ആഫീസ് മാന്വലിലെ ചട്ടങ്ങൾക്കനുസൃതമായി തന്നെ തപാലുകൾ കൈമാറേണ്ടതാണ്.

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകാൻ അതത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നം. 145/2014/തസ്വഭവ തീരുവനന്തപുരം, തീയതി, 13.08.2014.

പരാമർശം: 1) സ.ഉ.(കൈ) നം.198/2007/തസ്വഭവ, തീയതി 16.08.2007.
2) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സമർപ്പിച്ച നിവേദനങ്ങൾ.

ഉത്തരവ്

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം, വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് ഫീസൊടുക്കാതെ ലഭിക്കുന്നതിനായി ഹാജരാക്കേണ്ട സാക്ഷ്യപത്രം നൽകുന്നതിന് അതത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു.

2) മേൽ സാക്ഷ്യപത്രം ലഭിക്കുന്നതിനായി, പഞ്ചായത്ത് കേന്ദ്രത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് ദീർഘദൂര യാത്ര ചെയ്യേണ്ടിവരുന്നുണ്ടെന്നും, ഇതുമൂലം ഗ്രാമപ്രദേശത്തുള്ളവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാകാൻ വലിയ യാത്രാക്ലേശവും കാലതാമസവും ഉണ്ടാകുന്നുണ്ടെന്നും ആയതിനാൽ ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം സർക്കാരിന് നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ ഫീസൊടുക്കാതെ ലഭിയ്ക്കുന്നതിന് സാക്ഷ്യപത്രം നൽകുവാൻ അതത് സ്ഥലത്തെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ.രാജൻ ഖോബ്രാഗഡേ
സെക്രട്ടറി

ഗവർണ്ണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം).

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

പൊതുഭരണ ഏകോപന വകുപ്പ് (ആവശ്യമായ തുടർനടപടികൾക്കായി).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

എല്ലാ ADC, DDC, JDC, ADDCമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 01.04.2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (കൈ) നം.171/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 08.10.2014.

പരാമർശം:- 1. 27.06.2012 ലെ സ.ഉ. (സാധാ) നം. 1772/2012/തസ്വഭവ.

2. 08.04.2013 ലെ സ.ഉ. (സാധാ) നം. 950/2013/തസ്വഭവ

3. പഞ്ചായത്ത് ഡയറക്ടറുടെ 20.03.2014, 02.07.2014 തീയതികളിലെ ജി4-534/14 നമ്പർ കത്തുകൾ.

4. വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 23.04.2014 ലെ 2.5 നമ്പർ തീരുമാനം.

ഉത്തരവ്

ഗ്രാമ പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്തുകളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേയ്ക്ക് മാത്രം നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഓരോ ഗ്രാമ പഞ്ചായത്തിലെയും ജീവനക്കാർക്ക് ഇ-ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭാവിയിൽ അവർക്കു തന്നെ കൈകാര്യം ചെയ്യാവുന്ന തരത്തിൽ വിദഗ്ധമായ പരിശീലനം നൽകുക എന്നതായിരുന്നു ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ മുഖ്യമായ ചുമതല. പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 31.03.2014 വരെ ദീർഘിപ്പിച്ചിരുന്നു. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറും നിരവധി പഞ്ചായത്ത് പ്രസിഡന്റുമാരും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുവാൻ വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഒരു വർഷത്തേക്കു മാത്രം നിയമിതരായവരും പരാമർശം (2) ലെ ഉത്തരവു പ്രകാരം **31.03.2014** വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളവരുമായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി **01.04.2014** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പൊതുഭരണ (എസ്.സി) വകുപ്പ് (01.10.2014 -ലെ ഇനം നം. 5812 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ "സ്പെഷ്യൽ ക്വാളിഫിക്കേഷൻ" ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി "നിർബന്ധിത വകുപ്പ്തല പരീക്ഷ" എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(കൈ)നം. 224/2014/തസ്വഭവ തീയതി, തിരുവനന്തപുരം. 12/12/2014

പരാമർശം: 1. 16.06.1994ലെ സ.ഉ(പി) 151/94/എൽ.എ.ഡി ഉത്തരവ്
2.പഞ്ചായത്ത് ഡയറക്ടറുടെ 23.10.2014ലെ ഇ8-35016/10 നമ്പർ കത്ത്

ഉത്തരവ്

കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9ൽ എം.ഒ.പി, അക്കൗണ്ടന്റ് ടെസ്റ്റ് ലോവർ, പഞ്ചായത്ത് ടെസ്റ്റ് എന്നീ പരീക്ഷകൾ തുടർസ്ഥാനക്കയറ്റങ്ങൾക്കുള്ള സ്പെഷ്യൽ ക്വാളിഫിക്കേഷൻ ടെസ്റ്റ് ആയിട്ടാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 13 ബി പ്രകാരം 50 വയസ്സ് പൂർത്തിയായവർക്ക് സ്പെഷ്യൽ റൂളുകളിൽ ഒരു അനിവാര്യയോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തൊഴിലെ, നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായ ഒഴിവാക്കലിന് അർഹതയുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് വകുപ്പുകളിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് മേൽ ടെസ്റ്റ് സ്പെഷ്യൽ യോഗ്യത യായി പരിഗണിച്ച് വരുന്നില്ല. നിലവിൽ 50 വയസ്സ് പൂർത്തിയായ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് മേൽ വ്യവസ്ഥ നിലനിൽക്കുന്നതിനാൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 13 ബിയുടെ ആനുകൂല്യം ലഭിക്കുന്നില്ല. ഇത് കാരണം ടെസ്റ്റ് യോഗ്യത നേടാത്ത 50 വയസ്സ് പൂർത്തിയാക്കിയ ക്ലാർക്കുമാർ സീനിയർക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ലഭിക്കാതെ വിരമിക്കുന്ന അവസ്ഥയാണ്.

പരാമർശം 1 പ്രകാരമുള്ള കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9ൽ ഇളവ് നല്കി 50 വയസ്സ് പൂർത്തിയാക്കിയ ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ച. കെ.എസ്.&എസ്.എസ്.ആർ ഭാഗം II, ചട്ടം 13 ബി പ്രകാരം മറ്റ് വകുപ്പുകളിലെ ജീവനക്കാർക്ക് ലഭിക്കുന്ന പരിരക്ഷ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ലഭിക്കുന്നില്ല എന്നതും പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് പരാമർശം 1 പ്രകാരമുള്ള കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ "സ്പെഷ്യൽ ക്വാളിഫിക്കേഷൻ" ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി "നിർബന്ധിത വകുപ്പ്തല പരീക്ഷ" എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യം വിശേഷാൽ ചട്ടത്തിൽ ഇത് സംബന്ധിച്ച ഭേദഗതി നടപടിക്രമം പാലിച്ച് പ്രത്യേകമായി ഉൾക്കൊള്ളിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ജെയിംസ് വർഗ്ഗീസ്.
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തദ്ദേശസ്വയംഭരണവകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തൃശ്ശൂർ / തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽബിഎ &എ)കേരള.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബൈ്സറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് (10.11.2014ലെ 23957/ബി2/14/ഉഭപവ നമ്പർ കുറിപ്പ്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ് .

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ഫിസിഷ്യൻമാർക്ക് ഹോണറേറിയം നൽകുന്നതിന് പരിധി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ യൂ) വകുപ്പ്

സ.ഉ.(സാധാ) നം. 3348/2014/തസ്വഭവ തീയതി, തിരുവനന്തപുരം, 18.12.2014

പരാമർശം:- 1) ജി.ഒ. (ആർ.ടി) 3069/05/തസ്വഭവ തീയതി 02.08.2005.
2) പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 27.07.2013 തീയതിയിലെ PH1.4786/95 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 11.10.2014-ലെ ഡി.സി3-13800/2013 നമ്പർ കത്ത്.

ഉത്തരവ്

പെരുമ്പാവൂർ നഗരസഭയിൽ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഡോ.വി.രാജാറാമിന് മേൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 1000/- രൂപ ഹോണറേറിയം 5000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു. ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫിസിഷ്യൻമാർക്ക് ഒരു മണിക്കൂർ സേവനത്തിന് 150/- രൂപ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 40 മണിക്കൂർ സേവനം കണക്കാക്കി പ്രതിമാസം 6000/- രൂപ ഹോണറേറിയം നൽകുന്നതിന് എല്ലാ നഗരസഭകൾക്കും പൊതുവായ പരിധി നിശ്ചയിച്ച് ഉത്തരവാകാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ നഗരസഭകളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫിസിഷ്യൻമാർക്ക് ഒരു മണിക്കൂർ സേവനത്തിന് 150/- രൂപ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 40 മണിക്കൂർ സേവനം കണക്കാക്കി പ്രതിമാസം 6,000/- രൂപ ഹോണറേറിയം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇത്തരത്തിൽ ഹോണറേറിയം നൽകുന്നതുമൂലം നഗരസഭകൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.
സെക്രട്ടറി.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

© കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 3 / Vol. III | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2014 ഡിസംബർ 23 / 23rd December 2014 | 1190 ധനു 8 / 8th Dhanu 1190 | 1936 പൌഷം 2 / 2nd Pousha 1936 | നമ്പർ / No. 3146

കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 5139/ലെഗ്.സി1/2013/നിയമം. *തിരുവനന്തപുരം, 2014 ഡിസംബർ 23*
1190 ധനു 8/1936 പൌഷം 2.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2014 ഡിസംബർ 23-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. ഗിരിജാദേവി,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി &
സ്പെഷ്യൽ സെക്രട്ടറി (ഇൻചാർജ്ജ്).

സർക്കാർ പ്രസ്സുകളുടെ സുഗമത്തിനായി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.
33/5170/2014/S-2.

2014-ലെ 34-ാം ആക്റ്റ്

2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഅഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 3-ാം വകുപ്പ് 2010 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 2-ഉം 4-ഉം 7-ഉം 8-ഉം വകുപ്പുകൾ 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2013 ഒക്ടോബർ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. ഒന്നാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 1-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) "വ്യവസായ പ്രദേശങ്ങളുടെയും" എന്ന വാക്കുകൾക്കുപകരം "ഭരണഘടനയുടെ 243 ക്യൂ അനുച്ഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനപ്രകാരം വ്യാവസായിക പട്ടണമായി വിനിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളുടെയും 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളുടെയും" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ബി) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 1999-ലെ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങളിൽ ഈ ആക്റ്റിലെ XIX-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വ്യാപ്തിയുണ്ടായിരിക്കുന്നതാണ് ".

3. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിലും ക്ലിപ്തനിബന്ധനയിലും "ഗ്രാമപഞ്ചായത്തിന്റെ" എന്ന വാക്ക് വരുന്നിടത്തെല്ലാം "ഗ്രാമപഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;

(2) (3)-ാം ഉപവകുപ്പിൽ "ഗ്രാമപഞ്ചായത്തിൽ" എന്ന വാക്കിനുശേഷം "അഥവാ ബ്ലോക്ക് പഞ്ചായത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) ഡീലിമിറ്റേഷൻ കമ്മീഷൻ നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന് നിയമപ്രാബല്യമുണ്ടായിരിക്കുന്നതുമാണ്.".

5. 21-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21എ. പ്രവാസി ഭാരതീയർക്ക് വോട്ടർപ്പട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ അദ്ധ്യായത്തിലെ മറ്റ് വ്യവസ്ഥകളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരതപൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർപ്പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

6. 30-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ നിലവിലുള്ള വിശദീകരണം, "വിശദീകരണം 1" ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം 1-നുശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 2.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അങ്കണവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ആശാവർക്കർമാരും സാക്ഷരതാ പ്രേരക്മാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്.".

7. 149-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 149-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സന്ദർഭം ആവശ്യപ്പെടുന്നപക്ഷം വിവിധ തലങ്ങളിലെ പഞ്ചായത്തുകളിലേക്ക് ഒരേസമയം പൊതു തെരഞ്ഞെടുപ്പ് നടത്തുന്നത് സാദ്ധ്യമാകുന്നതിന്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച്, ഒഴിവുകളുണ്ടാകുന്നതിനുമുൻപുള്ള ആറുമാസത്തിനുള്ളിൽ പൊതു തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.".

8. 154-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 154-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പഞ്ചായത്തിന്റെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ തന്റെ ഉദ്യോഗത്തിന്റെ ചാർജോ അല്ലെങ്കിൽ പഞ്ചായത്തിൽ നിക്ഷിപ്തമായതോ അതിന്റെ വകയായതോ ആയതും തന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതും അല്ലെങ്കിൽ വന്നു ചേർന്നിട്ടുള്ളതുമായ ഏതെങ്കിലും രേഖകളോ പണമോ മറ്റ് വസ്തുക്കളോ പ്രസിഡന്റ് എന്ന നിലയിലോ വൈസ് പ്രസിഡന്റ് എന്ന നിലയിലോ ഉള്ള തന്റെ ഔദ്യോഗിക കാലാവധി അവസാനിച്ചാൽ ഉടനെയും, കൂടാതെ വൈസ് പ്രസിഡന്റിന്റെ സംഗതിയിൽ, പ്രസിഡന്റ് ആവശ്യപ്പെട്ടാൽ ഉടനെയും, ഉദ്യോഗത്തിൽവരുന്ന തന്റെ പിൻഗാമിക്കോ നിർണ്ണയിക്കപ്പെട്ട മറ്റ് അധികാരസ്ഥാനത്തിനോ ഏൽപ്പിച്ച് കൊടുക്കുവാൻ വിസമ്മതിക്കുകയാണെങ്കിൽ, അങ്ങനെയുള്ള പ്രസിഡന്റിനോ വൈസ് പ്രസിഡന്റിനോ, കുറ്റസ്ഥാപനത്തിന്മേൽ ആ കുറ്റത്തിന് പതിനായിരം രൂപയിൽ കവിയാത്ത പിഴശിക്ഷ നൽകേണ്ടതാണ്.".

9. 219യു. വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 219യു വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"219 വി. മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യൽ.—(1) ഈ ആക്റ്റിലെ 219എ മുതൽ 219യു വരെ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 100 സ്കയർ മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നിയമപരമായി അവയുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ,—

(എ) അത്തരം കെട്ടിടങ്ങളിൽ, സ്ഥാപനങ്ങളിൽ അല്ലെങ്കിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഗ്രാമപഞ്ചായത്തിന്റെ ബൈലാകളിൽ അനുശാസിക്കുന്നപ്രകാരവും മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും;

(ബി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച് ജൈവ മാലിന്യങ്ങൾ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്തവിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തുവച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ളപക്ഷം അത്തരം മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്ത് മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ

മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവ അനുസ്യൂതമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അങ്ങനെയുള്ള രീതിയിൽ ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും;

(സി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അത്തരം മാലിന്യങ്ങൾക്ക് കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം സാധനങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലുമുള്ള ഫീസ് അത്തരം കാലയളവിൽ ഗ്രാമപഞ്ചായത്തിൽ അടയ്ക്കേണ്ടതും;

(ഡി) അത്തരം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്തുതന്നെ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും അപ്രകാരം ശാസ്ത്രീയമായി സംസ്കരിക്കുവാൻ കഴിയാത്തപക്ഷം മലിനജലം ശാസ്ത്രീയമായി സംസ്കരിക്കുന്ന സർക്കാർ അംഗീകൃത ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതും മലിനജലം ജലാശയങ്ങളിലേക്കോ ഓടകളിലേക്കോ പൊതുവഴിയിലേക്കോ പൊതുസ്ഥലങ്ങളിലേക്കോ ഒഴുകുവാൻ അനുവദിക്കുവാൻ പാടില്ലാത്തതും,

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ അവയുടെ നിർമ്മാണവേളയിൽതന്നെ ഉണ്ടാക്കിയിരിക്കേണ്ടതും അപ്രകാരമുള്ള സംവിധാനങ്ങൾ ഇല്ലാത്തവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ കെട്ടിടനമ്പരോ ഗ്രാമപഞ്ചായത്ത് നൽകുവാൻ പാടില്ലാത്തതും നിലവിലുള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ സംഗതിയിൽ അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനോ ഒരു വർഷത്തിൽ കൂടാതെയുള്ള കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും മതിയായ സംവിധാനം ഉണ്ടാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസും കെട്ടിടനമ്പരും പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം റദ്ദാക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ, പതിനായിരം രൂപയിൽ കുറയാത്തതും അൻപതിനായിരം രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ശിക്ഷിക്കപ്പെട്ട ഏതൊരാളും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ആയിരം രൂപയിൽ കുറയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

219ഡബ്ല്യൂ. സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും.—(1) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞവില വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ ഏതൊരു സ്ഥാപനമോ വ്യക്തിയോ വിൽക്കുകയോ നൽകുകയോ ചെയ്യുവാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്;

(ബി) 232-ാം വകുപ്പുപ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ പ്ലാസ്റ്റിക് കവറുകളോ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമേ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് അങ്ങനെയുള്ള ഒരു നിശ്ചിത തുക അധിക ഫീസായി ഗ്രാമപഞ്ചായത്തിന് ഈടാക്കാവുന്നതുമാണ്;

(സി) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും ഓരോ ഉപഭോക്താവും മറ്റ് മാലിന്യങ്ങളിൽനിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ പഞ്ചായത്ത് ഉണ്ടാക്കിയേക്കാവുന്ന ബൈലാകളിൽ അനുശാസിക്കുന്നവിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും എതിരെ പ്രസ്തുത കേന്ദ്ര ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി പരാതി സമർപ്പിക്കേണ്ടതാണ്.

219എക്സ്. മാലിന്യ നിർമ്മാർജ്ജന ഫണ്ടിന്റെ രൂപീകരണം.—ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യ നിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി, ഗ്രാമപഞ്ചായത്ത് 'മാലിന്യ നിർമ്മാർജ്ജന ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ,—

(എ) 219ഡബ്ല്യൂ വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധിക ഫീസ്;

(ബി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ;

എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.".

10. 235എ ബി വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 235എ ബി വകുപ്പ് (1)-ാം ഉപവകുപ്പിൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2013 മാർച്ച് 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

11. സാധൂകരണം.—(1) 2011-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 33), 2011-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2011-ലെ 34) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസുകൾ എന്നാണ് പരാമർശിക്കപ്പെടുക) എന്നിവയ്ക്ക് പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ കാര്യങ്ങളും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ നടപടികളും സാധുവായി കരുതപ്പെടേണ്ടതും ഈ ആക്റ്റിന്റെ 6-ാം വകുപ്പ് ഒഴികെയുള്ള മറ്റ് വകുപ്പുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) 2011-ലെ 34-ാം നമ്പർ ഓർഡിനൻസിന്റെ 5-ാം വകുപ്പ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 30-ാം വകുപ്പിന്റെ വിശദീകരണം 2 പ്രകാരം അങ്കണവാടി ജീവനക്കാരുടെയും ബാലവാടി ജീവനക്കാരുടെയും കാര്യത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഒഴികെ, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിച്ചതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതും,

ആണ്.

(2) 2011-ലെ 34-ാം നമ്പർ ഓർഡിനൻസ് പ്രകാരം പ്രധാന ആക്റ്റിലെ 30-ാം വകുപ്പ് ഭേദഗതി ചെയ്യപ്പെട്ട രീതിയിൽ നിലവിലുണ്ടായിരുന്നു എന്നിരിക്കിലും, അപ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരുന്ന പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ അങ്കണവാടി ജീവനക്കാരെയും ബാലവാടി ജീവനക്കാരെയും സംബന്ധിച്ചിടത്തോളം അവർ മേൽ പ്രസ്താവിച്ച ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ജോലി രാജിവച്ചിരുന്നാൽത്തന്നെയും യഥാക്രമം അവർ ജോലിചെയ്തിരുന്ന തസ്തികകളിൽ തുടരുന്നതിന് തടസ്സമായിത്തീരുന്നതല്ലാത്തതും പ്രസ്തുത ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിലെ അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമായിരിക്കുന്നതുമാണ്.

(3) പ്രസ്തുത ഓർഡിനൻസുകളുടെ കാലാവധി അവസാനിച്ചത്,—

(എ) അവയിലെ വ്യവസ്ഥകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ആർജ്ജിച്ച ഏതെങ്കിലും അവകാശത്തെയോ ബാധ്യതയെയോ അധികാരത്തെയോ ബാധിക്കുന്നതല്ലാത്തതും;

(ബി) മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ ബാധ്യതയെയോ അധികാരത്തെയോ അധികാര വിനിയോഗത്തെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാരനടപടികളെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാരനടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം അങ്ങനെ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ആരംഭിക്കാവുന്നതോ തുടരാവുന്നതോ അല്ലെങ്കിൽ നടപ്പാക്കാവുന്നതോ ആകുന്നതും ആണ് :

എന്നാൽ, 2011 ജൂലൈ 13-ാം തീയതി മുതൽ 2013 ഒക്ടോബർ 28-ാം തീയതി വരെയുള്ള കാലയളവിൽ 2011-ലെ 34-ാം നമ്പർ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 154-ാം വകുപ്പ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2014-ലെ 15) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 5139/Leg. C1/2013/Law. *Dated, Thiruvananthapuram, 23rd December, 2014*
8th Dhanu 1190/
2nd Pousha, 1936.

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Panchayat Raj (Amendment) Act, 2014 (34 of 2014).

By order of the Governor,

S. GIRIJA DEVI,
Additional Law Secretary and
Special Secretary in charge.

33/5170/2014/S-2.

[Translation in English of "2014-ൈ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്" published under the authority of Governor.]

ACT No. 34 OF 2014

THE KERALA PANCHAYAT RAJ (AMENDMENT) ACT, 2014

An Act further to amend the Kerala Panchayat Raj Act, 1994.

Preamble.—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 for the purposes hereinafter appearing;

BE, it enacted in the Sixty-fifth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Amendment) Act, 2014.

(2) Section 3 of this Act shall be deemed to have come into force on the 17th day of May, 2010, sections 2, 4, 7 and 8 shall be deemed to have come into force on the 14th day of June, 2010 and the remaining sections shall be deemed to have come into force on the 28th day of October, 2013.

2. *Amendment of section 1.*—In sub-section (2) of section 1 of the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act),—

(a) for the words "Industrial areas", the words, figures and letters "areas specified as industrial township under the proviso to clause (1) of Article 243Q of the Constitution and areas declared as industrial areas under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000)" shall be substituted;

(b) after the existing proviso, the following proviso shall be inserted, namely:—

"Provided further that the provisions of Chapter XIX of this Act shall extend to the areas declared as industrial areas under the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999."

3. *Amendment of section 4.*—In section 4 of the principal Act,—

(1) in sub-section (2) and in the proviso, for the words "Village Panchayat" wherever they occur, the words "Village Panchayat or Block Panchayat" shall be substituted;

(2) in sub-section (3), after the words, "in a Village Panchayat", the words "or Block Panchayat" shall be inserted.

4. *Amendment of section 10.*—In section 10 of the principal Act, after sub-section (3), the following sub-section shall be inserted, namely:—

"(3A) Every order issued by the Delimitation Commission with regard to the delimitation of constituencies under this section shall be published in the Gazette and shall have the force of law.".

5. *Insertion of new section after section 21.*—In the principal Act, after section 21, the following section shall be inserted, namely:—

"21A. *Special provision for the non-resident Indians to get themselves registered in the electoral roll.*—Notwithstanding anything to the contrary contained in other provisions of this Chapter, any citizen of India as mentioned in section 20A of the Representation of the People Act, 1950 (Central Act 43 of 1950) shall be entitled to get himself registered as an elector in the electoral roll of the constituency in which his place of residence in India as indicated in his passport is situated.".

6. *Amendment of section 30.*—In sub-section (1) of section 30 of the principal Act, the existing Explanation shall be numbered as "Explanation 1" and after Explanation 1 so numbered, the following Explanation shall be inserted, namely:—

"*Explanation 2.*—For the purpose of this section, the part-time employees and persons receiving honorarium except the Anganawadi employees, Balawadi employees, Asha Workers and Saksharatha Preraks shall be deemed to be employees."

7. *Amendment of section 149.*—In the principal Act, in sub-section (2) of section 149, the following proviso shall be inserted, namely:—

"Provided that if the context so requires, general election may be conducted, within six months before the occurrence of vacancies as required by the State Election Commission, so as to facilitate conduct of general elections to different levels of Panchayats simultaneously.".

8. *Amendment of section* 154.—In section 154 of the principal Act, after sub-section (2), the following sub-section shall be inserted, namely:—

"(3) Where the President or Vice-President of a Panchayat refuses to hand over charge of his office or any documents or money or other properties vested in, or belonging to the Panchayat which are in his possession or control or which had come into his possession or control, to his successor in office or

other prescribed authority as soon as his term of office as President or Vice-President expires and in the case of the Vice-President, immediately on demand by the President, such President or Vice-President shall, on conviction, be punished for such offence with a fine which shall not exceed ten thousand rupees.".

9. *Insertion of new sections after section 219U.*—In the principal Act, after section 219U, the following sections shall be inserted, namely:—

"219V. *Management of waste at source.*—(1) Notwithstanding anything contained in sections 219A to 219U of this Act, the owner or the person having the lawful management or control of trade centres, hospitals, markets, slaughterhouses, chicken stalls, fish stalls, marriage halls, flats, multi storied buildings, hotels, catering service establishments, houses having a plinth area of more than 100 square metres and such other establishments as may be notified by the Village Panchayat, shall,—

(a) keep the waste originated in such buildings, establishments or places, segregated as bio-degradable and non bio-degradable waste at the source itself, in such manner as may be prescribed and as provided for in the bye-laws of the Village Panchayat and set up sufficient facilities in this behalf;

(b) process and dispose of in appropriate manner the bio-degradable waste segregated as per clause (a) at the source itself or with the written permission of the Secretary, at the neighbouring place in the ownership of such person, subject to the provisions of the Environment (Protection) Act, 1986 (Central Act 29 of 1986) and the rules made thereunder and without causing pollution to water, air and sound and if there is space restriction for this purpose, in order to ensure the processing of such waste through the Village Panchayat or through waste processing agencies recognised by the Government, pay such fees to the Village Panchayat, in such manner, as may be prescribed, in accordance with the quantity and type of waste;

(c) in order to deal with the non bio-degradable waste segregated under clause (a), enter into agreement with the person, or with the establishment which produces or distributes the goods which causes such wastes, to take back the wastes relating to such goods and on the other hand to remit the fees to the Village Panchayat during such period, in such manner and at such rates, as may be prescribed; and

(d) process the sewage originated in such buildings or establishments or places scientifically at its source and where it cannot be processed scientifically, enter into an agreement with an agency recognised by the Government, which processes sewage scientifically, and shall not allow the sewage to flow into water bodies, drains or public way or public places.

(2) The buildings, establishments and places specified in sub-section (1) shall have the systems for processing the waste as stated in the said sub-section at the time of their construction itself and the Village Panchayat shall not grant working permit, license or building number in respect of those which do not have such systems and in the case of such existing buildings, establishments and places, the Secretary may allow a period not exceeding one year for making such systems or for rectifying the deficiencies in such systems and cancel the license, building number or working permit of those institutions which do not make sufficient system, after giving the party concerned an opportunity of being heard.

(3) Whoever violates any of the provisions of sub-section (1) shall, on conviction, be punished with imprisonment for a term which shall not be less than six months but which may extend to one year and with fine which shall not be less than ten thousand rupees but which may extend to fifty thousand rupees or with both.

(4) Any person convicted under sub-section (3) shall be punished with a fine of not less than one thousand rupees for each day of continuing violation of the provisions of sub-section (1).

219W. *Restriction on plastic carry bags and covers and management of plastic wastes.*—(1) Subject to the provisions of the Environment (Protection) Act, 1986 (Central Act 29 of 1986) and the rules made thereunder,—

(a) the Village Panchayat shall, by notification, fix the minimum price of various kinds of plastic carry bags and plastic covers and no institution or person shall sell such bags or covers at a price lower than the price so fixed or give them free of cost and the Village Panchayat shall take steps to ensure that no institution or person does so;

(b) where an applicant who applies for license under section 232 intends to sell plastic bags or plastic covers through his establishment, such information shall be recorded in the application and the Village Panchayat may, in addition to the usual license fee, realise a fixed amount as additional fee in this behalf for the period as may be prescribed, in accordance with the approximate number or quantity of plastic bags and plastic covers intended to be sold;

(c) every consumer shall keep the waste plastic bags and plastic covers segregated from other wastes and shall be managed as provided for in the bye-laws that may be made by the Village Panchayat.

(2) The Secretary shall, lodge complaint against any person who violates the provisions of clause (a) of sub-section (1), in accordance with the provisions of the said Central Act and the rules made thereunder.

219X. *Constitution of Waste Disposal Fund.*—The Village Panchayat shall constitute a special fund, by name, 'The Waste Disposal Fund' for the purposes of disposal of waste, especially for the processing of plastic waste, originated within the Village Panchayat area, and,—

(a) the additional fee realised as per clause (b) of sub-section (1) of section 219W;

(b) the fine amount recovered in the cases relating to waste disposal; and

(c) the amounts that may be granted by the Government or given by other agencies or persons in this behalf;

shall be credited to the Fund and the same shall be managed in the manner as may be prescribed.".

10. *Amendment of section* 235 *AB.*—In sub-section (l) of section 235AB of the principal Act, for the word and figures "15th October, 1999", the word and figures "31st March, 2013" shall be substituted.

11. *Validation.*—(1) Notwithstanding the cesser of operation of the Kerala Panchayat Raj (Amendment) Ordinance, 2011 (33 of 2011) and the Kerala Panchayat Raj (Second Amendment) Ordinance, 2011 (34 of 2011) (hereinafter referred to as the said Ordinances),—

(a) anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinances shall be deemed to be valid and shall be deemed to have been done or taken as per the provisions of the principal Act as amended by the other sections, other than section 6 of this Act;

(b) anything done or any action taken after the cesser of operation of the said Ordinance and before the date of publication of this Act in the Gazette, except anything done or deemed to have been done or any action taken or deemed to have been taken in the case of Anganawadi employees and Balawadi employees as per Explanation 2 of section 30 of the principal Act as amended by section 5 of Ordinance Number 34 of 2011, shall be deemed to have been done or taken under the principal Act as amended by the said Ordinance as if they would have been done or taken under the principal Act as amended by the said Ordinance.

(2) Notwithstanding the operation of section 30 of the principal Act as amended by Ordinance Number 34 of 2011, the provisions of the said section as so amended shall not be a bar, in so far as it relates to Anganawadi employees and Balawadi employees, to continue in the posts in which they worked, even if they had resigned the job during the period of operation of the said Ordinance for the purpose of contesting election, and the orders issued by the Government in respect of the conditions of their service and wages during the period of operation of the said Ordinance, shall be applicable.

(3) The cesser of operation of the said Ordinances shall not,—

(a) affect any right, liability or power acquired under the principal Act as amended as per their provisions;

(b) affect any legal proceedings or remedial measures in respect of any right, liability, power or exercise of power as stated above and any such legal proceedings or remedial measures may be initiated, continued or enforced as per the provisions of the principal Act, in so far as it is not inconsistent with the provisions of the principal Act as amended by this Act:

Provided that no person accused of having committed an offence under section 154 of the Principal Act as amended by Ordinance number 34 of 2011 during the period from the 13th day of July, 2011 to the 28th day of October, 2013 shall not be subjected to conviction.

12. *Repeal and Savings.*—(1) The Kerala Panchayat Raj (Amendment) Ordinance, 2014 (15 of 2014) is hereby repealed.

(2) Notwithstanding such repeal anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ ടെണ്ടർ / ക്വട്ടേഷൻ ഇല്ലാതെ ക്രൂസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയങ്ങളിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 965/2015/തസ്വഭവ, തിരുവനന്തപുരം, തീയതി, 28 .03.2015.

പരാമർശം:- ക്രൂസ് ചെയർമാന്റെ 16.09.2014 ലെ എ/452/2014 നമ്പർ കത്ത്.

ഉത്തരവ്

പഞ്ചായത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ ടെണ്ടർ / ക്വട്ടേഷൻ ഇല്ലാതെ ക്രൂസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയങ്ങളിൽ നടത്തുന്നതിന് അനുമതി നൽകണമെന്ന് ക്രൂസ് ചെയർമാൻ പരാമർശ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു പഞ്ചായത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ ക്രൂസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയങ്ങളിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
അണ്ടർ സെക്രട്ടറി

ചെയർമാൻ, ക്രൂസ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും ലയിപ്പിക്കുന്നതും മുൻസിപ്പാലിറ്റികൾ രൂപീകരിയ്ക്കുന്നതും - പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(കൈ)നം.333/ 2015/തസ്വഭവ തീയതി, തിരുവനന്തപുരം, 31.10.2015

പരാമർശം: 1. സ.ഉ(അച്ചടി) നമ്പർ 152/2015/തസ്വഭവ തീയതി 30.04.2015
2. സ.ഉ(അച്ചടി) നമ്പർ 178/2015/തസ്വഭവ തീയതി 26.05.2015
3. സ.ഉ(അച്ചടി) നമ്പർ 146/2015/തസ്വഭവ തീയതി 30.04.2015
4. സ.ഉ(അച്ചടി) നമ്പർ 150/2015/തസ്വഭവ തീയതി 30.04.2015
5. സ.ഉ(അച്ചടി) നമ്പർ 148/2015/തസ്വഭവ തീയതി 30.04.2015
6. പഞ്ചായത്ത് ഡയറക്ടറുടെ 14/10/2015 & 28/10/2015 ലെ ഇ 8-32700/2015 നമ്പർ കത്തുകൾ.

ഉത്തരവ്

പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന 6 ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളുമായി കൂടിച്ചേരുകയും 31 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി മാറി 01/11/2015 പ്രാബല്യത്തിൽ നിലവിൽ വരുന്നതുമാണ്.

ക്രമ നമ്പർ	ഗ്രാമപഞ്ചായത്തിന്റെ പേര്	ജില്ല
കൊല്ലം മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്ത്		
1	തുക്കടവൂർ ഗ്രാമപഞ്ചായത്ത്	കൊല്ലം
കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾ		
2	പളളിക്കുന്ന് ഗ്രാമപഞ്ചായത്ത്	കണ്ണൂർ
3	പുഴാതി ഗ്രാമപഞ്ചായത്ത്	കണ്ണൂർ
4	എടക്കാട് ഗ്രാമപഞ്ചായത്ത്	കണ്ണൂർ

5	എളയാവൂർ ഗ്രാമപഞ്ചായത്ത്	കണ്ണൂർ
6	ചേലോറ ഗ്രാമപഞ്ചായത്ത്	കണ്ണൂർ
മുൻസിപ്പാലിറ്റികളായി മാറുന്ന ഗ്രാമപഞ്ചായത്തുകൾ		
7	കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്	കൊല്ലം
8	പന്തളം ഗ്രാമപഞ്ചായത്ത്	പത്തനംതിട്ട
9	ഹരിപ്പാട് ഗ്രാമപഞ്ചായത്ത്	ആലപ്പുഴ
10	ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്	കോട്ടയം
11	ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്	കോട്ടയം
12	കട്ടപ്പന ഗ്രാമപഞ്ചായത്ത്	ഇടുക്കി
13	പിറവം ഗ്രാമപഞ്ചായത്ത്	എറണാകുളം
14	കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്	എറണാകുളം
15	മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത്	തൃശ്ശൂർ
16	വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്	തൃശ്ശൂർ
17	പട്ടാമ്പി ഗ്രാമപഞ്ചായത്ത്	പാലക്കാട്
18	ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്	പാലക്കാട്
19	മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്	പാലക്കാട്
20	താനൂർ ഗ്രാമപഞ്ചായത്ത്	മലപ്പുറം
21	പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്	മലപ്പുറം
22	തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്	മലപ്പുറം
23	വളാഞ്ചേരി ഗ്രാമപഞ്ചായത്ത്	മലപ്പുറം
24	കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്	മലപ്പുറം
25	നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്	മലപ്പുറം
26	പയ്യോളി ഗ്രാമപഞ്ചായത്ത്	കോഴിക്കോട്
27	രാമനാട്ടുകര ഗ്രാമപഞ്ചായത്ത്	കോഴിക്കോട്
28	ഫറോക്ക് ഗ്രാമപഞ്ചായത്ത്	കോഴിക്കോട്
29	കൊടുവള്ളി ഗ്രാമപഞ്ചായത്ത്	കോഴിക്കോട്
30	മുക്കം ഗ്രാമപഞ്ചായത്ത്	കോഴിക്കോട്
31	മാനന്തവാടി ഗ്രാമപഞ്ചായത്ത്	വയനാട്
32	സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്	വയനാട്
33	കീഴ്മൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്	കണ്ണൂർ

34	പാന്തൂർ ഗ്രാമപഞ്ചായത്ത്	കണ്ണൂർ
35	പെരിങ്ങളം ഗ്രാമപഞ്ചായത്ത്	കണ്ണൂർ
36	കരിയാട് ഗ്രാമപഞ്ചായത്ത്	കണ്ണൂർ
37	ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത്	കണ്ണൂർ

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലുമായി ലയിപ്പിക്കുന്നതിനെത്തുടർന്ന് അനുബന്ധമായി ചേർത്തിരിയ്ക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 759 എണ്ണം പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 ലെ 28.10.2015 ലെ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ചുവടെ ചേർക്കുംവിധം ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിറുത്തി ഉത്തരവാകുന്നു.

1) കൊല്ലം, കണ്ണൂർ എന്നീ മുൻസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന 6 ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ അധികചുമതല അതത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതു വരെ അതത് സോണൽ ഓഫീസുകളിൽ തന്നെ തല്ക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാവുന്നതാണ്.

2) 27 മുൻസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതത് മുൻസിപ്പാലിറ്റികളിലെ മുൻസിപ്പൽ സെക്രട്ടറിമാരുടെ

പൂർണ്ണ അധികചുമതല നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതത് മുൻസിപ്പാലിറ്റികളിൽ തന്നെ തല്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നില നിറുത്തുന്നു.

3) പ്രസ്തുത ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നും തല്കാലത്തേക്ക് വകയിരുത്തേണ്ടതും പിന്നീട് ടി തുക പുതുതായി രൂപീകരിയ്ക്കുന്ന മുൻസിപ്പാലിറ്റികളിൽ നിന്നും പുതുതായി കൂട്ടിച്ചേർക്കപ്പെട്ട മുൻസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും തിരിച്ച് പിടിയ്ക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ &എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

SL NO	NAME OF PANCHAYAT	NAME OF MUNICIPALITY	SECRETARY	ASST SECRETARY	JUNIOR SUPDT	HEAD CLERK	ACCOUNTANT	SENIOR CLERK	CLERK	LIBRARIAN	HEALTH INSPECTOR	DRIVER	OFFICE ATTENDENT	JBC	FTS	PTS	REMARKS
1	KOTTARAKKARA	KOTTARAKKARA	1	1	1	0	1	6	6	0	0	1	2	0	6	0	
2	THRIKKADAVOOR	KOLLAM CORPORATION	1	1	1	0	1	4	4	1	0	0	2	0	2	2	
3	PANDALAM	PANDALAM	1	1	1	0	1	4	5	0	0	1	3	0	1	3	
4	HARIPPAD	HARIPPAD	1	0	1	0	1	4	4	0	0	0	2	0	3	1	
5	ETTUMANOOR	ETTUMANOOR	1	1	1	0	1	4	5	0	0	0	2	0	4	1	
6	ERATTUPETTA	ERATTUPETTA	1	1	1	0	1	5	5	0	0	1	2	0	8	0	
7	KOOTHATTUKULAM	KOOTHATTUKULAM	1	1	1	0	1	4	5	1	0	0	2	0	3	1	
8	PIRAVOM	PIRAVOM	1	1	1	0	1	3	4	0	1	1	2	0	5	0	
9	KATTAPPANA	KATTAPPANA	1	1	1	0	1	4	5	0	0	1	2	0	6	1	
10	VADAKKANCHERY	VADAKKANCHERY	1	1	1	0	1	4	5	0	0	0	2	0	3	1	
11	MUNDATHIKKODE	VADAKKANCHERY	1	1	0	1	1	3	4	0	0	0	1	0	0	1	
12	MANNARKKADU	MANNARKKADU	1	1	1	0	1	3	4	0	1	1	2	0	6	0	
13	CHERPULASSERY	CHERPULASSERY	1	1	1	0	1	4	4	0	0	0	1	0	1	1	
14	PATTAMBY	PATTAMBY	1	1	1	0	1	5	5	1	1	1	2	0	8	1	
15	PARAPPANANGADY	PARAPPANANGADY	1	1	1	0	1	5	6	1	1	0	2	0	7	0	
16	THIRURANGADY	THIRURANGADY	1	1	1	0	1	4	5	0	1	0	2	0	4	2	
17	TANOOR	TANOOR	1	1	1	0	1	4	5	0	0	0	2	0	4	2	

18	VALANCHERY	VALANCHERY	1	1	1	0	1	5	5	0	1	1	2	0	5	3	
19	KONDOTTY	KONDOTTY	1	1	0	1	1	3	4	0	0	0	2	0	0	1	
20	NEDIYIRUPPU	KONDOTTY	1	1	0	1	1	3	3	0	0	0	1	0	0	1	
21	MUKKOM	MUKKOM	1	1	1	0	1	4	4	0	0	0	2	0	0	3	
22	FEROKE	FEROKE	1	1	1	0	1	5	7	0	1	0	2	0	6	0	
23	RAMANATTUKARA	RAMANATTUKARA	1	1	1	0	1	4	5	0	1	1	2	0	6	2	
24	KODUVALLY	KODUVALLY	1	1	1	0	1	3	5	0	0	0	2	0	3	1	
25	PAYYOLI	PAYYOLI	1	1	1	0	1	4	5	0	1	0	2	0	4	1	
26	MANATHAVADY	MANATHAVADY	1	1	1	0	1	5	6	0	1	2	3	0	11	5	
27	SULTHAN BATHERY	SULTHAN BATHERY	1	1	1	0	1	6	7	0	1	2	2	0	10	3	
28	PALLIKKUNNU	KANNUR CORPORATION	1	1	1	0	1	4	4	0	0	0	2	0	0	2	
29	PUZHATHY	KANNUR CORPORATION	1	1	1	0	1	4	5	0	0	0	2	0	2	5	
30	ELAYAVOOR	KANNUR CORPORATION	1	1	1	0	1	4	4	0	0	0	1	0	1	5	
31	EDAKKADU	KANNUR CORPORATION	1	1	0	1	1	3	4	0	0	0	1	0	0	4	
32	CHELORA	KANNUR CORPORATION	1	1	0	1	1	3	3	0	0	0	1	0	0	6	
33	SREEKANTAPURAM	SREEKANTAPURAM	1	1	1	0	1	3	4	0	0	0	1	0	0	1	
34	KEEZHUR CHAVASSERY	IRITTY	1	1	1	0	1	4	5	0	1	1	2	0	5	8	
35	PANOOR	PANOOR	1	1	0	1	1	3	3	1	0	0	1	0	0	4	
36	KARIYADU	PANOOR	1	1	0	1	1	3	3	0	0	0	1	0	0	1	
37	PERINGALAM	PANOOR	1	1	0	1	1	3	3	0	0	0	1	0	0	3	
	TOTAL		37	36	29	8	37	146	170	5	12	14	66	0	123	76	

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ വിന്യസിക്കുവാനുള്ള അനുമതി ഇൻഫർമേഷൻ കേരള മിഷനു നൽകി ഉത്തരവ് പുറപ്പെടുവിക്കുനു.

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ.(സാധാ)നം. 3630/2015/തസ്വഭവ. തിരുവനന്തപുരം, തീയതി, 03.12.2015

പരാമർശം:- ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.11.2015 ലെ IKM/LOBE/Sakarma /2015 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ആയ 'സകർമ്മ' ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരുനു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സകർമ്മ ഓൺലൈൻ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുവാനുള്ള അനുമതി നൽകി ഉത്തരവാകുനു.

(ഗവർണറുടെ ഉത്തരവ് പ്രകാരം)

എൻ. വിശ്രുതൻ ആചാരി
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ
(സംഗ്രഹം)

ആയുഷ് വകുപ്പ് – ജീവനകാര്യം – സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഒ.പി. പ്രവർത്തനസമയം – ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (ബി) വകുപ്പ്

സ.ഉ (സാധാ) നം.51/2015/ആയുഷ് തീയതി, തിരുവനന്തപുരം, 04.12.2015

പരാമർശം:- 1. ഗവ. ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് ഓർഗനൈസേഷന്റെ 09/01/2014-ലെ നിവേദനം

2. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 06.10.2015 ലെ 867/പി1/2015/ഡി.എച്ച്. - നമ്പർ കത്ത്

ഉത്തരവ്

പരാമർശത്തിലെ കത്തിൽ ഹോമിയോപ്പതി ഡയറക്ടർ വിശദീകരിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികളിലേയും ആശുപത്രികളിലേയും ഒ.പി. പ്രവർത്തനസമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാക്കി പുനക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
നിഷ.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
ഡയറക്ടർ. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2014-15 വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 90/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 11.01.2016.

പരാമർശം:- സർക്കാർ ഉത്തരവ് (സാധാ) നം. 3632/2015/തസ്വഭവ തീയതി 04.12.2015.

ഉത്തരവ്

2014-15 വർഷത്തെ മികച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള അനുബന്ധമായി ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.റംലത്ത്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
മെമ്പർ (ഡീ സെൻട്രലൈസ്ഡ് പ്ലാനിംഗ്,) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മികച്ച ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പ് 2014-2015
മികച്ച ഗ്രാമ പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം

1. 4 ഗ്രാമസഭകൾ കൂടിയിരിക്കണം (ഗ്രാമ സഭ മിനിട്ടസ് പൂർത്തിയായിരിക്കണം)
2. മൊത്തം വികസന ഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം. (എസ്.സി.പി/ടി.എസ്.പി എന്നീ ഇനങ്ങളിൽ 70%) (ലോക്ബാക്ക്, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായം ഒഴികെ) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.
3. 2014-15 സാമ്പത്തിക വർഷം നികുതി പിരിവ് 90% പൂർത്തീകരിച്ചിരിക്കണം
4. 2014-15 സാമ്പത്തിക വർഷം വരെയുള്ള എ.ജി.എഫ്.എസ് നിശ്ചിത സമയ പരിധിക്കുള്ളിൽ (31.07.2015-ന് മുമ്പ്) സമർപ്പിച്ചിരിക്കണം
5. മെയിന്റനൻസ് ഫണ്ട് 70% ചെലവഴിച്ചിരിക്കണം
6. ആശ്രയ പദ്ധതി നടപ്പിലാക്കിയിരിക്കണം
7. സാമ്പത്തിക ക്രമക്കേടുകൾ നടന്നതുമായി ബന്ധപ്പെട്ട് വകുപ്പുതല/വിജിലൻസ് നടപടികൾ തദ്ദേശസ്ഥാപനത്തിന് എതിരെ ഉണ്ടായിരിക്കരുത്

അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകാവുന്നതാണ് (ആകെ 100 മാർക്ക്)

ഗ്രാമസഭ (4 മാർക്ക്)

(I) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 4 മാർക്ക് നൽകാവുന്നതാണ്. ആകെ ഗ്രാമസഭാ യോഗങ്ങളിലെ ശരാശരി ജന പങ്കാളിത്തം അടിസ്ഥാനമാക്കിയായിരിക്കും ശതമാനം കണക്കാക്കുന്നത് പ്രത്യേക വിഷയം ആസ്പദമാക്കിയുള്ള ഗ്രാമ സഭകളും വിശേഷാൽ ഗ്രാമസഭകളും ഇതിൽ ഉൾപ്പെടുന്നില്ല.

1. മൊത്തം വോട്ടർമാരുടെ 11% മുതൽ 15% വരെ	- 1 മാർക്ക്
2. 15% മുകളിൽ 20% വരെ	- 2 മാർക്ക്
3. 20% മുകളിൽ 25% വരെ	- 3 മാർക്ക്
4. 25% മുകളിൽ	- 4 മാർക്ക്

(II) പഞ്ചായത്ത് കമ്മിറ്റി (6 മാർക്ക്)

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2014-15 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും 1/2 മാർക്കുപ്രീതം പരമാവധി 6 മാർക്ക് നൽകാവുന്നതാണ്.

(III) സ്റ്റാന്റിംഗ് കമ്മിറ്റി/സ്റ്റിയറിംഗ് കമ്മിറ്റി (4 മാർക്ക്)

1. ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1/2 മാർക്ക് വീതം പരമാവധി 3 മാർക്ക് നൽകാവുന്നതാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങളും നിയമാനുസൃതം കൂടിയിരിക്കണം.
2. സ്റ്റിയറിംഗ് കമ്മിറ്റിയോഗം 6 എണ്ണത്തിൽ കൂടുതൽ — 1 മാർക്ക്

(IV) നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 2 മാർക്ക്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 6-ൽ കൂടുതൽ നടത്തിയിട്ടുണ്ടെങ്കിൽ — 2 മാർക്ക്

(V) കുടുംബശ്രീ/ആശ്രയ/ ജാഗ്രത സമിതി/ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പദ്ധതികൾ (3മാർക്ക്)

കുടുംബശ്രീ പ്രവർത്തനങ്ങൾ കവറേജ്, പ്രാദേശിക സാമ്പത്തിക വികസനത്തിനായി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ നൽകുന്ന സാമ്പത്തിക സഹായം, സംഘകൃഷിപദ്ധതി സംയോജനം, വിലയിരുത്തൽ, സമിതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

1. ആശ്രയ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം
   (a) 81% - 90% വരെ — 1 മാർക്ക്
   (b) 90% -ന് മുകളിൽ 100% വരെ — 2 മാർക്ക്

2. വനിതകളുടെ കൂട്ടായ്മയിലൂടെ സംഘകൃഷി എർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പുകളുടെ എണ്ണം
   (a) ഒരു ഗ്രൂപ്പു മുതൽ 2 വരെ — ½ മാർക്ക്
   (b) 3 മുതൽ 5 വരെ — 1 മാർക്ക്
   (c) 6 മുതൽ 10 വരെ — 2 മാർക്ക്

3. ജാഗ്രതാസമിതി
   a. വാർഡ്തല സമിതി — 1 മാർക്ക്
   b. പഞ്ചായത്ത് തല സമിതി — 1 മാർക്ക്

c. നിയമസഹായ സമിതി,. 1 മാർക്ക്

d. നിർഭയ ഹെൽപ്പ് ഡെസ്ക്കുകൾ
ഏർപ്പെടുത്തിയ ഗ്രാമ പഞ്ചായത്തുകൾ 1 മാർക്ക്

4. ബഡ്സ് സ്കൂൾ/ബേസിക് റിസോഴ്സ് സെന്റർ/പകൽവീട് 1 മാർക്ക്
നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ

(VI) വികേന്ദ്രീകൃതാസൂത്രണം - പദ്ധതി ചെലവ് (16 മാർക്ക്)

1. പദ്ധതി വിഹിതം ചെലവ് 70% ന് മുകളിൽ 100% വരെ
ചുവടെപ്പറയുംപ്രകാരം മാർക്ക് നൽകാവുന്നത് (5 മാർക്ക്)

71% മുതൽ 80% വരെ	-	1 മാർക്ക്
80% - ന് മുകളിൽ 85% വരെ	-	2 മാർക്ക്
85% - ന് മുകളിൽ 90% വരെ	-	3 മാർക്ക്
90% - ന് മുകളിൽ 95% വരെ	-	4 മാർക്ക്
95% - ന് മുകളിൽ 100% വരെ	-	5 മാർക്ക്

2. പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിന്റെ 5% വരെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 5% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

3. ഉൽപാദനമേഖലയിലെ ചെലവ്, മൊത്തം പദ്ധതി തുകയുടെ 20% കൂടുതലാണെങ്കിൽ 2 മാർക്കും 30% കൂടുതലാണെങ്കിൽ 4 മാർക്ക്

4. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക, മൊത്തം പദ്ധതി തുകയുടെ 10% മുതൽ 15% വരെയാണെങ്കിൽ 1/2 മാർക്കും 15% നു മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

5. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വനിതകൾക്കു മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

6. വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക മൊത്തം പദ്ധതി തുകയുടെ 5%മുതൽ 7% വരെയാണെങ്കിൽ 1/2 മാർക്കും 7% മുകളിൽ 1 മാർക്കും നൽകാവുന്നതാണ്.

7. പൊതു വിഭാഗത്തിൽ നിന്നും വ്യത്യസ്തമായി വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവർക്ക് മാത്രമായി പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ഉണ്ടെങ്കിൽ 1 മാർക്ക്

8. 2014-15 വർഷത്തിലെ പദ്ധതിയുടെ ഡി.പി.സി അംഗീകാരം 31.03.2014-ന് മുമ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ - 2 മാർക്ക്

VII. സാമൂഹ്യസുരക്ഷിതത്വ പെൻഷൻ (2 മാർക്ക്)

1. വിവിധ സാമൂഹ്യ പെൻഷനുകൾക്കുവേണ്ടി 28.02.2015 നകം ലഭിച്ച അപേക്ഷകളിൻമേൽ തീർപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്ക് 2 മാർക്ക് നൽകാവുന്നതാണ്.

1. 80% - 90% വരെ - 1/2 മാർക്ക്
2. 90% ന് - മുകളിൽ 100% ൽ താഴെ - 1 മാർക്ക്
3. 100% വും തീർപ്പാക്കിയിട്ടുണ്ടെങ്കിൽ - 2 മാർക്ക്

VIII. തനതുഫണ്ട് (6 മാർക്ക്)

1. ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻ വർഷത്തേക്കാൾ

(a) 20% മുതൽ 30% വരെ - 1 മാർക്കും,
(b) 30% മുകളിൽ 40% വരെ - 2 മാർക്കും
(c) 40% മുകളിൽ 50% വരെ - 3 മാർക്കും
(d) 50% മുകളിൽ - 4 മാർക്കും നൽകാവുന്നതാണ്.

2. പരസ്യനികുതി ഇലാ പാസ്സാക്കി പിരിവ് നടത്തുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 2 മാർക്ക്

IX. നികുതികളും ഫീസും പിരിവ് (8 മാർക്ക്)

91% - 92% വരെ - 1/2 മാർക്ക്
92% - ന് മുകളിൽ 93% വരെ - 1 മാർക്ക്
93% - ന് മുകളിൽ 94% വരെ - 2 മാർക്ക്
94% - ന് മുകളിൽ 95% വരെ - 3 മാർക്ക്
95% - ന് മുകളിൽ 96% വരെ - 4 മാർക്ക്
96% - ന് മുകളിൽ 97% വരെ - 5 മാർക്ക്
97% - ന് മുകളിൽ 98% വരെ - 6 മാർക്ക്
98% - ന് മുകളിൽ 100% താഴെ - 7 മാർക്ക്
100% - ന് - 8 മാർക്ക്

X. മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)

മെയിന്റനൻസ് ഗ്രാന്റ് ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകാവുന്നതാണ്.

(1) 70% - 80% - 1 മാർക്ക്
(2) 80%-ന് മുകളിൽ 90% വരെ - 2 മാർക്ക്
(3) 90%-ന് മുകളിൽ 95% വരെ - 3 മാർക്ക്
(4) 95%-ന് മുകളിൽ 100% താഴെ - 4 മാർക്ക്

(5) 100% - - 5 മാർക്ക്

XI. ശുചിത്വം (8 മാർക്ക്)

1) 2014-2015 വർഷത്തിൽ വാർഡ്തലത്തിൽ, 10,000/- രൂപ വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയിലെ 100% ചെലവ് (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ) - 2 മാർക്ക്

2)ചെറമാലിന്യ സംസ്കരണത്തിന് മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണപ്ലാന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക് (പ്രവർത്തനക്ഷമമായിരിക്കണം)

3) മാർക്കറ്റ്/പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം) 2 മാർക്ക്

4) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ (കൊതുകുനിവാരണം, മെഡിക്കൽ ക്യാമ്പുകൾ പകർച്ച വ്യാധി നിയന്ത്രണ മാർഗ്ഗങ്ങൾ) ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

XII. നൂതനവും അനുകരണീയവുമായ പദ്ധതികൾ (5 മാർക്ക്)

2014-15 വർഷത്തിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 3 മാർക്കും, ഒന്നിൽ കൂടുതൽ ഉള്ള ഓരോ പദ്ധതിയ്ക്കും 1 മാർക്കു വീതം പരമാവധി 5 മാർക്ക്. നൽകാവുന്നതാണ് (മുൻ വർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ) അപേക്ഷയോടൊപ്പം വിശദമായ റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്.

XIII മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (5 മാർക്ക്)

a) മഹാത്മാഗാന്ധി.ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്ട്രർ ചെയ്ത് അപേക്ഷ നൽകിയ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയതിന്

1. 20% - മുതൽ 40% കുടുംബങ്ങൾക്ക്തൊഴിൽ നൽകിയതിന് - 1 മാർക്ക്
2. 40% - ന് മുകളിൽ 60% വരെ കുടുംബങ്ങൾക്ക്തൊഴിൽ നൽകിയതിന് - 2 മാർക്ക്
3. 60% - ന് മുകളിൽ - 3 മാർക്ക്

b) മെറ്റിരിയൽ കംബോണന്റ് 20%-40% വരെ ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

c) മറ്റ് വകുപ്പുകൾ ചേർന്ന് ആസ്തിവികസന പ്രോജക്ടുകൾ എടുത്തിട്ടുണ്ടെങ്കിൽ - 1 മാർക്ക്

XIV. ഫ്രണ്ട് ആഫീസ് (4 മാർക്ക്)

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 4 മാർക്ക് നൽകേണ്ടതാണ്.

1. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 1/2 മാർക്ക്

2.	ഫ്രണ്ട് ഓഫീസ് സംവിധാനം കംമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ	1/2 മാർക്ക്
3.	പൊതുജനങ്ങൾക്ക് ഇരിപ്പിടം, കുടിവെള്ളസംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	1/2 മാർക്ക്
4.	പൊതുജനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	1/2 മാർക്ക്
5.	പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ	1/2 മാർക്ക്
6.	വികലാംഗർക്ക് റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ	1 മാർക്ക്
7.	പരാതിപുസ്തകം/പരാതിപ്പെട്ടി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ	1/2 മാർക്ക്

XV കമ്പ്യൂട്ടർവൽക്കരണം - (2 മാർക്ക്)

സാംഖ്യ, സുലേഖ, സേവന, (പെൻഷൻ) സേവന (ജനന-മരണ രജിസ്ട്രേഷൻ), സഞ്ചയ എന്നീ സോഫ്റ്റ് വെയറുകളിലൂടെ മാത്രം സേവനം നൽകുന്നുണ്ടെങ്കിൽ 2 മാർക്ക്

XVI ISO സർട്ടിഫിക്കറ്റ് - (2 മാർക്ക്)

2014-15 വർഷം ISO സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ 2 മാർക്ക്

XVII പൊതുവിഷയങ്ങൾ (12 മാർക്ക്)

1.	പാലിയേറ്റീവ് കെയർ സംവിധാനം - ഭവന സന്ദർശന സൗകര്യം ഉണ്ടെങ്കിൽ	2 മാർക്ക്
2.	പ്രവർത്തനക്ഷമമായ അറവ്ശാല ഉണ്ടെങ്കിൽ	2 മാർക്ക്
3.	പൊതുശ്മശാനം സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിൽ (പ്രവർത്തനക്ഷമമായിരിക്കണം)	2 മാർക്ക്
4.	ദുരിതാശ്വാസ നിധി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ	2 മാർക്ക്
1. Having examined the application of Shri ..... , I am satisfied that the applicant is FIT/NOT FIT for recognition under Rule 54 of Kerala Minor Mineral Concession Rules, 2015.

2. The registration number accorded to him as a recognised person is

The reasons for refusing the grant of recognition are recorded below.

Place:
Date: *Director of Mining and Geology*

33/513/2015/S-9.

FORM Q

[*See* sub-rule (5) of Rule 54]

RECOGNISED QUALIFIED PERSON CERTIFICATE

(emblem)

CERTIFICATE OF RECOGNITION AS QUALIFIED PERSON TO PREPARE MINING PLANS FOR QUARRYING MINOR MINERALS IN KERALA

(issued under Rule 54 of the Kerala Minor Mineral Concession Rules, 2015)

Shri/Smt. .....(address) having given satisfactory evidence of his/her qualification and experience is hereby granted RECOGNITION under Rule 54 of the Kerala Minor Mineral Concession Rules,2015 as a qualified Person to prepare Mining Plans for quarrying minor minerals in Kerala.

The registration number is .....

Date: *Director of Mining and Geology.*

FORM R

(*See* Rule 49)

The Kerala Minor Mineral Concession Rules, 2015

GOVERNMENT OF KERALA

DEPARTMENT OF MINING AND GEOLOGY

DISTRICT OFFICE, ...

MOVEMENT PERMIT

No..... Date .....

"Shri/Smt./M/s. ..... who is holding quarrying lease No..... dated..... under the Kerala Minor Mineral Concession Rules, 2015 is hereby permitted to transport ..... (name of mineral) from quarry situated at ..... (location name), in Survey No..... of ..... Village of ..... Taluk of ..... District for the period from ..... to ..... *This movement permit is issued for the purpose of transport of minerals for value addition and for

subsequent sale of value added products from the value addition unit (strike off if not applicable**). Every consignment of mineral permitted to be moved under this movement permit shall be moved only with valid minerals transit pass issued under the Kerala Minerals (Prevention of illegal mining, storage and transportation) Rules, 2015.**

Other particulars are as detailed below:—

1. Particulars of mineral concession (concession number/date/allowed quantity/validity etc.)

2. Particulars of pervious movement permits which stands cancelled

3. Balance quantity of mineral brought forward from previous movement permit

4. Quantity of mineral permitted to be moved under this movement permit

5. *Registration number with date allotted to the value addition unit (if applicable)

6. *Location name, survey number, village, taluk, district of the value addition unit to which the mineral is intended to be moved (if applicable)

7. Special conditions to be imposed (if any)

8. Particulars of remittance of rent/royalty/taxes as applicable.

(Office Seal)

Signature and seal of Competent Authority

* to be furnished in the case of issuance of movement permit for the purpose of transport of minerals to the value addition unit and for subsequent sale of value added products.

By order of the Governor,

P. H. KURIAN,

Principal Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Kerala Minor Mineral Concession Rules, 1967 were issued under notification No.15203/E2/63/ID dated 24th November, 1967 and published as S.R.O. No. 364/67 in Part I of the Kerala Gazette No. 49 dated 12th December, 1967. The Honourable Supreme Court has directed the State Governments to frame proper Rules under section 15 of the Mines and Minerals (Development and Regulation) Act, 1957 in accordance with the recommendations of the Ministry of Forest and Environment and also directed the State Government to grant leases of minor minerals after getting environmental clearance from the appropriate authority and approved mining plan. Further the existing rules contained provisions for storage and transportation of minerals. The Government have decided to omit the said provisions from the said rules and to issue separate rules for the same.

In the above said circumstances Government have decided to issue the Kerala Minor Mineral Concession Rules, 2015 superseding the Kerala Minor Mineral Concession Rules, 1967 as per the directives issued by the Honourable Supreme Court.

The notification is intended to achieve the above object.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2015.—

കേരള സർക്കാർ

നമ്പർ 157/ആർ.ഡി.3/15/തസ്വഭവ തദ്ദേശസ്വയം ഭരണ (ആർ.ഡി)വകുപ്പ്,
തിരുവനന്തപുരം, തീയതി. 11 /9/2015.

സർക്കുലർ

വിഷയം: തദ്ദേശസ്വയം ഭരണ വകുപ്പ് – പാൻമസാല തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധനം സ്കൂൾ ഹോസ്റ്റലുകൾക്കും സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 24-11-2011-ലെ 34591/ആർ.ഡി3/11/തസ്വഭവ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം പാൻമസാല തുടങ്ങി ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വില്പനയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 400 മീറ്റർ അകലം വരെ നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇതിലെ വിദ്യാഭ്യാസ സ്ഥാപനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ സ്കൂൾ ഹോസ്റ്റലുകൾ ഉൾപ്പെട്ടിരുന്നില്ല. വിദ്യാർത്ഥികൾക്ക് ഇത്തരം ലഹരി വസ്തുക്കൾ ലഭ്യമാകാതിരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വിദ്യാഭ്യാസ സ്ഥാപനത്തെ പറ്റി സർക്കുലറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിനാൽ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളെയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി ടി സർക്കുലർ പ്രകാരമുള്ള നിരോധനം സ്കൂൾ ഹോസ്റ്റലുകൾക്കും കൂടി ബാധകമാക്കി സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി

1. സംരക്ഷണ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (സംരക്ഷണ ഡയറക്ടർ മുഖേന)
4. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം

5. എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവർ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

6. ഡയറക്ടർ, പൊതുജന പരിവര്ത്തന വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിയ്ക്ക്).

പകർപ്പ്:

1 വെള്ളനാട് പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2 വെള്ളനാടരാകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3 തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
4 തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
5 കക്ഷിയുടെ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിന് പ്രകാരം

സെക്ഷൻ ഓഫീസർ

© കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 4 / Vol. IV | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2015 ഒക്ടോബർ 6 / 6th October 2015 — 1191 കന്നി 20 / 20th Kanni 1191 — 1937 ആശ്വിനം 14 / 14th Aswina 1937 | നമ്പർ / No. 2269

GOVERNMENT OF KERALA

Industries (A) Department

NOTIFICATION

G. O. (P) No. 144/2015/ID.

Dated, Thiruvananthapuram, 5th October, 2015 / 19th Kanni, 1191.

S. R. O. No. 671/2015.—In exercise of the powers conferred by sub-section (1) of section 15 of the Mines and Minerals (Development and Regulation) Act, 1957 (Central Act 67 of 1957), the Government of Kerala hereby make the following Rules further to amend the Kerala Minor Mineral Concession Rules, 2015 issued under Notification No. G. O. (P) No. 16/2015/ID dated 7th February, 2015 and published as S.R.O. No.72/2015 in Part I of the Kerala Gazette No. 288 dated 7th February, 2015, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2015.

33/3864/2015/S-13.

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Minor Mineral Concession (Second Amendment) Rules, 2015.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Minor Mineral Concession Rules, 2015,—

(i) In Rule 12, for the first and second proviso the following proviso shall be substituted, namely:—

Provided that the mining plan and environmental clearance required under rule 9 shall not be insisted in respect of renewal of quarrying permits of granite (building stone) quarries which had quarrying permits under the Kerala Minor Mineral Concession Rules, 1967 on or before 26th February, 2012.

(ii) for rule 13, the following rule shall be substituted, namely:—

13. *Restriction on grant of quarrying permit in the same area.*—A permit holder shall not be eligible for a permit on a particular area of contiguous land owned and possessed by him if he has availed himself of permits for quarrying in the same land for a period of 3 years in different spells from the date of publication of the Kerala Minor Mineral Concession (Second Amendment) Rules, 2015.

Provided that the permit holder may apply for a quarrying lease in case he desires to continue quarrying from the area for a period of more than 3 years if he is able to satisfy all the conditions laid down in the rules dealing with quarrying leases.

By order of the Governor,

P. H. KURIAN,
Principal Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Kerala Minor Mineral Concession Rules, 2015 were issued under Notification No. G. O. (P) 16/2015/ID dated 7th February, 2015 and published as S.R.O. No. 72/2015 in the Kerala Gazette Extraordinary No. 288 dated 7th February, 2015. In the order dated 27th February, 2012 of the Hon'ble Supreme Court of India, in Deepak Kumar Vs. State of Haryana case [(2012) 4 SCC 629] environmental clearance has been made mandatory for grant/renewal of quarrying leases till the rules are framed by the State Governments and Union Territories as per the directions given by the Court in this order. Considering the particular situation prevailed in the State environmental clearance could not be insisted by the State Government during such period. In the judgment dated 23rd March, 2015 of the Hon'ble High Court of Kerala in WP (C) No. 31148/2014 and other connected cases, the Hon'ble Court has made it clear that the quarrying permits granted/renewed after 27th February, 2012 without obtaining environmental clearance are not valid. The rule 12 of the above rules was challenged before the Hon'ble High Court in WP (C) No. 31148/2014 and other connected cases and in the judgment dated 23rd March, 2015, the Hon'ble High Court has also made it clear that there was no necessity of environmental clearance for issuance of quarrying permit in an area less than or equal to 5 hectare before 27th February, 2012. In order to make the renewal of permits issued before 27th February, 2012 possible and to give sufficient time to the existing quarrying permit holders for obtaining environmental clearance and mining plan for applying for quarrying lease, Government have decided to amend rules 12 and 13 of the Kerala Minor Mineral Concession Rules, 2015.

The notification is intended to achieve the above object.

കേരള സർക്കാർ

നം. 516/ആർ.സി.3/2015/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്,
തിരുവനന്തപുരം, തീയതി.....2016.

പ്രേഷിതൻ
പ്രിൻസിപ്പൽ സെക്രട്ടറി
സ്വീകർത്താവ്
ഡയറക്ടർ
കില, തൃശ്ശൂർ

സർ,

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പന്നികളെ വളർത്തുവാനോ, സൂക്ഷിക്കുവാനോ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകുന്നത് – സംബന്ധിച്ച്.

സൂചന: കില ഡയറക്ടറുടെ 01.09.2015 തീയതിയിലെ 26/2015/STRC/KILA നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഒരു പന്നിയെ വളർത്തുന്നതിന് പോലും ലൈസൻസ് ആവശ്യമാണ്. എന്നാൽ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലവിൽ വന്നതോടു കൂടി 5 പന്നികളെവരെ വളർത്തുന്നതിനും സൂക്ഷിക്കുന്നതിനും ലൈസൻസ് ആവശ്യമില്ലാത്ത സാഹചര്യമാണ് ഉള്ളതെന്നും ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചുകൊണ്ടിരിക്കുന്നതായും പരിശീലനത്തിന് എത്തുന്ന പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചതായും ആയതിനാൽ എല്ലാ പന്നികൾക്കും ലൈസൻസ് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവുണ്ടാക്കണമെന്നുമുള്ള ആവശ്യമറിയിച്ചുകൊണ്ട് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നു.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(3) അനുസരിച്ച് 5-ൽ കൂടുതൽ പന്നികളെ വളർത്തണമെങ്കിൽ Live Stock Farm നുള്ള ലൈസൻസ് നേടിയിരിക്കണം. 5 എണ്ണം വരെ വളർത്തുന്നതിന് മേൽപ്പറഞ്ഞ ലൈസൻസ് പ്രസ്തുത 1998-ലെ കേരള പഞ്ചാത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസാണ് എടുക്കേണ്ടത്. അത് പട്ടി/പന്നി ഒരെണ്ണമായായലും ലൈസൻസ് വാങ്ങേണ്ടത് ടി ചട്ട പ്രകാരം നിർബന്ധമാണെന്നും അതിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പി.എൻ. സുരേഷ് കുമാർ

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in FAX: 0471-2318134, 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

No. PCB/T4/115/97 Date: 17. 03.2015

CIRCULAR

Sub: Setback for Rock sand making units

Ref: 1. Minutes of the Review meeting held on 19th and 20th of December 2014
2. Circular No. PCB/TAC/BM-168/671/2009, dated 08.02.2010

Vide circular cited 2 above siting criteria was specified for establishment of stand alone M – sand production units running on metal brought from outside and using wet processing method. In the review meeting cited 1st above it was decided to specify a minimum set back of 25m for Rock sand manufacturing units as in the case of Matti sand units.

So a minimum set back of 25m shall be specified for Rock sand manufacturing units. This distance norm is applicable with effect from 18.02.2015.

Sd/-
CHAIRMAN

To:
The Chief Environmental Engineer, RO, TVM/EKM
The Chief Environmental Scientist, Central Lab, EKM
The Senior Environmental Engineer, DO-1, EKM /RO KKD
The Environmental Engineer, District Office,
TVM/KLM/PTA/KTYM/ALPY/IDK/EKM-DO-2 (Perumbavoor)/
EKM-3(ESC)/TSR/KKD/PLKD/MLPM/WYND/KNR/KSGD
All Technical officers in H.O.

FORWARDED/ BY ORDER

ENVIRONMENTAL ENGINEER - 3

amen\ykwkIcWw

കേരള സർക്കാർ

നം.77570/ഡി.സി.1/2013/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 14/10/2014

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ഉറവിടമാലിന്യസംസ്കരണ പദ്ധതികൾക്ക് നൽകുന്ന ഭരണ-സാങ്കേതികാനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വീകരിക്കുന്ന നടപടികൾ ക്രമീകരിക്കുന്നത് -സംബന്ധിച്ച്

സൂചന: 1) സ.ഉ(സാധ)നം.1597/2012/തസ്വഭവ തീയതി 12.6.2012.
2) 3/12/2013ലെ 39110/ഡിസി1/13/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്ത് ഉറവിടമാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു :-

1. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ആ പദ്ധതിക്ക് മുൻകൂട്ടിയുള്ള ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം അനുവദിക്കുന്നതല്ല.

3. അതാതു പ്രദേശത്തിന് യോജിച്ചതും വിലകുറഞ്ഞതും ഉപയോഗപ്രദവുമായ മാലിന്യസംസ്കരണ സംവിധാനം വേണം സ്ഥാപിക്കേണ്ടത്.

4. വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ശേഷി $0.5m^3$ (പ്രതിദിനം 2.5 കിലോ മാലിന്യം സംസ്കരിക്കുന്നതിന്) മതിയാകുന്നതാണ്.

5. ഏതെങ്കിലും പ്രായോഗിക കാരണങ്ങളാൽ നേരത്തേ നൽകിയ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം ആവശ്യമായി വരികയാണെങ്കിൽ ആയത് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ശുചിത്വമിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതുമാണ്. പുതുക്കിയ അനുമതി ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കാൻ യാതൊരു കാരണവശാലും പാടുള്ളതല്ല.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ശുചിത്വമിഷൻ നൽകിയ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് നഗരസഭകൾ യൂണിറ്റ്കോസ്റ്റിൽ അധികരിച്ച് ലഭിച്ചിട്ടുള്ള ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയതിനു ശേഷം ക്രമാനുസൃതമാക്കുന്നതിനായി പ്രത്യേകാനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുന്ന പ്രവണത കൂടുതലായി കണ്ടു വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ 3/12/2013ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

ശുചിത്വമിഷൻ നൽകിയിട്ടുള്ള സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നടപ്പിലാക്കുന്ന നടപടികൾ ഇനിമേൽ യാതൊരു കാരണവശാലും സർക്കാർ ക്രമവൽക്കരിച്ച് നൽകുന്നതല്ലാത്തതിനാൽ ഇപ്രകാരമുള്ള ശുപാർശകൾ ഇനിമേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്ക് അയക്കേണ്ടതില്ല.

എ പി എം മുഹമ്മദ് ഹനീഷ്

സെക്രട്ടറി.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭകൾ/ മുനിസിപ്പാലിറ്റികളേയും അറിയിക്കുവാൻ)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്തുകളേയും/ ബ്ളോക്ക് പഞ്ചായത്തുകളേയും അറിയിക്കുവാൻ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഐ & പി ആർ ഡി (വെബ് & ന്യൂമീഡിയ)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.71875/ഡി.സി1/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി : 02/12/2014

സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ - മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

2000-ാമണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ് പ്രകാരം ജൈവജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ് ബയോഗ്യാസ് പ്ലാന്റുകൾ, എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി സംസ്ക്കരണം നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. മാലിന്യം കത്തിച്ചുകളയുന്നതിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ മാത്രമേ പാടുള്ളൂവെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. കേരളത്തിലെ സവിശേഷതകൾ കണക്കിലെടുത്തും നാളിതുവരെയുള്ള അനുഭവം ഉൾക്കൊണ്ടും കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നഗര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സാങ്കേതിക-സാമ്പത്തിക, പരിസ്ഥിതി മലിനീകരണ സാധ്യതകൾ പരിഗണിച്ച് ഇപ്പോൾ ഇൻസിനറേറ്റർ സാർവ്വത്രികമായി ഉപയോഗപ്പെടുത്തേണ്ടതില്ല എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിലേയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നൽകി വരുന്നു എന്ന് കാണുന്നുണ്ട്.

കേരളത്തിലെ മാലിന്യത്തിന്റെ സ്വഭാവവും കാലാവസ്ഥയും, ഉയർന്ന തോതിലുള്ള ഈർപ്പം (70%), ഉയർന്ന തോതിലുള്ള ജൈവ വസ്തുക്കളുടെ സാന്നിദ്ധ്യവും (70% - 80%), ഉയർന്ന താപ മൂല്യമുള്ള വസ്തുക്കളുടെ കുറവ് എന്നിവ ഇൻസിനറേഷൻ പ്രക്രിയയ്ക്ക് വിഘാതമായിട്ടുള്ളതാണ്. അന്തർ ദേശീയ നിലവാരത്തിലുള്ള ഇൻസിനറേറ്ററും ആയതിന് അനുയോജ്യമായ വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഉൾപ്പെട്ട ഇൻസിനറേറ്റർ മൂലധന ചെലവും പ്രവർത്തന ചെലവും കൂടുന്ന

തുമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചാണ് ലോഥരൽ ബോഡി തലത്തിൽ ചെറിയ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്നു കാണുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇന്ധനം ഉപയോഗപ്പെടുത്തി പ്രവർത്തിപ്പിക്കാവുന്നതും/ഇന്ധനം ഉപയോഗപ്പെടുത്താതെയും പ്രവർത്തിപ്പിക്കാവുന്നതും എന്നാൽ ദേശീയ, അന്തർദേശീയ മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ ഇൻസിനറേറ്ററുകൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇൻസിനറേറ്ററുകൾ ശുചിത്വമിഷന്റെ സാങ്കേതികാനുമതി ഇല്ലാതെ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുക്കുന്ന നടപടികൾ നിരുത്സാഹപ്പെടുത്തേണ്ടതുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്തീരാജ് ചട്ടം, 1994-ലെ കേരള നഗരപാലിക ചട്ടം എന്നിവ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനാതിർത്തിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ ശേഖരണം, പരിവഹണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നീ പ്രവൃത്തികൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 2012-ൽ ഈ ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം വ്യവസായ ശാലകൾ, വാണിജ്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്ക് ടി സ്ഥാപനങ്ങൾ തന്നെ നടപടി സ്വീകരിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം സ്ഥാപന മേലധികാരികളെ നിശ്ചിത പിഴയ്ക്കോ തടവിനോ ഇവ രണ്ടിനും കൂടിയോ ഉള്ള ശിക്ഷണ നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ആകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമവിധേന ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിലേയ്ക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കാണ് നടപടി സ്വീകരിക്കേണ്ടത്. അതിലുപരി സർക്കാർ അംഗീകരിക്കാത്തതും നിയമം അനുശാസിക്കാത്തതും തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വിശേഷിച്ച് ഇൻസിനറേറ്ററുകൾ പോലുള്ള മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിച്ച് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണത്തിന് പ്രോത്സാഹനജനകമല്ല. പ്രത്യേകിച്ച് ജൈവജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ പുനരുപയോഗ, പുനഃചംക്രമണ സാധ്യതയുള്ള മാലിന്യങ്ങളും കത്തിക്കാൻ പാടില്ലാത്തതാണ്.

ആകയാൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി ഇൻസിനറേറ്റർ അല്ലാതെ മറ്റ് സാങ്കേതിക വിദ്യകൾ ഒന്നും ഉപയോഗപ്രദമല്ല എന്ന ഘട്ടത്തിലും പ്രത്യേക സാഹചര്യങ്ങളിലും മാത്രമേ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകാവൂ എന്നും ആയത് സ്ഥാപിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാരിൽ നിന്നും മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവും വേണം ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാനായി നടപടി എടുക്കാവൂ എന്നും നിർദ്ദേശിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്.
3. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്.
4. ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
5. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന)
8. മെമ്പർ സെക്രട്ടറി, സംസ്ഥാന മലനീകരണ നിയന്ത്രണ ബോർഡ്.
9. എല്ലാ ജില്ലാ കളക്ടർമാർക്കും. (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ മുഖേന)
10. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
11. വെബ് & ന്യൂ മീഡിയ
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.178649/ഡി.സി.1/2015/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 23.4.2015

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് – മാലിന്യ വിമുക്ത കേരളം – മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2015 – മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

മൺസൂൺ കാലത്ത് കേരളത്തിൽ പടർന്നുപിടിക്കുന്ന പകർച്ചവ്യാധികൾക്ക് പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ആരോഗ്യവകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് പ്രാദേശികമായി സുരക്ഷിത മാലിന്യ പരിപാലനത്തിലൂടെ പരിസരശുചിത്വം ഉറപ്പാക്കണം. കൊതുകിന്റെ ഉറവിടങ്ങളായ ഓടകൾ, തോടുകൾ, കുളങ്ങൾ, വീടും പരിസരവും, പൊതുസ്ഥലങ്ങൾ തുടങ്ങിയവ വൃത്തിയായി പരിപാലിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഇതിനായി എല്ലാ വാർഡുകളിലും നിലവിലുള്ള സാനിട്ടേഷൻ സമിതിയുടെ നേതൃത്വത്തിൽ ആരോഗ്യസ്ഥാപനങ്ങൾ ഗ്രന്ഥശാലകൾ, സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രവർത്തകരെ ഈ കാമ്പയിന്റെ ഭാഗമാക്കുന്നതിന് കഴിയും. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, നഗരകാര്യം, ജലവിഭവം, സാമൂഹ്യക്ഷേമം, മൃഗസംരക്ഷണം, കൃഷി, പൊതുമരാമത്ത്, തൊഴിൽ തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ച പ്രവർത്തനം തദ്ദേശസ്ഥാപനതലത്തിൽ ഉറപ്പുവരുത്തണം.

പഞ്ചായത്ത്/നഗരസഭാതല പ്രീ മൺസൂൺ കാമ്പയിൻ

പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും നേതൃത്വത്തിൽ വിവിധ വകുപ്പ്തല പ്രവർത്തകരേയും, സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ച് വാർഡ് തലത്തിൽ ശുചിത്വ പ്രവർത്തനങ്ങളുടെ കണ്ടെത്തലും, ആസൂത്രണവും കർമ്മപരിപാടികളും തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തിയ്ക്കുകയാണ് കാമ്പയിന്റെ ലക്ഷ്യം. ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ അവസാനം വരെ നീണ്ടു നിൽക്കുന്ന വിപുലമായ കർമ്മപരിപാടികൾ സംഘടിപ്പിക്കണം. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പ്രചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.

1. **വാർഡ്തല ശുചിത്വ കൂട്ടായ്മ**

വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി വിളിച്ചുചേർത്ത് ശുചിത്വ മാപ്പിംഗും, കർമ്മപദ്ധതി രൂപീകരണവും നടപ്പാക്കുന്നതിന് വാർഡ് മെമ്പർമാർ/കൗൺസിലർമാർ നേതൃത്വം നൽകണം. വാർഡ് തലത്തിൽ വായനശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, യുവജനസംഘടനകൾ, മഹിളാസംഘടനകൾ, കുടുംബശ്രീ, സ്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ സ്ഥാപന പ്രതിനിധികൾ, ഗ്രാമ/നഗര തല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള 'വാർഡ്തല ശുചിത്വ കൂട്ടായ്മ'യിൽ വച്ചാവണം പ്രവർത്തനങ്ങളുടെ ആസൂത്രണം. ഏപ്രിൽ–മെയ്മാസങ്ങളിൽ എല്ലാ വാർഡ്തല ശുചിത്വ കൂട്ടായ്മകളും സംഘടിപ്പിക്കേണ്ടതാണ്.

2. **ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം**

വാർഡ്തലത്തിലെ ശുചിത്വകൂട്ടായ്മയിൽ വച്ച് ശുചിത്വസ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. വാർഡിന്റെ വിസ്തൃതിയും, വീടുകളുടെ എണ്ണവും അടിസ്ഥാനപ്പെടുത്തി സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കാം. സ്ക്വാഡിന്റെ നേതൃത്വം ജനപ്രതിനിധി, എ.ഡി.എസ് അംഗങ്ങൾ, ആശാവർക്കർ എന്നിവരിലൊരാൾക്കായിരിക്കണം

ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ:–

- ഭവന സന്ദർശനത്തിലൂടെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും അവയുടെ പ്രാധാന്യവും ബോധ്യപ്പെടുത്തുക.
- സ്ഥാപനങ്ങൾ (സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ) സന്ദർശിച്ച് ശുചീകരണ ബോധവൽക്കരണം നൽകുക.
- ഉറവിട മാലിന്യ സംസ്കരണ നടപടികൾ പ്രചരിപ്പിക്കുക.
- ആഴ്ചയിൽ ഒരു ദിവസം 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശിക്കുകയും ആവശ്യകതയെകുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുക.
- കൊതുകുകളുടെ ഉറവിടങ്ങൾ ഉണങ്ങിയ ഉറവിടങ്ങൾ ഉൾപ്പെടെ നശിപ്പിക്കുക.
- പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.
- ശുചിത്വ മാപ്പിംഗ് നടത്തുക, റിപ്പോർട്ട് തയ്യാറാക്കുക.
- മഴക്കാല പൂർവ്വ ശുചീകരണ സന്ദേശങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്യുക.
- ശുചിത്വ സ്ക്വാഡുകൾക്ക് നേതൃത്വം വഹിക്കുന്നവർ ആഴ്ചയിലൊരിക്കൽ പ്രവർത്തന പുരോഗതി വിലയിരുത്തുക.
- കൊതുകുകളുടെ പ്രധാന ഉറവിടങ്ങൾ കണ്ടുപിടിക്കുക

- ബഹുനില കെട്ടിടങ്ങൾ പണിയുന്നിടത്തും പുതുക്കി പണിയൽ നടത്തുന്ന സ്ഥാപന ങ്ങളും സന്ദർശിച്ച് കൊതുക്, എലി, തുടങ്ങിയവ പെരുകാനുള്ള സാഹചര്യങ്ങൾ പരി ശോധിക്കുക
- തോട്ടം മേഖലകൾ, ചേരി/ട്രൈബൽ കോളനികൾ/അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുക.

3. വാർഡ്തല ശുചിത്വ മാപ്പിംഗ്

സംസ്ഥാനത്തെ എല്ലാ നഗര/ഗ്രാമ വാർഡിലും മാലിന്യ പ്രശ്നങ്ങൾ ഉള്ളതും വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നതിന് സാധ്യതയുള്ളതുമായ സ്ഥലങ്ങൾ, ഓടകൾ നന്നായി പരിപാലിക്കാത്ത പ്രദേശങ്ങൾ, സ്ഥാപനത്തിൽ നിന്നും വീടുകളിൽ നിന്നും മലിന ജലം പൊതുഓടയിലേയ്ക്ക് തുറന്ന് വിടുന്ന പ്രശ്നങ്ങൾ, കുറ്റിച്ചെടികൾ വളർന്ന് കൊതുകിന് വളരുന്നതിനുള്ള സാഹചര്യങ്ങൾ, പ്ളാസ്റ്റിക്കും മറ്റ് ദ്രവിക്കാത്ത മാലിന്യങ്ങളും വലിച്ചെറിയുന്നതിന്റെ പ്രശ്നങ്ങൾ, വെള്ളം കെട്ടി നിൽക്കുന്ന ടാങ്കുകൾ, വൃത്തിയില്ലാത്ത വീടും പരിസരവും, കെട്ടിട നിർമ്മാണ സ്ഥലങ്ങൾ, റബർതോട്ടങ്ങൾ, വർക്ക്ഷോപ്പുകൾ മുതലാ യവ കണ്ടെത്തി രേഖപ്പെടുത്തുകയാണ് ശുചിത്വമാപ്പിംഗിന്റെ ലക്ഷ്യം. ശുചിത്വ സ്കാഡുകൾ നേരിട്ട് അപകടകരമായ സ്ഥലങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കണം. ഈ റിപ്പോർട്ടുകൾ ഏകോപിപ്പിച്ച് വാർഡ് തല ശുചിത്വ റിപ്പോർട്ട് തയ്യാറാക്കും. നഗര/ഗ്രാമ തലത്തിൽ ക്രോഡീ കരിക്കുന്നതിന് വേണ്ടി നഗരസഭ/ഗ്രാമപഞ്ചായത്ത് തലത്തിൽ ഹെൽത്ത് സൂപ്പർവൈ സർ/ഹെൽത്ത് ഇൻസ്പെക്ടർ/വി.ഇ.ഒ എന്നീ ഉദ്യോഗസ്ഥരെ കൺവീനറാക്കി മൂന്നംഗ കമ്മറ്റിയെ ചുമതലപ്പെടുത്തണം.

4. പഞ്ചായത്ത് /നഗരസഭാ തല കർമ്മ പരിപാടി

പഞ്ചായത്ത്/നഗരസഭതല റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക പഞ്ചായത്ത്/നഗരസഭ സമിതി വിളിച്ചു ചേർക്കുക. കർമ്മ പരിപാടിയിൽ താഴെ പറയുന്ന വിഷയങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

- റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ
- തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- നിശ്ചിത മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനുള്ള നടപടികൾ. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണവും, സംസ്കരണ നടപടികളും
- കുറ്റിച്ചെടിയും, കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങളും മറ്റും മാറ്റൽ

- കൊതുക്, എലി, മറ്റ് മൃഗങ്ങൾ തുടങ്ങിയവ വഴി ഉണ്ടാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ
- ഉറവിട മാലിന്യ സംസ്കരണവും, സംയോജിത മാലിന്യസംസ്കരണ പദ്ധതികളും തയ്യാറാക്കൽ
- പ്രോജക്ടുകൾ നിർണ്ണയിച്ച് ഫണ്ട് വകയിരുത്തി കർമ്മപദ്ധതി അംഗീകരിക്കുക.
- നിർവ്വഹണ ഏജൻസികളെ നിശ്ചയിക്കുക.
- കൊതുകിന്റെ ഉറവിട നശീകരണം/ഡ്രൈഡേ ആചരണം
- കൊതുക് പെരുകാൻ സാഹചര്യം ഉള്ള സ്ഥാപനങ്ങൾ
- പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ നിരീക്ഷണം, നിയന്ത്രണം
- ജലദൗർലഭ്യമുള്ളിടത്ത് ശരിയായ ജലസംഭരണം, ജലവിതരണം
- ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി

5. 'ഡ്രൈഡേ' സന്ദേശം എല്ലാ വീടുകളിലേക്കും

'ഡ്രൈഡേ' സന്ദേശം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുന്നതിന് പഞ്ചായത്ത്/മുൻസിപ്പൽ വാർഡ് അംഗങ്ങൾ, മറ്റ് വകുപ്പുകളിലെ ഗ്രാമതല ഉദ്യോഗസ്ഥർ, ആശ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ടീമുകൾ രൂപീകരിച്ച് ചുമതല നൽകുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പുരോഗതി പരിശോധിക്കുകയും ചെയ്യുക.

6. ബോധവൽക്കരണ പ്രവർത്തനങ്ങൾ

ഓരോ വാർഡിലും ഗാർഹികതലത്തിലും സ്ഥാപനതലത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

6.1 ഗാർഹിക തലം

6.1.1 ശുചിത്വാരോഗ്യ പ്രവർത്തനങ്ങളിൽ വീടും പരിസരവും മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത ഓരോ വീട്ടുകാരെയും ബോധ്യപ്പെടുത്തുന്നതിനും അത് അവരുടെ ഉത്തരവാദിത്വമാക്കി മാറ്റുന്നതിനുമുള്ള ഇടപെടലുകൾ ഉണ്ടാവണം. ജൈവ-അജൈവ മാലിന്യങ്ങളും പുനഃചംക്രമണം സാധിക്കുന്നവയും സാധിക്കാത്തവയും അപകടകരമായവയും കണ്ടെത്തി വേർതിരിച്ച് പരിപാലിക്കുന്നതിന് ഓരോ കുടുംബവും ശ്രദ്ധിക്കേണ്ടതുണ്ട്. വീടുകളിലും പുരയിടങ്ങളിലും ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത് ഉടമസ്ഥന്റെ ചുമതലയാണെങ്കിലും സാമൂഹ്യമേൽനോട്ടം ആവശ്യമാണ്. ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങളിൽ (മൺകല കമ്പോസ്റ്റിംഗ്, പൂച്ചെട്ടി കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഭരണി കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, മോസ്പിറ്റ്, ബയോ പെഡസ്റ്റൽ കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ) ഏതെങ്കിലും ഉപയോഗിക്കുവാൻ നിർദ്ദേശം

നൽകണം. ഇവയോടനുബന്ധിച്ച് ജലം കെട്ടിനിന്ന് കൊതുക് പെരുകാതെ സൂക്ഷിക്കണം

6.1.2 താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാവണം ഗാർഹിക തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- വീടിന് അനുബന്ധമായുള്ള പുരയിടത്തിൽ ഉപേക്ഷിക്കപ്പെട്ട ചിരട്ട, ടിന്ന്, മുട്ടത്തോട്, തൊണ്ട്, ടയർ, പ്ലാസ്റ്റിക് കൂട്, പ്ലാസ്റ്റിക് കപ്പ്, പ്ലാസ്റ്റിക് ഷീറ്റ്, ഉടഞ്ഞ ഗ്ലാസ്, കുപ്പികൾ, കുപ്പിയുടെ അടപ്പുകൾ എന്നിവ ഉൾപ്പെടെ വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും
- മേൽപ്പറഞ്ഞ ഉറവിടങ്ങളിലെ ജലം വറ്റി ഉണങ്ങിക്കിടക്കുകയാണെങ്കിലും അപകടകാരികളായതിനാൽ ഉണങ്ങിയ ഉറവിടങ്ങളുടെ നിർമ്മാർജ്ജനം പ്രധാന മാണ്.
- അടുക്കള, കുളിമുറി, കിണറ്റിൻകര എന്നിവിടങ്ങളിൽ നിന്നും ഒഴുകി വരുന്ന ജലം കെട്ടിനിൽക്കുന്നില്ലെന്നും പൊതു ഓടകളിലേയ്ക്ക് ഒഴുക്കി വിടുന്നി ല്ലെന്നും ഉറപ്പാക്കുക.
- വെള്ളം കോരാത്തതും മോട്ടോർ സ്ഥാപിച്ചിട്ടുള്ളതുമായ കിണറുകളിൽ വെള്ള ത്തിന്റെ മുകൾത്തട്ട് ചലിക്കാത്തതുകൊണ്ട് കൊതുക് വളരാൻ ഇടയാകും. ഇവയിൽ ക്ലോറിനേറ്റ് ചെയ്യുകയോ ഗപ്പി മത്സ്യം വളർത്തുകയോ, കൊതുകു കടക്കാത്തവിധം വലകൊണ്ട് മൂടുകയോ വേണം. മലിനജലം മാത്രമല്ല ശുദ്ധജ ലവും കെട്ടികിടക്കാനിടയാകുന്നത് അപകടകരമാണെന്ന് ശ്രദ്ധയിൽപെടുത്തുക.
- ജലദൗർലഭ്യമുള്ളിടത്ത് ടാങ്കുകളിലും പാത്രങ്ങളിലും സംഭരിച്ച് സൂക്ഷിച്ചിരി ക്കുന്ന ജലം കൊതുകുകടക്കാത്തവിധം ഭദ്രമായി അടച്ചുസൂക്ഷിക്കുകയോ മറ്റ് മുൻകരുതലുകൾ സ്വീകരിക്കുകയോ വേണം
- ചെടിച്ചട്ടി, ചെടിച്ചട്ടിക്കടിയിലെ ട്രേ, എയർ കൂളർ, റഫ്രിജറേറ്ററിന് അടിവശം എന്നിവിടങ്ങളിൽ കൊതുക് മുട്ടയിട്ട് വളരാൻ സാഹചര്യമില്ലെന്ന് ഉറപ്പാക്കുക.
- കോൺക്രീറ്റ് വീടുകളിൽ ടെറസിലും കൈവരിക്കുള്ളിലും ചപ്പുചവറുകൾ ഇല്ലെന്നും മഴവെള്ളം സുഗമമായി ഒഴുകിപ്പോകുന്നുഎന്നും ഉറപ്പാക്കുക.
- മാലിന്യങ്ങളും അഴുക്കുവെള്ളവും ഒഴിവാക്കുക.
- (ഡ്രൈ ഡേ) എല്ലാ ഞായറാഴ്ചയും വീടുകളിൽ ആചരിക്കാൻ.
- ഗാർഹിക മാലിന്യങ്ങളുടെ തരംതിരിക്കൽ, ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണം ഉറപ്പാക്കൽ, ജൈവമാലിന്യത്തിൽ നിന്നും ജൈവവളം ഉത്പാദനം.

6.1.3 ശുചിത്വ സ്കാഡുകൾ ഭവന സന്ദർശനം നടത്തുമ്പോൾ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ സന്ദേശം ഓരോ കുടുംബത്തിലും എത്തിക്കേണ്ടതാണ്. തുടർന്ന് മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് ആശാ വർക്കേഴ്സ്, കുടുംബശ്രീ, ഹെൽത്ത് വോളന്റിയേഴ്സ്, യൂത്ത് കോ-ഓർഡിനേറ്റർ, എസ്.സി/എസ്.ടി പ്രമോട്ടർ, സന്നദ്ധസംഘടനാ പ്രതിനിധികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി ടീമുകൾ രൂപീകരിക്കുകയും ഓരോ ടീമും സന്ദർശിക്കേണ്ട വീടുകൾ നിശ്ചയിച്ച് നിർദ്ദേശം നൽകുകയും വേണം. ഈ ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിക്കായിരിക്കും. ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരും പ്രവർത്തകരും ആരൊക്കെയാണെന്ന് പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും അവരുടെ സേവനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

6.1.4 ടീമംഗങ്ങൾ ഓരോ വീടും സന്ദർശിച്ച് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള വസ്തുക്കളും സ്ഥലങ്ങളും കാണിച്ചുകൊടുക്കണം. ഇതിലൂടെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിച്ച് ജൈവവളമാക്കാമെന്നും അത് സ്വന്തം പറമ്പിലെ പച്ചക്കറി കൃഷിക്ക്/ഉദ്യാന കൃഷിക്ക് വളമാക്കി മാറ്റാമെന്നുമുള്ള അവബോധം സൃഷ്ടിക്കുകയായിരിക്കണം ഗൃഹസന്ദർശനത്തിന്റെ ലക്ഷ്യം. മൺസൂൺ ആരംഭിക്കുന്നതിന് മുമ്പും മഴക്കാലം ആരംഭിച്ച് അഞ്ച് ദിവസം കഴിയുമ്പോഴും തുടർന്ന് ആഴ്ചയിലൊരിക്കലും ടീമംഗങ്ങൾ ഭവന സന്ദർശനം നടത്തണം.

61.5 കൂടുതൽ ആളുകൾ ഒത്തുചേരുന്ന താഴെപ്പറയുന്ന വേദികൾ ബോധവൽക്കരണ സന്ദേശം എത്തിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

- കുടുംബശ്രീയുടെ അയൽക്കൂട്ട യോഗങ്ങൾ
- കുടുംബശ്രീയുടെ ബാലസഭാ യോഗങ്ങൾ
- അംഗണവാടികളിലെ മദേഴ്സ് കമ്മിറ്റി യോഗങ്ങൾ
- എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ് മുതലായവ
- തൊഴിലുറപ്പ് പദ്ധതി പ്രദേശം.
- റസിഡന്റ്സ് അസോസിയേഷൻ യോഗങ്ങൾ
- സ്കൂൾ പി.റ്റി.എ കമ്മറ്റികൾ
- ഉത്സവവുമായി ബന്ധപ്പെട്ട കൂട്ടങ്ങൾ

6.2 സ്ഥാപനതലം

6.2.1 സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും മാലിന്യമുക്തമാക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം അത്തരം സ്ഥാപനങ്ങളുടെ ചുമതല വഹിക്കു

ന്നവർക്കാണ്. സ്ഥാപനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പാഴ്വസ്തുക്കൾ പരിസരത്ത് കൂട്ടിയിടുന്നത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത്തരം കാര്യങ്ങൾ സ്ഥാപന മേധാവികളുടെ യോഗം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ/ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത് ബോധ്യപ്പെടുത്തണം. ഇപ്രകാരം യോഗം വിളിച്ചു ചേർക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

6.2.2 ഗാർഹിക തലത്തിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സ്ഥാപനങ്ങളിലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. അതിന് സാമൂഹ്യപ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാല – കലാസമിതി പ്രവർത്തകർ, തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ശുചീകരണ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കണം. കമ്മിറ്റിയംഗങ്ങൾ ആഴ്ചയിലൊരിക്കൽ സ്ഥാപന പരിസരം സന്ദർശിക്കേണ്ടതും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുന്ന രീതിയിൽ സംവിധാനം ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

6.2.3 സർക്കാർ/സ്വകാര്യ ആശുപത്രികൾ അവരുടെ സ്ഥാപനത്തിന് പുറമേ പരിസര പ്രദേശങ്ങളിൽ കൂടി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ പ്രേരിപ്പിക്കേണ്ടതാണ്.

7. മറ്റ് പ്രവർത്തനങ്ങൾ

മേൽപ്രതിപാദിച്ച പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ലഘുലേഖകൾ, ബാനറുകൾ, മൈക്ക് അനൗൺസ്മെന്റുകൾ, റോഡ് ഷോകൾ നവീന സാങ്കേതിക വിദ്യകളായ എസ്.എം.എസ്, എഫ്.എം. റേഡിയോ സന്ദേശം, ഫോൺ കോളർ ടോൺ തുടങ്ങിയവ വിവര വിജ്ഞാന വ്യാപനത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

<u>ആസൂത്രണം</u>

തദ്ദേശസ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ട ഊർജിത രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതിയെ കൂടുതൽ കർമ്മോന്മുഖമാക്കേണ്ടതാണ്. വകുപ്പുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഏപ്രിൽ മാസം തന്നെ എല്ലാ ഗ്രാമ/നഗര പ്രദേശങ്ങളിലും വാർഡ് തല ആരോഗ്യ ശുചിത്വപോഷണ സമിതി ചേരണം. അവരിൽ നിന്നും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും വാർഡുതല കർമ്മപരിപാടി രൂപീകരണവും നടക്കണം. വാർഡ്തലകർമ്മപരിപാടികളെ പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപനഭരണസമിതിയുടെ അംഗീകാരം നേടി സമയബന്ധിതമായി പൂർത്തിയാക്കണം. ജില്ലാ, നഗരസഭാ, ബ്ളോക്ക്, ഗ്രാമ പഞ്ചായത്തുതലങ്ങളിലെ പ്രസിഡന്റ്/ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള രോഗ നിയന്ത്രണ സമിതികളുടെയും ഇന്റർസെക്ടൊറൽ സമിതികളുടേയും യോഗങ്ങളും നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം.

സംഘാടന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടേയും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയേയും കൺവീനറായി നിയമിക്കാവുന്നതാണ്.

പരിശീലനം

കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും അവയുടെ ഫലപ്രദമായ നടത്തിപ്പിനും ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പരിശീലനം നൽകേണ്ടതാണ്.

സംസ്ഥാനതല നേതൃത്വ പരിശീലനം: ഓരോ ജില്ലയിൽ നിന്നും എ.ഡി.സി (ജനറൽ) യെ കൂടാതെ ആരോഗ്യവകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) പൊതുജനാരോഗ്യ ടീം, എസ്.എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ, ജില്ലാ ശുചിത്വ മിഷൻ, നഗരസഭാ ഹെൽത്ത് ഓഫീസർ എന്നിവരുടെ പ്രതിനിധി ഉൾപ്പെടുന്ന 7 പേരുടെ ടീമിന് പരിശീലനം.

ജില്ലാതല നേതൃത്വ പരിശീലനം

ജില്ലാ മിഷൻ കോർഡിനേറ്റർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കൂടാതെ ബ്ലോക്കിൽ നിന്നും ആരോഗ്യവകുപ്പ്, എസ്. എസ്.എ. റിസോഴ്സ് ഗ്രൂപ്പ്, കുടുംബശ്രീ, നഗരസഭാ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ എന്നിവരുടെ പ്രതിനിധി അടങ്ങുന്ന 5 പേരുടെ ടീമിന് ഓരോ ബ്ലോക്കിലും പരിശീലനം.

ബ്ലോക്ക്/ നഗരസഭ തല പരിശീലനം

വാർഡ്തലത്തിൽ നിന്നും 2 പേർ (സാനിട്ടേഷൻ സമിതി കൺവീനർ/ ഉദ്യോഗസ്ഥപ്രതിനിധി, വാർഡുതലത്തിൽ നേതൃത്വം കൊടുക്കുന്ന ജനപ്രതിനിധി), ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അഗ്രികൾച്ചറൽ ഓഫീസർ, വി.ഇ.ഒ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് പരിശീലനം. ഓരോ നഗരസഭാതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയും കുടുംബശ്രീ പ്രവർത്തകരേയും ഉൾപ്പെടുത്തി പ്രത്യേകം പരിശീലനം. പരിശീലനത്തിന് അംഗസംഖ്യ കൂടുന്ന സാഹചര്യത്തിൽ ബാച്ചുകളുടെ എണ്ണം കൂട്ടി ഒരേ ദിവസം തന്നെ പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.

ഏകോപനം

പഞ്ചായത്ത്തലത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ അദ്ധ്യക്ഷനും മെഡിക്കൽ ഓഫീസർ കൺവീനറായും, മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിൽ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ അധ്യക്ഷനും ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കോ-ചെയർമാനായും മെഡിക്കൽ ഓഫീസർ കൺവീനറായും വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി ഏകോപനചുമതല നിർവ്വഹിക്കണം. സന്നദ്ധ പ്രവർത്തകരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള അധികാരം അതാത് തദ്ദേശഭരണസ്ഥാപനത്തിനുണ്ട്. വാർഡ്തല സമിതികളും ഈയടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കണം.

മോണിറ്ററിംഗ്

വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും അവലോകന സമിതിയുടെ യോഗം ആഴ്ചയിലൊരിക്കൽ ചേരണം. ജില്ലാ ആസൂത്രണ സമിതി ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്ക് തുടർച്ചയായി സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുകയും വേണം.

വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ

1. **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ**
   - മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ആസൂത്രണം, നിർവ്വഹണം, അവലോകന നേതൃത്വം.
   - വാർഡ്തലം മുതൽ സംസ്ഥാന തലം വരെ അവലോകന സമിതികൾ ആവശ്യാനുസരണം യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുക.
   - ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങൾക്കും പ്രത്യേകതകൾക്കും അനുയോജ്യമായ ആരോഗ്യ കർമ്മ പദ്ധതികൾ തയ്യാറാക്കുകയും സമയ ബന്ധിതമായി ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുകയും ചെയ്യുക.
   - ഗ്രാമീണ മേഖലയിൽ മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും പട്ടണപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിൽ പദ്ധതിയിലും ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച ശുപാർശകൾ നടപ്പിലാക്കണം.
   - വാർഡ് തലത്തിൽ ആശ, സന്നദ്ധ പ്രവർത്തകർ, തൊഴിലാളികൾ തുടങ്ങിയവരെ നിയോഗിച്ച് പ്രതിരോധ, നിയന്ത്രണ പ്രവർത്തനത്തിന് വഴിയൊരുക്കുക, സ്കാഡുകൾ രൂപീകരിക്കുക.
   - തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ആരോഗ്യ വിഭാഗം ജീവനക്കാരെയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക
   - ബോധവത്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
   - ദേശീയ ഗ്രാമീണ തൊഴിലുറപ്പ്/അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലാളികൾക്ക് എലിപ്പനി തുടങ്ങിയവക്കെതിരായി മുൻകരുതൽ നടപടി സ്വീകരിക്കുക.
   - ഡ്രൈഡേ ആചരണം വീടുകളിൽ മാത്രമല്ല സ്ഥാപനങ്ങൾ, പ്ളാന്റേഷനുകൾ, നിർമ്മാണ മേഖലകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിലും നടക്കുന്നുവെന്ന് ഉറപ്പാക്കുക

- തദ്ദേശസ്വയംഭരണ സ്ഥാപനതല സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കുക.
- ശുദ്ധജല ദൗർലഭ്യം പരിഹരിക്കുക
- പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് ആക്ട് തുടങ്ങിയവുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുക.
- വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ കർമ്മോൻമുഖമാക്കുക.

2. **ആരോഗ്യ വകുപ്പിന്റെ പങ്ക്**
   - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുവാനും നടപ്പിലാക്കുവാനും വേണ്ട സാങ്കേതിക, ശാസ്ത്രീയ അവബോധം നൽകുക, നടപ്പിലാക്കാൻ സഹകരിക്കുക
   - രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം തുടങ്ങിയവ നിരന്തരമായി നടത്തി ഇവ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ വിശലകലനം ചെയ്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത മുൻകൂട്ടി കണ്ടുപിടിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ
   - അംഗീകൃത ചികിത്സ മാർഗ്ഗരേഖകൾ ഉപയോഗിച്ച് രോഗചികിത്സയും പരിചരണവും
   - രോഗം പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മസേന ഇടപെട്ട് കാര്യകാരണ വിശകലനം നടത്തി രോഗനിയന്ത്രണം സാധ്യമാക്കൽ
   - പകർച്ചവ്യാധികൾ കൂടുതലുള്ള സീസണിൽ പനിവാർഡ്, ഔട്ട്റീച്ച്ക്ലീനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കൽ
   - ഹൈറിസ്ക് പ്രദേശങ്ങളിൽ പ്രത്യേക കർമ്മപരിപാടികൾ
   - ആവശ്യാനുസരണം മരുന്ന്, മാനവശേഷി, ഫണ്ട്, പരിശോധനാ കിറ്റുകൾ, സാധന സാമഗ്രികൾ, ഉപകരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ
   - മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് നിയന്ത്രണം, ജലശുദ്ധീകരണം പ്രതിവാര ഡ്രൈ ഡേ ഒബ്സർവേഷൻ തുടങ്ങിയവയ്ക്ക് ഇതരവകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ ക്യാംപെയിനുകൾ സംഘടിപ്പിക്കുക, ഫീൽഡ്തല സ്കാഡുകൾ രൂപീകരിക്കുക, കർമ്മപരിപാടിയിൽ പങ്കാളിയാകുക.
     - ❖ ഈഡിസ് കൊതുക് നിയന്ത്രണത്തിന് പ്രധാന ഉറവിടം കണ്ടെത്തൽ
     - ❖ തോട്ടം മേഖലയിൽ ഉറവിട നശീകരണത്തിന് കർമ്മപരിപാടി
     - ❖ ജല ദൗർലഭ്യം ഉള്ളിടത്തും ഹൈറിസ്ക് പ്രദേശങ്ങളിലും കർമ്മപരിപാടി
     - ❖ ജൂൺ, ജൂലായ്, ആഗസ്റ്റ് – പ്രതിവാര ഡ്രൈഡേ ഒബ്സർവേഷൻ
       - ➢ വെള്ളിയാഴ്ച സ്കൂളുകളിൽ

- ശനിയാഴ്ച – ഓഫീസിൽ
- ഞായറാഴ്ച – വീടുകളിലും, പൊതുസ്ഥലങ്ങളിലും

❖ വിദ്യാർത്ഥികൾക്ക് പ്രത്യേകപരിപാടികൾ, മത്സരങ്ങൾ

❖ മലമ്പനി, ഡെങ്കിപ്പനി വിരുദ്ധമാസാചരണങ്ങൾ

- രോഗം പടരുന്ന സാഹചര്യങ്ങൾ മുൻകൂട്ടി കാണാൻ ഫീൽഡ്തല സന്ദർശനങ്ങൾ
- ഫീൽഡ്തല പ്രവർത്തനങ്ങൾ, ക്രോസ് ചെക്കിംഗ്, മേൽനോട്ടം, വിലയിരുത്തൽ
- വാർഡ്തല ആരോഗ്യ, ശുചിത്വ പോഷണ സമിതികളുടേയും വിവിധ തലങ്ങളിൽ (സംസ്ഥാനം മുതൽ പഞ്ചായത്ത് വരെ) ഉള്ള രോഗനിയന്ത്രണ/അവലോകന സമിതിക ളുടേയും യോഗങ്ങൾ യഥാസമയം സംഘടിപ്പിക്കൽ
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പകർച്ചവ്യാധി പ്രതിരോധം സഫലമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം നടത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും, സന്നദ്ധപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും മറ്റു ള്ളവർക്കും ആവശ്യമായ ബോധവൽക്കരണവും പരിശീലനവും നൽകുക
- അതിന് ആവശ്യമായ ബോധവൽക്കരണ ഉപാധികളും സാമഗ്രികളും തയ്യാറാക്കി ലഭ്യ മാക്കുക. ഉദാ: കൈപുസ്തകം
- രോഗം പകരുന്നതിന് സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നടപടികൾക്ക് നോട്ടീസ് നൽകൽ

3. **വിദ്യാഭ്യാസ വകുപ്പ്**

- ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ആവിഷ്ക്കരിക്കുന്ന പ്രവർത്തനങ്ങൾ നട പ്പിലാക്കാനുള്ള തന്ത്രങ്ങൾ സംയുക്തമായി ആലോചിച്ച് രൂപപ്പെടുത്തി നടപ്പിലാക്കുക.
- ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, എസ്. എസ്.എ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി പരിശീലകർ എന്നി വരുടെ യോഗം വിളിച്ചു ചേർത്ത് മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിനെ കുറിച്ച് അവബോധം നൽകുക. സ്കൂൾ തലത്തിൽ മാലിന്യ പരിപാലനം അടക്കമുള്ള ശുചിത്വാരോഗ്യ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കുക.
- വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡ്, മറ്റു പൊതുസ്ഥാപന ങ്ങൾ, എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനു സ്കൂൾ കുട്ടികളുടെയും, അധ്യാപകരുടെയും സ്കൂൾ തല സംഘടനകളുടേയും പങ്കാളിത്തം ഉറപ്പാക്കുക. നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുക. മാലി ന്യത്തിൽ നിന്നുള്ള ജൈവവളം ഉപയോഗിച്ച് ജൈവകൃഷി നടത്തുവാൻ സ്കൂൾ കുട്ടി കൾ വഴി കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക

- ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ മഴക്കാലപൂർവ്വ ശുചിത്വ ആരോഗ്യ കാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- ക്ലീൻ ആന്റ് ഹെൽത്തി ഹോം എന്ന നിലവാരത്തിലേക്ക് വീടിനേയും, വിദ്യാലയത്തേയും ഉയർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹകരണം നൽകുക.
- വിദ്യാലയത്തിൽ ശുദ്ധ ജലലഭ്യത, ആവശ്യത്തിന് സാനിട്ടറി ടോയ്ലറ്റ് ലഭ്യത തുടങ്ങിയവ ഉപ്പാക്കുക
- അധ്യാപകരേയും വിദ്യാർത്ഥികളേയും സ്വന്തം വാർഡ് തല പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ പ്രേരിപ്പിക്കുക.
- പകർച്ച വ്യാധികൾ, മാലിന്യ സംസ്കരണം, ജൈവിക നിയന്ത്രണം, ജൈവകൃഷി എന്നിവ സംബന്ധിച്ച ലഘു പ്രോജക്ടുകൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുക.
- വിദ്യാലയത്തിൽ പകർച്ച വ്യാധികൾ ഉണ്ടാകുകയാണെങ്കിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെടുക

4. **കൃഷിവകുപ്പ്**

- രോഗ പ്രതിരോധ നിയന്ത്രണ കാര്യങ്ങളെക്കുറിച്ച് കർഷകർക്കിടയിലും ക്ഷീര കർഷകർക്കിടയിലും അവബോധമുണ്ടാക്കുക.
- കൃഷി ഓഫീസുകളും പാൽസൊസൈറ്റികളും വഴി ജന്തു ജന്യ രോഗമായ എലിപ്പനിയുടെ പ്രതിരോധത്തിന് ഊന്നൽ നൽകുക.
- കുഴി കംപോസ്റ്റിംഗ്, മണ്ണിര കംപോസ്റ്റിംഗ്, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങിയ മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രചരിപ്പിക്കുക, കർഷകർക്കും, കുടുംബശ്രീ പ്രവർത്തകർക്കും വേണ്ടി ഓർഗാനിക് ഫാമിങ് പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- കൊതുകുകൾക്കെതിരെ കീടനാശിനികൾ തളിക്കാൻ സ്പ്രേയർ ലഭ്യമാക്കുക
- തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, നഴ്സറികൾ, മഴക്കുഴികൾ, മഴവെള്ള സംഭരണികൾ, ടാങ്കുകൾ തുടങ്ങിയവയിൽ കൊതുകുകൾ പെരുകുന്നില്ല എന്ന് ഉറപ്പ് വരുത്തുക
- എലി നശീകരണം, എലിമട നിർമ്മാർജ്ജനം.
- തൊഴിലാളികളും കർഷകരും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക
- കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുക.

5. **സാമൂഹ്യനീതി വകുപ്പ്**

- ഗൃഹ സന്ദർശനവും സ്ഥാപന സന്ദർശനവും നടത്തുവാൻ ആവശ്യമായ അംഗണവാടി ടീച്ചർ, ഹെൽപ്പർ തുടങ്ങിയവരെയും വോളണ്ടിയർമാരായും സൂപ്പർ വൈസർമാരായും നിയോഗിക്കുക
- സന്നദ്ധ പ്രവർത്തകർ വഴി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നത് അവലോകനം ചെയ്യുക
- ക്ലാസുകളും, ബോധവത്കരണവും നടത്തുക
- അംഗണവാടികളിലും, മറ്റ് സ്ഥാപനങ്ങളിലും കൊതുക്, ഈച്ച, എലി, തുടങ്ങിയവയുടെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തുക
- അങ്കണവാടികളിൽ സൃഷ്ടിക്കേണ്ട ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച പ്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുക

6. മൃഗസംരക്ഷണം

- എലിപ്പനി പ്രതിരോധത്തിനാവശ്യമായ ബോധവത്കരണം ക്ഷീരകർഷകർക്ക് പാൽ സൊസൈറ്റിയും മൃഗാശുപത്രിയും ഡിസ്പെൻസറിയും വഴി നൽകുക
- മൃഗങ്ങൾക്ക് ആവശ്യമായ വാക്സിനേഷൻ നൽകുക
- എലിപ്പനിക്ക് കാരണമാകുന്ന ജന്തുക്കളെപ്പറ്റി പഠനം നടത്തുക
- എലികൾ, പന്നികൾ, ജലപക്ഷികൾ തുടങ്ങിയവയെ സൂക്ഷ്മ നിരീക്ഷണം നടത്തുക
- മൃഗങ്ങളിൽ നിന്നും രോഗം പകരാൻ കൂടുതൽ സാധ്യതയുളളവർക്ക് പ്രതിരോധ വാക്സിനേഷൻ നൽകുക
- ചെക്ക് പോസ്റ്റുകളിൽ അവശ്യഘട്ടങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിക്കുക
- കശാപ്പുശാലകൾ ശാസ്ത്രീയവും ആധുനികവുമാക്കുക, ലൈസൻസ് നിർബന്ധമാക്കുക

7. നഗരകാര്യം

- കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും രോഗനിയന്ത്രണ അവലോകന സമിതികൾ യോഗം ചേരുക. രോഗ പ്രതിരോധ നിയന്ത്രണ നടപടി സ്വീകരിക്കുക
- പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് സമഗ്ര മാലിന്യ നിർമ്മാർജ്ജന ശുചിത്വാരോഗ്യ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക
- കോർപറേഷനിലേയും മുനിസിപ്പാലിറ്റികളിലേയും ആരോഗ്യ വിഭാഗം ഫീൽഡു ജീവനക്കാരെ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. മാനവശേഷി കുറവുളള സ്ഥലങ്ങളിൽ ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരെ താത്കാലികാടിസ്ഥാനത്തിൽ നിയോഗിക്കുക. നഗര പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ് ജീവനക്കാരുമൊത്ത് സംയുക്തമായി പ്രവർത്തിക്കുവാൻ സാഹചര്യമൊരുക്കുക.

- ഒരു വ്യക്തിയും സ്ഥാപനവും പകർച്ച വ്യാധിയുണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം, ആവശ്യമെങ്കിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുക
- കെട്ടിട നിർമ്മാണം, റോഡു നിർമ്മാണം, പൊതു മരാമത്തുകൾ, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്ക് പകർച്ചവ്യാധി പ്രതിരോധിക്കുവാൻ ഉതകുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കുക
- മഴയില്ലാത്ത സമയത്ത് അവശേഷിക്കുന്ന കൊതുകു ഉറവിടങ്ങളെ കണ്ടുപിടിച്ച് ഇല്ലായ്മ ചെയ്യുക, ഉണങ്ങിയ ഉറവിടമാലിന്യങ്ങൾ ഉചിതമായി നീക്കം ചെയ്യുകഭ നിര ത്തുകളും ഓടകളും വൃത്തിയായി സൂക്ഷിക്കുക.

8. **പൊതുമരാമത്ത്, ഇറിഗേഷൻ**

- നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾ നടത്തുമ്പോഴും അതിന് ശേഷവും ഈച്ച, കൊതുക്, എലി തുടങ്ങിയവയുടെ വംശവർദ്ധനവിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തണം
- ഓടകളിൽ ജലം കെട്ടിനില്ക്കുന്നില്ല എന്ന് ഉറപ്പാക്കണം. മാലിന്യം കൊണ്ട് അടഞ്ഞു പോയ ഓടകളിലെ മാലിന്യം നീക്കുക
- കെട്ടിട നിർമ്മാണം നടക്കുന്നിടത്ത് കെട്ടിടത്തിനകത്തും പുറത്തും ജലം കെട്ടി നിൽക്കുന്നില്ല എന്ന് ഉറപ്പാക്കുക
- റോഡ്/കെട്ടിട നിർമ്മാണ സാധന സാമഗ്രികൾ കൊതുകിന്റെ ഉറവിടം ആകാതെ ശ്രദ്ധിക്കുക

9. **ജല അതോറിറ്റി / ജല വിഭവം**

- തുടർച്ചയായി ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക
- കുടിവെള്ളം രോഗാണു വിമുക്തമാക്കുക
- ജലവിതരണ കുഴലുകളുടെ അറ്റകുറ്റപണി നടത്തുക
- ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക
- ജല ദൗർലഭ്യമുളളിടത്ത് സംഭരിക്കപ്പെടുന്ന ജലം കൊതുകിന്റെ ഉറവിടമാകാതെ ശ്രദ്ധിക്കുക
- ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണ നിലവാരം ഉറപ്പാക്കുക

പ്രവർത്തന കലണ്ടർ

ക്രമ നം.	പ്രവർത്തനം	കാലഘട്ടം
1	സംസ്ഥാനതല ശില്പശാല	29.04.2015
2	ജില്ലാതല ശില്പശാലകൾ	04.05.2015-08.05.2015
3	തദ്ദേശസ്വയംഭരണ സ്ഥാപനതല ശില്പശാല	11.05.2015-13.05.2015
4	വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതി യോഗങ്ങൾ	15.05.2015-18.05.2015
5	വാർഡ്തല ശുചിത്വമാപ്പിംഗ് ദിനം	19.05.2015
6	വാർഡ്തല ശുചിത്വപദ്ധതി തയ്യാറാക്കലും, അംഗീകരിക്കലും	20.05.2015-22.05.2015
7	വാർഡ്തല പദ്ധതി പഞ്ചായത്ത് അംഗീകരിക്കൽ	26.05.2015
8	ഫീൽഡ്തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ	27.05.2015 മുതൽ

ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ

- ഫണ്ട് വിവിധ സ്രോതസുകളിൽ നിന്ന് പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾ ശേഖരിക്കുന്നു.
- വാർഡൊന്നിന് ലഭിക്കാവുന്ന തുക ശുചിത്വമിഷൻ - 10000/- രൂപ, (കോർപ്പറേഷൻ വാർഡുകൾക്ക് 20000/- രൂപ) എൻ.ആർ.എച്ച്.എം. - 10000/- രൂപ, തനത് ഫണ്ട് - 5000/- രൂപ
- ശുചിത്വമിഷന്റെ വിഹിതമായ 10000 രൂപ സർക്കാർ തീരുമാനപ്രകാരം പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾക്ക് കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരുന്നവർക്കു മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതുതട്ടിക്കഴിച്ചശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന NRHM വിഹിതത്തിനും തദ്ദേശഭരണവിഹിതത്തിനും ബാധകമായിരിക്കും. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു
- വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.
- ചെലവുകൾ പൂർണ്ണമായും വാർഡ്തല പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിലായിരിക്കണം

- വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ് തല പ്രവർത്തന രേഖ തയ്യാറാക്കണം
- വാർഡ്തല ശുചിത്വസമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം
- വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും, അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയതിനുശേഷം കമ്മറ്റി അംഗീകരിക്കേണ്ടതുമാണ്.
- പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മറ്റി അംഗീകരിച്ച പ്രവർത്തനരേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.
- പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം

8. **സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും, ശുചിത്വപ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ട താണ്, ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്ക് തന്നെ ആയിരിയ്ക്കു ന്നതുമാണ്. ചെലവ് സംബന്ധിച്ച വൗച്ചറുകൾ ക്യാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽ നിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മറ്റിയുടെ അംഗീകാര ത്തോടെ വിനിയോഗ സർട്ടീഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്.**

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
14 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

16 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
17 ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ
18 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
19 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
20 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21 മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
22 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
23 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
24 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
25 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
26 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
29 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
30 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
31 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
32 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
